പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 65

3.2.2020 ൽ
മറുപടി നൽകേണ്ടിയിരുന്നത്

കെ.എ.എസ്.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും

	ചോദ്യം		മറുപടി
	ശ്രീ. എം. ഉമ്മർ		പിണറായി വിജയൻ (മുഖ്യമന്ത്രി)
എ)	കെ.എ.എസ്. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം പി.എസ്.സി. സർക്കാരിനോട് ചട്ടങ്ങളിന്മേൽ വിശദീകരണം/ക്ലാരിഫിക്കേഷൻ ആരാഞ്ഞിട്ടുണ്ടോ; ആയതിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;	എ)	ഉണ്ട്. മറുപടി നൽകിയിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.
ബി)	സർക്കാരിന്റെ മറുപടി പ്രകാരം കെ.എ.എസ്.ന്റെ ഓരോ സ്ട്രീമിലും എത്ര അപേക്ഷകൾ നിരസിച്ചുവെന്നും ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;	ബി)	പ്രാഥമിക പരിശോധനയിൽ സ്ട്രീം 2 ൽ യോഗ്യതയില്ലാത്ത 1240 അപേക്ഷകളും സ്ട്രീം 3 ൽ 125 അപേക്ഷകളും നിരസിച്ചിട്ടുണ്ട്. സ്ട്രീം 1 ൽ അപേക്ഷകരുടെ ബാഹുല്യം കാരണം പ്രാഥമിക പരിശോധന ഒഴിവാക്കിയിട്ടുണ്ട്.
സി))	കെ.എ.എസ്.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും സംബന്ധിച്ച് ആരംഭിച്ച ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഫയലുകളുടെ അസ്സൽ പകർപ്പ് ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കാമോ;	സി)	കെ.എ.എസ്.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും സംബന്ധിച്ച 803512/എ.ആർ.12(1)/2016/ഉ.ഭ.പ.വ. നമ്പർ ഫയലിന്റെ അസ്സൽ പകർപ്പ് അടങ്ങിയ CD ഉള്ളടക്കം ചെയ്യുന്നു.
ഡി)	പരീക്ഷാ നടപടികൾ ആരംഭിക്കുന്നതിന് മുൻപേ ചട്ടത്തിൽ വ്യക്തത വരുത്തുന്നതിൽ പി.എസ്.സി.യുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; പരീക്ഷാ നടപടികൾ ആരംഭിച്ച ശേഷം പി.എസ്.സി. ചട്ടങ്ങളിൽ വ്യക്തത വരുത്തുന്നതിന് നിയമസാധുതയുണ്ടോ; വ്യക്തമാക്കുമോ;	ഡി)	ഇല്ല.

ഇ)	നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായാണോ പരിഗണിക്കുന്നതെന്ന് അറിയിക്കാമോ;	ഇ)	നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരെ പല കാര്യങ്ങൾക്കും സർക്കാർ ജീവനക്കാരായാണ് പരിഗണിക്കുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റ് ഒരു സർക്കാർ വകുപ്പല്ല.
എഫ്)	ഒരു വിഭാഗം സർക്കാർ ജീവനക്കാരെ സ്കീം 2-ൽ നിന്ന് മന:പൂർവ്വം ഒഴിവാക്കുന്നത് ഭരണഘടന ഉറപ്പു നൽകുന്ന തുല്യ അവസരം നിഷേധിക്കുകയാണോ; വിശദമാക്കുമോ;	എഫ്)	അല്ല.
ജി	ലോ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് സ്കീം 2 ൽ അപേക്ഷിക്കാമോ; ലോ സെക്രട്ടേറിയറ്റിൽ നിന്നും കെ.എ.എസ്. തസ്തികകൾ എടുക്കുന്നുണ്ടോ; വ്യക്തമാക്കുമോ?	ജി)	അപേക്ഷിക്കാം. ലോ സെക്രട്ടേറിയറ്റിൽ നിന്നും കെ.എ.എസ്. ലേയ്ക്ക് തസ്തികകൾ വകമാറ്റിയിട്ടില്ല.

സെക്ഷൻ ഓഫീസർ

File No.AR12-1/220/2019-PandARD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

21/11/2019,തിരുവനന്തപുരം

നം.എ.ആർ.12-1/220/2019/ഉ.ഭ.പ.വ.

ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - തടസ്സങ്ങൾ നീക്കികിട്ടുന്നത് - സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 12.11.2019 ലെ ജി.ആർ.I എ(3)205408/2019/GW നമ്പർ കത്ത്.
2) 29.12.2017 ലെ എസ്.ആർ.ഒ.861/17 നമ്പർ വിജ്ഞാപനം.
3) 11.7.2019 ലെ എസ്.ആർ.ഒ.464/19 നമ്പർ വിജ്ഞാപനം.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.എ.എസ്. പരീക്ഷ വിജ്ഞാപനത്തിന്റെ ഭാഗമായി അപേക്ഷകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉടലെടുത്ത ചില തടസ്സങ്ങൾ ഒഴിവാക്കുന്നതിന് മുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ താല്പര്യപ്പെടുന്നു.

1. കെ.എ.എസ്. വിജ്ഞാപനം പുറപ്പെടുവിച്ച ഘട്ടത്തിൽ വനിതാ - ശിശുക്ഷേമ വകുപ്പ് സാമൂഹ്യ നീതി വകുപ്പിന്റെ ഭാഗമായതിനാൽ പ്രസ്തുത വകുപ്പിനെ Schedule I ൽ ഉൾപ്പെട്ടതായി കണക്കാക്കി Stream 3 ൽ അപേക്ഷിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

2. സൂചന (2) പ്രകാരമുള്ള കെ.എ.എസ്. വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 – സ്ട്രീം 2 കോളം (3) ൽ (3) പ്രകാരം ഒരു സർക്കാർ വകുപ്പിൽ പ്രൊബേഷൻ declare ചെയ്ത് മറ്റൊരു വകുപ്പിൽ തസ്തികമാറ്റം വഴിയോ നേരിട്ടുള്ള നിയമനം മുഖേനയോ ഉദ്യോഗം ലഭിക്കുകയും പ്രസ്തുത തസ്തികയിൽ Approved probationer/Full member ആകാത്ത ജീവനക്കാർ സ്ട്രീം 2 ൽ അപേക്ഷിക്കുവാൻ യോഗ്യരാണ്. വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 – സ്ട്രീം 3 - കോളം (3) ൽ (3) പ്രകാരം സ്ട്രീം 3 ൽ അപേക്ഷിക്കേണ്ടതിന് സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു കേഡറിൽ (entry cadre ഉൾപ്പെടെ) പ്രൊബേഷൻ പൂർത്തികരിച്ചാൽ മതിയാകുന്നതാണ്. സ്ട്രീം 2-ലും സ്ട്രീം 3-ലും ആവശ്യമായ സാക്ഷ്യപത്രം നിലവിൽ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നോ മാതൃവകുപ്പിൽ നിന്നോ നൽകിയാൽ മതിയാകുന്നതാണ്.

3. സൂചന (2) പ്രകാരം കെ.എ.എസ്. വിശേഷാൽ ചട്ടങ്ങളിലെ Schedule I-ൽ 30-ാമത് നമ്പരായി ഉൾപ്പെട്ടിട്ടുള്ള Common category യിൽ ഉൾപ്പെടുന്ന Financial Assistant മാരുടെ Feeder category ആയ Divisional Accountant മാർക്ക് സ്ട്രീം 3-ൽ അപേക്ഷിക്കുവാൻ അനുവാദം നൽകാവുന്നതാണ് . കൂടാതെ by transfer മുഖേന Divisional Accountant Trainee ആയി സർവ്വീസിൽ പ്രവേശിച്ചവർക്ക് തങ്ങളുടെ മാതൃ സർക്കാർ വകുപ്പുകളിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ സ്ട്രീം 2 ൽ അപേക്ഷിക്കുവാൻ അർഹരായി കണക്കാക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ചിത്ര എം എസ്സ്
ഡെപ്യൂട്ടിസെക്രട്ടറി

അനുബന്ധം - II

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

നം.എ.ആർ.12-1/229/2019/ഉ.ഭ.പ.വ.

തിരുവനന്തപുരം,
തീയതി : 3.12.2019.

ഗവൺമെന്റ് സെക്രട്ടറി.

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ഗവ. റിക്രൂട്ട്മെന്റ് കെ.എ.എസ്. ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ടെയിനി തസ്തികയിലെ നിയമനം - വിശേഷാൽ ചട്ടം വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 20.11.2019 ലെ ജി.ആർ.1 എ(3)/205408/2019/GW നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.എ.എസ്. ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ടെയിനി തസ്തികകളിലെ റിക്രൂട്ട്മെന്റ് നടപടികളുമായി ബന്ധപ്പെട്ട് സർക്കാരിനോട് ആരാഞ്ഞിരുന്ന വിവരങ്ങളിന്മേൽ ചുവടെ ചേർക്കുന്ന വിവരം അറിയിക്കുന്നു.

ക്രമ നം.	സ്പഷ്ടീകരണത്തിനായി ആവശ്യപ്പെട്ട വിവരങ്ങൾ	വിശദീകരണം
1)	കെ.എ.എസ്. സ്കീം 3 ൽ അപേക്ഷിക്കുന്ന സർക്കാർ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിലെ 1st ഗസറ്റഡ് തസ്തികയിൽ പ്രൊബേഷൻ പൂർത്തീയാക്കിയിരിക്കണമോ അതോ ഷെഡ്യൂൾ-1 ൽ ഉൾപ്പെടുന്നതോ/ഉൾപ്പെടാത്തതോ ആയ ഏതെങ്കിലും ഗവൺമെന്റ് വകുപ്പിൽ, ഏതെങ്കിലും തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചാൽ മതിയോ?	ഷെഡ്യൂൾ 1 ൽ ഉൾപ്പെടുന്നതോ/ ഉൾപ്പെടാത്തതോ ആയ ഏതെങ്കിലും ഗവൺമെന്റ് വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചാൽ മതിയാകും.
2)	കെ.എ.എസ്. വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്കീം 2 എന്നത് - Direct Recruitment from among Full Members or Approved Probationers in any Government Departments എന്നാണ്. സ്കീം -2 ന്റെ യോഗ്യതാ മാനദണ്ഡങ്ങളിൽ മൂന്നാമതായി Must be a Full Member or an Approved Probationer in any Government Department എന്നും നാലാമതായി Must have been regularised in Service in any Cadre as per Rule 10(b) in the Kerala State & Subordinate Services Rules 1958 എന്നും പ്രതിപാദിച്ചിരിക്കുന്നു. - ടി 3-ലും 4-ലും പരാമർശിച്ചിട്ടുള്ള വ്യവസ്ഥകളിൽ വൈരുദ്ധ്യം ഉള്ളതായി കാണുന്നു. ആയത് വ്യക്തമാക്കാനും, അതോടൊപ്പം രണ്ട് വർഷത്തിൽ കുറയാത്ത സർവ്വീസുള്ള സൂപ്പർ ന്യൂമററി തസ്തികയിലുള്ളവർക്ക് മേൽപ്പറഞ്ഞ യോഗ്യതകളിൽ ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും മൂന്നാമത്തെ യോഗ്യതയ്ക്ക് പകരമാണ് നാലാം യോഗ്യത	കെ.എ.എസ്. ന്റെ റൂൾ 12 - കോളം (2) - Manner of appointment പ്രകാരം Direct Recruitment from among Full Members or approved probationers in any Government departments എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയതിനാൽ സ്കീം 2 ൽ അപേക്ഷിക്കുവാൻ Approved Probationer/ Full Member in any Government departments എന്നത് യോഗ്യതാ മാനദണ്ഡമായി കണക്കാക്കാവുന്നതാണ്.

	എന്നതാണെങ്കിൽ ആയതും വ്യക്തമാക്കേണ്ടതാണ്.	
3)	മുനിസിപ്പൽ കോമൺ സർവ്വീസിന് സർക്കാർ സർവ്വീസ് പദവി ലഭിച്ചിട്ടുണ്ടോയെന്നും മുനിസിപ്പൽ കോമൺ സർവ്വീസിനെ ഏതെങ്കിലും സർക്കാർ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ടി സർവ്വീസിലെ ജീവനക്കാർ സ്കീം - 2 ൽ അപേക്ഷിക്കാൻ അർഹരാണോ എന്നതിലും വ്യക്തത ആവശ്യമുണ്ട്.	കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പാലിറ്റി ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കാൻ 2019 മാർച്ച് മാസം 6-ാം തീയതി പ്രാബല്യത്തിൽ വന്ന 2019 ലെ മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് സമാനമായ ഓർഡിനൻസ് പ്രാബല്യത്തിലുള്ളതിനാൽ മുനിസിപ്പൽ ജീവനക്കാരെയും സർക്കാർ ജീവനക്കാരായി കണക്കാക്കി സ്കീം-II ൽ അപേക്ഷിക്കാൻ പ്രസ്തുത ജീവനക്കാരും അർഹരാണ്.
4)	ടെയിനിംഗ് പിരീഡിലുള്ള ഡിവിഷണൽ അക്കൗണ്ടന്റ്മാർക്ക് കെ.എ.എസ്. സ്കീം -2, സ്കീം - 3 എന്നിവയിൽ ഏത് വിഭാഗത്തിലാണ് അപേക്ഷിക്കാൻ യോഗ്യതയുള്ളത്.	ഇക്കാര്യത്തിൽ 21.11.2019 ലെ എ.ആർ.12-1/220/2019/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം വിശദീകരണം നൽകിയിട്ടുണ്ട്.
5)	കെ.എ.എസ്. വിശേഷാൽ ചട്ടത്തിൽ ഷെഡ്യൂൾ -1 ൽ മുപ്പതാമതായി പ്രതിപാദിക്കുന്ന Common Categories എന്ന വിഭാഗത്തിൽപെടുന്നതും, Equivalent Post in Common Categories എന്ന വിഭാഗത്തിൽപെടുന്നതുമായ തസ്തികകൾ ഏതൊക്കെയാണെന്നും ടി തസ്തികകളിൽ ഷെഡ്യൂൾ-1 ൽ ഉൾപ്പെടാത്ത സർക്കാർ വകുപ്പുകളിൽ നിന്നുള്ള Equivalent തസ്തികകളുണ്ടെങ്കിൽ പ്രസ്തുത തസ്തികകളിലുള്ള ജീവനക്കാരും, കോമൺ കാറ്റഗറിയിലുൾപ്പെടുന്ന തസ്തികകളുടെ താഴ്ന്ന ഗസറ്റഡ് തസ്തികകളായ സീനിയർ സൂപ്രണ്ട്, ഡിവിഷണൽ അകൗണ്ടന്റ് തുടങ്ങിയ തസ്തികകളിലെ ജീവനക്കാരും സ്കീം-3 ൽ അപേക്ഷിക്കാൻ അർഹരാണോ എന്നതിൽ വ്യക്തത ലഭിക്കേണ്ടതുണ്ട്.	നേരിട്ട് നിയമനം നടത്തുന്ന Administrative officer, Financial Assistant എന്നിവയുടെ ഫീഡർ കാറ്റഗറികൾ ആയ സീനിയർ സൂപ്രണ്ട്, ഡിവിഷണൽ അക്കൗണ്ടന്റ് മുതലായ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും കേരള ജനറൽ സർവ്വീസിലെ ഉയർന്ന ശ്രേണിയിലുള്ള FO, Senior FO മുതലായവർക്കും സ്കീം 3 ൽ അപേക്ഷിക്കുവാൻ അർഹർയുണ്ട്.
6)	Legislature Secretariat, Advocate General Office, PSC എന്നിവിടങ്ങളിലെ ജീവനക്കാർ കോമൺ സെലക്ഷനിൽ ഉൾപ്പെടുന്നവരാണെന്നും ടി ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് വകുപ്പുകളിലെ വിവിധ By Transfer തസ്തികകളിൽ അപേക്ഷിക്കാൻ നിലവിൽ അർഹതയുണ്ടെന്നും, Composition of Service Condition ൽ ഉൾപ്പെടുന്നുവെന്നും എന്നാൽ കെ.എ.എസ്. സ്കീം 2 ൽ അപേക്ഷിക്കാൻ സാധിക്കുന്നില്ല എന്നും വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത ജീവനക്കാരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ആയതിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെടുന്നു.	നിയമസഭ അംഗീകരിച്ച ഭേദഗതി പ്രകാരം 'Constitutional bodies' കെ.എ.എസ്. ന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് സ്കീം 2 ൽ അപേക്ഷിക്കുവാൻ അർഹതയില്ല.

വിശ്വസ്തതയോടെ

കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
സെക്രട്ടറി

GOVERNMENT OF KERALA

Abstract

Kerala Administrative Service – Constitution of the Committee of Secretaries - Orders issued.

PERSONNEL AND ADMINISTRAIVE REFORMS (AR-12) DEPARTMENT

G.O.(Rt)No.322 /2016/P&ARD Thiruvananthapuram, Dated:16.08.2016

Read:- 1. G.O.(Ms)377/63/PD dated, 21.8.1963.
2. G.O.(Rt)7725/2013/GAD dated, 24.9.2013.
3. G.O.(Ms)228/14/GAD dated, 16.8.2014.
4. G.O.(Ms)1/15/GAD dated, 5.1.2015.
5. G.O.(Ms)9/15/GAD dated 8.1.2015.

ORDER

Government are pleased to constitute a Committee, as detailed below, for formulating the reconstitution of Kerala Administrative Service, in the wake of the policy decision of the Government to include Secretariat also in the State Administrative Service.

Additional Chief Secretary (Home &Vigilance)	-	Chairperson
Additional Chief Secretary (Finance)	-	Member
Additional Chief Secretary (Power)	-	Member
Principal Secretary (P&ARD)	-	Member
Secretary, GAD	-	Member
Secretary, Law Department	-	Member

The Committee shall convene and simultaneously hold continuous discussions with the Service Organizations and come out with a clear road map by end August, 2016.

(By Order of the Governor)
S.M.Vijayanand
Chief Secretary to Government

To

1. The Additional Chief Secretary (Home &Vigilance)
2. The Additional Chief Secretary (Finance)
3. The Additional Chief Secretary (Power)
4. The Principal Secretary (P&ARD)
5. The Secretary, GAD
6. The Secretary, Law Department
7. The Principal Accountant General (Audit), Kerala, Thiruvananthapuram
8. The Accountant General (A&E), Kerala, Thiruvananthapuram
9. The Sub Treasury Officer, Secretariat Sub Treasury, Thiruvananthapuram
10. Stock File/Office Copy

Copy to:-

The Principal Secretary to Chief Minister
The Private Secretary to Chief Minister
The Additional Secretary to Chief Secretary
The PA to Additional Chief Secretary (Home & Vigilance)
The PA to Additional Chief Secretary, Finance Department
The PA to Additional Chief Secretary, Power Department
The PA to Principal Secretary, Personnel and Administrative Reforms Department
The PA to Secretary, General Administration Department
The PA to Secretary, Law Department
The CA to Additional Secretary, General Administration (Special-A&C)Department

Forwarded /By Order

Section Officer.

5/

LIST OF RECOGNISED SERVICE ASSOCIATIONS

Sl.No.	Name of Association
1	Kerala State Government Secretariat Last Grade Officers' Association, Trivandrum.
1B	The Kerala Arabic Munshees' Association (Renamed as per GO.No.142/80/GAD)
2	Kerala compounders' Association, Tvm. Now known as Kerala Pharmacists Association.
3	Kerala judicial Officers' Association.
4	The Kerala Secretariat Non-gazetted officers' Association, Tvm.
4A	The Kerala High Court Last Grade Servents' Association.
5	Kerala State Agricultural Income Tax and Sales Tax Departmental Staff Association, Thiruvananthapuram.
6	Non-Graduate Officers Association Educational Department, Trivandrum.
7	Kerala Engineering Staff Association
8	Kerala Hospital Nursing Assistants' and Attenders' Association
9	Malabar, Kasaragod Pradesh Health Inspectors' Association, Kozhikkode.
10	Kerala Block Development Officers Association.
11	Kerala State Government Ayurveda Medical Officers' Association, Tvm
12	All Kerala qualified Mid wives Association, Tvm
13	Ministerial Staff Association, Co operative Department, Tvm.
14	Kerala High Court Staff Association, Ernakulam.
15	Kerala Public Service Commission Staff Association, Tvm.
15A	Kerala Government Nurses Association, Tvm.
16	Association of Agricultural Officers', Tvm.
17	Association of the Administrative and Miscellaneous Staff(Kerala Government Presses), Tvm.
18	The Kerala State Extension Officers'(Industries) Association, Tvm.
19	The Trivandrum Ayurveda College Department, Physician Association.
20	The Kerala Law secretariat Association.
21	PWD Staff Association, Trissur.
22	Kerala Legislature Secretariat Staff Association, Tvm.
23	Transfered District Block Non-teaching employees Association, Kozhikkodu.
24	Agricultural college Teachers' Association, Vellayani, Trivandrum.
25	Public Relations Department Staff Association, Trivandrum.
26	Kerala Government Colleges Lower Grade Service Association, Tvm.
27	Central Kerala Lower Grade Government Servants Association, Trissur.

28	Kerala State Government Collegiate Non-teaching Staff Association, Tvm.
29	Kerala Magistrate(Judicial) Association, Trivandrum.
30	Federation of Kerala service Organisation, Tvm.
31	Kerala Motor Vehicles Department Ministerial Staff Association, Tvm.
32	Joint Council of State Service Organisation
33	Kerala Agricultural Engineering Workers' Association, Kozhikkodu.
34	Central Kerala Public Health Staff Association, Trissur.
35	Kerala Forest Rangers Association.
36	Kerala Government State College Hostels Staff Association, Ernakulam.
37	Kerala Live Stock Assistants Association, Kozhikkodu.
38	Departmental Primary Teachers' Union, Tvm.
39	Kerala Graduate Engineers' Association, Tvm.
40	Kerala Municipal Commissioners' Association, Tvm.
41	Kerala State Agricultural Income Tax and Civil Tax Gazetted Offiers' Association, Tvm.
42	Association of Kerala Government College Teachers, Tvm.
43	Kerala Government Finance Secretariat Association, Tvm.
45	The Association of Gazetted Forest Officers, Kerala State, Tvm.
46	The Association of Engineers, Kerala State, Tvm.
47	The Kerala Secretariat Confidential Assistants Association, Tvm.
48	The Kerala Secretariat Association, Tvm.
49	Kerala Revenue Staff Association(Vide GO(Rt)95/91/P&ARD dated 22.03.91)
50	The Kerala Panchayath Executive Officers Association.
51	The kerala Government Presses Enployees' Progressive Association.
52	The Association of Public Health Engineers, Kerala.
53	The Kerala Government Cinema operators Association.
54	The Departmental Graduate Teachers' Association, kerala.
55	The Association of Dairy Officers Department of Dairy Development, Kerala State.
56	Government Polytechnic Technical Staff Association(Kerala).
57	The Kerala N.C.C. Civiliar Staff Association.
58	The Kerala health Services Post graduate Association.
59	The Kerala State Industries Officers Association.
60	Agricultural Demonstrators Association, kerala.
61	Kerala Gazetted officers' Association.
62	The Kerala Government Homeo Medical officers Association.
63	The Kerala Government Medical Officers Association.
64	Travancore Regisering Officers' Association. Trivandrum.
65	The Sub Registars Association, Cochin.
66	The Kerala Treasury Staff Association.

67	The Kerala Government Law College Teachers' Association.
68	The Kerala State Co-operative Department Gazetted Officers Association.
69	The Kerala State Co-operative Inspectors and Auditors Association.
70	The All Kerala Educational Officers'(Gazetted) Association.
71	The Kerala Government Ex Teachers' Federation, Trivandrum.
72	Kerala Industries Co-operative Executive officers Association.
73	The Engineers (Gazetted) association of the craftsman Training Department, Kerala.
74	The Employment officers (Gazetted) association, Kerala
75	The Kerala Labour officers' Association.
76	Kerala Non-gazetted officers' Union.
77	The gazetted Officers' Association(Education Ministerial)
78	The Kerala Government Confidentential Assistants Association.
79	The Kerala Assistant Motor Vehicles' Inspectors' Association.
80	Kerala Employment Service N.G.Os. Association.
81	The Government Engineering Colleges Teaching Staff(Technical Gazetted) Association, Kerala.
82	The D.M.S. Diploma Holders Association, Kerala
83	Kerala State Engineering Diploma Holders Union.
84	All India State Government Employees Federation.
85	The Kerala Fisheries Ministerial Staff Association.
86	The Kerala State Special Branch C.T.D. Ministerial Staff(N.G.O.) Association.
87	Kerala Drugs Control (Non-gazetted) staff Association.
88	State Insurance Department Staff Association, Trivandrum.
89	
90	The Kerala Leprosy Control Non-gazetted Officers Association.
91	The Bureau of Economic and Statistics Gazetted officers'(Technical) association.
92	Kerala Financial Assistants' Association.
93	The Kerala Registration Staff Association.
94	The Kerala Lower Grade Union.
95	Kerala Motor Vechicles Department Gazetted Officers Association.
96	The Kerala Canal Officers' Association.
97	Kerala State Welfare Assistants' Associaion.
98	Kerala Panchayat Inspectors Association.
99	Kerala Government Public Health Nurses and Supervisors Association.
100	Association of Food Technologists, kerala State.
101	Kerala P.W. Departmental Electrical Wing Executive Employees' Association.
102	Kerala Government Drivers' Association.
103	Association of Gazetted Officers(Field) of the Bureau of Economics and Statistics.
104	Kerala State Industrial Training Institute staff Association.

105	Government Polytechnics, Engineering and Technology Graduate Staff Association, kerala.
106	The Kerala State Health Inspectors Association.
107	The Kerala Veterinary Surgeons Service association.
108	Kerala Music College and Academics Teaching Staff Association.
109	
110	All Kerala Medical Laboratory Technicians Association.
111	Association of the Superintendents (Non Secretariat) of the Government of Kerala.
112	Kerala Government Technical Education skilled Assistants and Attenders' Association.
113	P.W.D. Radio Technical Staff Association.
114	Kerala Government Medical College Teachers' Association
115	All Kerala Binders' Association.
116	Kerala Animal Husbandry Attenders' Association.
117	Kerala Local Fund Audit Officers Association.
118	The Kerala Government Class IV Employees Union.
119	Kerala Sarkar School Bhashadyapaka Sanghatana.
120	The Kerala Civil Supplies Officers' Association.
121	The Kerala Fisheries Executive Officers' Association (Class III)
122	All Kerala Attenders' Association.
123	Associations-Association of Soil Conservation officers Kerala State.
124	The Kerala Education Department Ministerial Staff Association.
125	The Kerala State Lottery Officers Association.
126	Kerala Soil Conservation Engineering Staff Association.
127	Survey and Land Records Technical (Office) Staff Association.
128	Kerala Labour Department Ministerial Staff Association.
129	Kerala Government Class III Empoyees Union. (Name of the Assn is changed as NGO Front vide G.O.(MS) 273/77/GAD.
130	Kerala Aided School Last Grade Employees Union.
131	Association of the Teachers of Kerala Governments Sanskrit Colleges.
132	The Kerala State Co-operative Department Ministerial Staff Association.
133	Kerala Harijan Welfare Department Technical Staff Association.
134	The Kerala Assistant Public Prosecutors' Association
135	The Indo swiss Project Officers' Association.
136	The Kerala Collegiate Education Department Ministerial Staff Association
137	Technical Education Engineering Diploma Holders Association.
138	The Kerala Village Extension officers association.
139	The Kerala Soil Conservation Staff Association, Tvm.
140	All Kerala Qualified Health Inspectors' Association.
141	Kerala Health Workers Union.
142	All Kerala Statistical Inspectors Research Assistants Association.

[3]

143	Kerala Animal Husbandry Ministerial Staff Association.
144	Trained Public Health Nurses Association of Kerala.
145	Kerala Government Primary Teachers Union (Recognition Cancelled Vide GO(P)9/96/P&ARD dated 14.03.96)
146	The Malayalam Encyclopedia Editorial Staff Association.
147	Kerala Public Service Commission N.G.O. Association.
148	
149	Kerala Diary Development Department Ministerial Staff Association.
150	Kerala Secretariat Clerical Assistants and Attenders' Association.
151	Technical Education Department Ministerial Staff Association, kerala State.
152	Kerala Public Service Commission Lower Grade Employees Association.
153	The Association of Health Educators Kerala Health Services, Trivandrum.
154	Kerala (M.C.H) Health Visitors' Association.
155	Kerala Police Ministerial Staff Association
156	Kerala Amins' Association.
157	Kerala State Archieves Staff Association
158	Kerala Survey Field Staff N.G.Os Association
159	Kerala Panchayat Department Ministerial Staff Association
160	Stationery Department Staff Association, Kerala.
161	Stationery Department Technical Staff Association, Kerala
162	Association of Laboratory Assistants.
163	Kerala Government Primary School Headmasters' Association.
164	Kerala Advocate Generals' Department Staff Association.
165	Malayalam Encyclopaedia Staff Union, Tvm.
166	Association of Town and Country Planner Department of Town Planning, Kerala State.
167	The Law Department Staff Association, Tvm.
168	Kerala High Court Gazetted Officers' Association, Ernakulam.
169	The Deputy Collectors' Association, Kerala.
170	Kerala Government Homoeo Employees Association.
171	Industrial Training Department non-technical staff Association.
172	Kerala Government Medical College Junior Laboratory Assistans Association.
173	Kerala Government Pharmacists' and Store-keepers Union.
174	Kerala government Nursing Teachers' Association.
175	The kerala Survey and Land Records Gazetted Officers' Association.
176	Assistant Engineers' Association, Public Health Engineering Department.
177	Kerala State Industrial Training Department Instructional Staffs' Association.
178	Kerala Arabic Teachers' Federation(Government), kozhikode.
179	Kerala Tourist Department Employees Association.
180	Kerala Health Services Laboratory Technicians Association.

181	Kerala Engineering Diploma Holders' Association.
182	The Kerala State Tahsildars' Association.
183	The Kerala General Extension Officers' Union.
184	The Agricultural Mechanical Staff Association.
185	Kerala Government Ayurveda Department Attenders' Nursing Assistans and Fourth Grade Employees Association.
186	Government Graduate Teachers' Organisation, Kerala. (Recognition cancelled vide GO(Ms)9/969P&ARD dated 14.03.96.
187	Kerala Sub Registrars' Association.
188	Kerala P.W.D. Work Superintendents Union.
189	Kerala lady village Extension Officers' Association.
190	Kerala Non-gazetted Officers' Association.
191	Kerala Indigeneous Medicine Department Ministerial Staff Association
192	Kerala State Drivers Union.
193	Kerala Public Service Commission Officers' Association.
194	The Law Department Class I and Class II officers Association.
195	Kerala Survey and Land Records (office Technical) Class II officers' association.
196	Kerala Secretariat Employees' Association.
197	Sarkar School Bhashadhyapaka Union (Recognition cancelled as per GO(Ms)9/96/P&ARD dated 14.03.96.
198	Kerala Agricultural Ministerial Staff Association.
199	Kerala Public Works Department Electrical Executive Workers Union.
200	Kerala Public Works Department Mehanical Staff Union.
201	All Kerala Women's Welfare Officers Association.
202	Kerala Government Ayurveda Pharmacist Association.
203	Post Graduate Engineers' Association, kerala Public Works Department.
204	All Kerala Diary Farm Instructors Association.
205	Kerala legislature Secretariat Employees Organisation.
206	The Kerala National Fitness Corps Employees Association.
207	The Departmental Physical Education Teachers' Associaion.
208	The Kerala Civil Judicial Process Server's Association.
209	Kerala Part-time contingency Employees Union.
210	The Kerala Land Revenue copyists' Association.
211	The Independent Service Organisations of Printing Department.
212	Kerala State Health Transport and Equipment Technical Staff Association.
213	The Kerala Health Services Ministerial Staff Association.
214	The Kerala Soil Conservation Engineering Employees Union.
215	Akhila Kerala Government Ayurveda College Adhyapaka Sanghatana.
216	Kerala Government Hospital cooks Union.
217	

218	The State Planning Board Technical Officers Association.
219	Kerala Government Teachers' Association (Recognition cancelled vide GO(Ms)25/96/P&ARD dated 30.07.96)
220	The Analytical Laboratory Technical Staff Association.
221	The Survey Field Staff Organisation
222	The Kerala Government Dental Specialists Association.
223	Kerala Urdu Teachers Association.
224	Survey and Land Records Department Head Surveyors Association.
225	Kerala Government Radiographers association.
226	Kerala Civil Judicial Staff Organisation.
227	Kerala Criminal Judicial Staff association
228	Kerala Government Duplicator Machine Operators Association.
229	Electrical Inspectorate Engineers' Association.
230	Harbour Engineering Staff Association.
231	Kerala Departmental Sanskrit Teachers Federation.
232	Kerala Government Midwives and A.N.M's Union.
233	Kerala jail Executive Officers Association.
234	Kerala Ground Water Department Technical Staff Association.
235	Economics and Statistics Technical Staff Organisation.
236	Public Relations Department Officers Association.
237	Kerala State Vigilance Department Ministerial Staff Association.
238	Association of Medical Administrators Kerala.
239	Kerala Transport Employees Union, Alleppey.
240	Kerala Soil Conservation Officers Union.
241	Kerala Government Ayurveda Nurses Association, Trivandrum.
242	Kerala Government Ayurveda Medical Officers Association.
243	Kerala Health Services Food Inspectors Association, TVM.
244	All Kerala Government Homoeo Employees Organisation, Tvm
245	Kerala Factories and Boilers Non-Technical Department.
246	Kerala State Linguistic Minority Tamil Teachers Association.
247	Kerala Hydrographic Survey Technical Staff Association(Port Department), Trivandrum.
248	Kerala State Lift operators and Lift Mechanics Association.
249	Kerala Government Junior Agricultural Officers Association, Quilon.
250	Kerla Health Services Medical Record Employees Association
251	Kerala Health Services Field Staff Association.
252	H.R & C.E. Employees Union, Calicut.
253	All Kerala Government Homoeo Class IV Employees Association
254	Animal Hushandry Officers Association.

255	Kerala High Court Non-graduate Staff Association.
256	Kerala Government Nurses Union, Trivandrum.
257	Kerala Gazetted Officers Union, Trivandrum.
258	Insurance Medical Services Staff Union, Kerala.
259	The Kerala Government Dental Hygienists Association.
260	Kerala Land Revenue Officers Association, Trivandrum.
261	Kerala PSC Employees Union, Tvm
262	Kerala Insurance Medical Officers Association
263	Kerala exicse staff Association
264	Kerala Government Trained Junior, Senior Public Health Nurses and supervisors association
265	Kerala Forest protective Staff Association
266	Government Hospital Workers Union.
267	PSC Employees Association, Tvm.
268	All Kerala Trade Instructors and Tradesman's Organisation, Palakkad.
269	Kerala fire service drivers and Mechanics Association.
270	Organisation of Government Homeo Medical Officers kerala.
271	Electrical Inspectorate Skilled Assistants Association, Kerala.
272	Public Works Engineers Association, Kerala.
273	Kerala Industrial Training Department Technical Staff Organisation.
274	Kerala Archeological Technical Staff Association, Tvm
275	Kerala Port Technical staff Association, Needakara, Kollam.
276	Kerala Government collegiate Nursing Teachers' Association.
277	Kerala Labour officers Forum, Tvm.
278	All Kerala Rehabilitation Technicians Association, Tvm
279	Electrical Inspectorate Employees Organisation, Tvm.
280	Local Fund audit Typists and confidential Assistants Association, Tvm.
281	Kerala Rural Development Employees Organisation, Tvm.
282	Irrigation Engineers Association, Tvm.
283	Education Department Ministerial Staff Union, Tvm.
284	Agricultural Engineers Association of Kerala.
285	Kerala Government Optometrists Association, Kochi.
286	Kerala legal Metrology Department Staff Association
287	State Central Library Employees Association.
288	Government School Teachers Union.
289	Kerala Forest Ministerial Staff union, Tvm.
290	Kerala School Teachers Association, Tvm.
291	Kerala Government Employees Union, Tvm.
292	Kerala Gazetted Officers Federation.

293	Kerala Government Blood Bank Technicians Associati
294	Judicial Confidential assistant (Civil & Criminal) Assoc
295	Kerala State Government Ayurveda Specialists Medical
296	High School Teachers Association.
297	Kerala State Animal Husbandry Department: Part time Contigent Empl Train d) Association.
298	Kerala Government Dental College Teachers Association.
299	കേരള സ്റ്റേറ്റ് സ്വതന്ത്ര ഫോറി വർക്കേഴ്സ് യൂണിയൻ
300	Insurance Medical Services Auxiliary Nurses & Midwives Association.
301	LSGD Graduate Engineers Association
302	LSGD Engineers Association
303	Kerala Forest Staff Association.
304	Kerala Government Detal College Teachers Union
305	Kerala Government vetrinary officers association.
306	Kerala Government Homoeo Pharmacist Organisation.
307	Kerala Government Specialist Doctors Association.
308	Kerala State Social Justice Employees Association.
309	Kerala State Treatment Organizers/Senior Treatment Supervisors union.

Sl.No	Name of Service Organisations in Secretariat
1	Kerala State Government Secretariat Last Grade Officers' Association.
2	The Kerala Secretariat Non-gazetted Officers' Association.
3	The Kerala Law Secretariat Association.
4	The Kerala Secretariat Association.
5	Kerala Secretariat Employees Association.
6	Kerala Government Secretariat Confidential Assistants' Association.
7	Kerala Finance Secretariat Association
8	Kerala Secretariat Clerical Assistants and Attenders Association

കേരള അഡ്മിനിസ്ട്രീവ് സർവ്വീസ് -സ്വീകരിച്ച നടപടികൾ

- കേരളം ഒഴികെയുള്ള ഏതാണ്ട് എല്ലാം സംസ്ഥാനങ്ങളിലും അതത് സംസ്ഥാന അഡ്മിനിസ്ട്രീവ് സർവ്വീസുകൾ ഉണ്ട്. അതുകൊണ്ട് സംസ്ഥാന ഭരണസംവിധാനത്തിലും വികസനത്തിലും ആ സംസ്ഥാനങ്ങൾ മുന്നേറാൻ കഴിയുന്നുണ്ട്. കേരളത്തിൽ അത്തരം ഒരു സംവിധാനം ഒരുക്കുന്നതിനുവേണ്ട നടപടികൾ ആവശ്യപ്പെട്ട് 7.2.2013 ൽ അന്നത്തെ റൂറൽ ഡെവലപ്മെന്റ് മന്ത്രി ബഹു.മന്ത്രിമാരുടേയും ജനപ്രതിനിധികളുടേയും പരിഗണന ആവശ്യപ്പെട്ട് സമർപ്പിച്ച നോട്ട് ആണ് ഈ വിഷയത്തിലെ ആരംഭം.

- ഈ വിഷയത്തിന്മേൽ കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ (23.11.13),കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ (22.11.13), കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ, കേരള ഫൈനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ,സെക്രട്ടറിയേറ്റ് സംരക്ഷണ മുന്നണി എന്നിവർ പ്രസ്തുത സിവിൽ സർവ്വീസ് രൂപീകരണ നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കത്തു നൽകുകയും സെക്രട്ടറിയേറ്റ് ജീവനക്കാർ ഒപ്പിട്ട ഭീമഹർജി നൽകുകയും ഉണ്ടായി.

- തുടർന്ന് ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള 4 അംഗകമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

- 24.9.13 ലെ ജി.ഒ(ആർ.റ്റി)7725/13 പൊ.ഭ.വ. ഉത്തരവ് പ്രകാരം താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.

ചീഫ് സെക്രട്ടറി - ചെയർമാൻ,
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) മെമ്പർ
അഡീഷണൽ ചീഫ് സെക്രട്ടറി(പിആന്റ്.എ.ആർഡി)-മെമ്പർ
സെക്രട്ടറി (ജിഎ.ഡി)മെമ്പർ

പ്രസ്തുത കമ്മിറ്റി ഒത്ത് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ഉണ്ടായി.

F1(C). ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച റിപ്പോർട്ട് 13.08.2014 ൽ കൂടിയ മന്ത്രിസഭായോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ അനുബന്ധം 3 ൽ സൂചിപ്പിച്ചിരുന്ന 18 വകുപ്പുകളോടൊപ്പം മറ്റു വകുപ്പുകളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാനും തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 16/08/2014 ൽ ജി.ഒ(എം.എസ്) 228/2014 പൊ.ഭ.വ ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി.

F1(D)

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരികരണത്തിനു മുമ്പായി അംഗീകൃത സർവ്വീസ് സംഘടനകളുമായി 24/10/2014 ൽ ചർച്ച നടത്തുകയുണ്ടായി.

F1(E)

(മിനിട്സ് ഉള്ളടക്കം ചെയ്യുന്നു.)

- പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ധരിപ്പിക്കുന്നതിനായി 21/11/2014 ൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട അംഗങ്ങളുമായി ചർച്ച നടത്തുകയുണ്ടായി.

F1(F)

(മിനിട്സ് ഉള്ളടക്കം ചെയ്യുന്നു.)

- 06/12/2014 ൽ ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി റൂമിൽ സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറിയും അംഗങ്ങളും ചർച്ച നടത്തുകയുണ്ടായി.

F1(G)

(മിനിട്സ് ഉള്ളടക്കം ചെയ്യുന്നു.)

- 31.12.2014 ൽ ചേർന്ന മന്ത്രിസഭായോഗം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിച്ചും സെക്രട്ടറിയേറ്റ് സർവ്വീസിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ →

F1(H)

29

F1 (1) 5/1/2015-ൽ ജി.ഒ(എം.എസ്) നം.1/2015/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

- 7/1/2015-ലെ മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തുന്നതിന് യാതൊരു തീരുമാനവും എടുത്തിട്ടില്ല എന്ന് സ്പഷ്ടീകരിക്കുന്നതിന് ഉത്തരവാകാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 8.1.2015-ലെ ജി.ഒ(എം.എസ്) നം.9/2015/പൊ.ഭ.വ.ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

A (1)

23/9/16

GOVERNMENT OF KERALA

No.803512 /AR-12(1)/2016/P&ARD.

Personnel & Administrative Reforms
(AR-12) Department,
Thiruvananthapuram,
Dated :

From

The Principal Secretary to Government.

To

The Additional Chief Secretary (Finance).
The Additional Chief Secretary (Power).
The Secretary (GAD).
The Secretary (Law Department).

Sir,

Sub :- Kerala Administrative Service - Committee of Secretaries - meeting - reg.
Ref :- G.O.(Rt)No.322/16/P&ARD dated.16/08/2016.

The Additional Chief Secretary (Home & Vigilance) desires to convene a meeting of the committee of Secretaries constituted for ~~forwarding~~ formulating the reconstitution of Kerala Administrative Services at her chamber on 30/08/2016 at 3 p.m. You are requested to make it convenient to attend the meeting. A detailed note on the action taken so far is enclosed herewith .

Yours faithfully,

Copy to

Additional Secretary to Chief Secretary.
PA to Additional Chief Secretary (Home & Vigilance).
PA to Principal Secretary (P&ARD).

GOVERNMENT OF KERALA

No.803512 /AR-12(1)/2016/P&ARD.

Personnel & Administrative Reforms
(AR-12) Department,
Thiruvananthapuram,
Dated : 27/08/2016.

From

The Principal Secretary to Government.

To

The Additional Chief Secretary (Finance).
The Additional Chief Secretary (Power).
The Secretary (GAD).
The Secretary (Law Department).

Sir,

Sub :- Kerala Administrative Service - Committee of Secretaries - meeting - reg.

Ref :- G.O.(Rt)No.322/16/P&ARD dated.16/08/2016.

The Additional Chief Secretary (Home & Vigilance) desires to convene a meeting of the committee of Secretaries constituted for formulating the reconstitution of Kerala Administrative Services at her chamber on 30/08/2016 at 3 p.m. You are requested to make it convenient to attend the meeting. A detailed note on the action taken so far is enclosed herewith .

Yours faithfully,

GEETHA.K.,
Joint Secretary.
for Principal Secretary to Govt.

Copy to

Additional Secretary to Chief Secretary.
PA to Additional Chief Secretary (Home & Vigilance).
PA to Principal Secretary (P&ARD).

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

സുതാര്യവും കാര്യക്ഷമവും ഫലപ്രദവും ഭാവനാ പൂർണ്ണവും സുസ്ഥിരവുമായ വികസനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെങ്കിൽ സമർപ്പിത ബുദ്ധിയോടെ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഉണ്ടായേ പറ്റൂ. സമർപ്പിത ബുദ്ധിയോടെ പ്രവർത്തിക്കുന്ന സിവിൽ സർവ്വിസ് ഉണ്ടാകണമെങ്കിൽ കേരളത്തെ അറികയും കേരളത്തിന്റെ വികസനത്തിൽ തൽപ്പരരാകുകയുംചെയ്യുന്ന ഉദ്യോഗസ്ഥർ ഉണ്ടാകണം. കേരളത്തിന്റെ ഭാഷയും സംസ്കാരവും മാത്രമല്ല മലയാളി നടന്നു കയറിയതും നടന്നുകൊണ്ടിരിക്കുന്നതുമായ വഴികൾ എതൊക്കെ എന്ന് അറികയും ചെയ്യുവർക്കേ **Kerala context** എന്ത് എന്ന് മനസ്സിലാവുകയുള്ളൂ.

സിവിൽ സർവീസിന്റെ ഉന്നത ശ്രേണിയായ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിയമനം ലഭിക്കുകയും കേരളത്തിൽ പ്രവർത്തിക്കാൻ അവസരം ലഭിക്കുകയും ചെയ്യുന്ന മലയാളികളുടെ എണ്ണം പരിമിതമായതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കേരള ഐ.എ.എസ്. കേഡറിൽ എത്തുന്നവരിൽ ഭൂരിപക്ഷവും. കേരളത്തെ മനസ്സിലാക്കാനും കേരളീയരുമായി ഫലപ്രദമായി ഇടപഴകാനും ഭാഷയും സംസ്കാരവും അവർക്ക് തടസ്സം തന്നെയാണ്. ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. തുടങ്ങിയ കേഡറുകളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്നവർക്ക് മലയാള ഭാഷാ പരിചയവുമില്ലാത്തതുകൊണ്ട് കേരളീയ ജീവിത പരിസ്ഥിതിയെ വേണ്ടത്ര മനസ്സിലാക്കാനും കഴിയുന്നില്ല.

പ്രാഥമിക പരീക്ഷയിൽ നിശ്ചിത ശതമാനം മാർക്ക് നേടുന്നവരെ ചുരുക്ക പട്ടികയിൽ ഉൾപ്പെടുത്തുകയും ഇവർക്കുവേണ്ടി ആഴവും പരപ്പും ഉള്ള എഴുത്തു പരീക്ഷ നടത്തുകയും വേണം. എഴുത്തു പരീക്ഷയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളുടെ പട്ടിക അംഗീകരിക്കുകയും അതിൽ നിന്നും ഒന്നോ രണ്ടോ വിഷയങ്ങൾ തെരഞ്ഞെടുക്കാൻ ഉദ്യോഗാർത്ഥികളെ അനുവദിക്കുകയും വേണം. തുടർന്ന് വിശദമായ അഭിമുഖ പരീക്ഷയിലൂടെ അവരുടെ കഴിവ് പരിശോധിക്കുകയും അതിലൂടെ ഉദ്യോഗാർത്ഥികളുടെ അഭിരുചിയും സമീപനവും സ്വഭാവവും വിലയിരുത്തണം. അതിൽ വിജയിക്കുന്നവരായിരിക്കണം നിയമനത്തിന് യോഗ്യരായി തീരേണ്ടത്.

4. അണ്ടർസെക്രട്ടറിയിൽ കുറയാത്ത റാങ്കിൽ ഇവർക്ക് ആദ്യ നിയമനം നൽകുന്നതാണ്. ഇവരുടെ സേവനം എല്ലാ സർക്കാർ വകുപ്പുകളിലുമായി പങ്കു വയ്ക്കുന്നതാണ്.

5. ആറ് വർഷത്തെ സർവ്വീസ് പൂർത്തിയാക്കുകയും പ്രവർത്തന മികവ് തെളിയിക്കുകയും ചെയ്യുന്നവർക്ക് സെക്രട്ടറിയേറ്റിൽ വരാൻ അവസരം ഒരുക്കുക.

നിലവിലുള്ള ജീവനക്കാരുടെ പങ്കാളിത്തം

1. ഈ സംവിധാനം വരുന്നതു കൊണ്ട് നിലവിലുള്ള ജീവനക്കാരുടെ നിലനിൽപ്പിനെയോ സാദ്ധ്യതയ്ക്ക് തടസ്സം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ ഉണ്ടാകണം.

2. സർവ്വീസിലുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരും 40 വയസ്സ് കവിയാത്തവരുമായ ഉദ്യോഗസ്ഥർക്ക് നേരിട്ട് പരീക്ഷ എഴുതാനുള്ള അവസരം ഉണ്ടാകണം. ഒരു നിശ്ചിത ശതമാനം അവസരങ്ങൾ അവർക്ക് വേണ്ടിനീക്കിവയ്ക്കുകയുംവേണം.

13/11/13 13/11/13

[illegible] സംവിധാനത്തിന്റെ ഗുണങ്ങൾ

1. മികവുള്ളവരായ നമ്മുടെ ചെറുപ്പക്കാർക്ക് സർക്കാർ ഭരണസംവിധാനത്തിൽ അവസരം നൽകാനും അതിലൂടെ കൂടുതൽ മികവുറ്റ ഭരണം ഉണ്ടാക്കിയെടുക്കാനും കഴിയും.

2. [illegible] അറിയാവുന്നവരും കേരളത്തിന്റെ വികസനത്തിൽ താൽപ്പരരുമായ [illegible] വൃന്ദത്തെ മദ്ധ്യതല [illegible] ഉപയോഗപ്പെടുത്താൻ കഴിയും. അതിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാകും

3. കേരള പബ്ലിക് സർവ്വീസ് കമ്മിഷനിലൂടെ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതു കൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും സംവരണാനുകൂല്യം ലഭിക്കും. അതിലൂടെ ഭരണതലത്തിലെ മദ്ധ്യ ഉപരിതലങ്ങളിൽ എല്ലാ വിഭാഗക്കാർക്കും പ്രാതിനിധ്യം ഉറപ്പിക്കാനാകും.

4. ഭരണാധികാരത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തിയതിലൂടെ മാത്രമേ ജനാധിപത്യ [illegible] ശക്തിപ്പെടുത്താൻ കഴിയൂ

KERALA SECRETARIAT ASSOCIATION

President J.BENCY (9447363385)
General Secretary A.V.PRESANNAKUMAR (9747677783)

Ref.No:

Date: 23.11.2013

ശ്രീ.ഇ.കെ.ഭരത് ഭൂഷൻ
ബഹു ചീഫ് സെക്രട്ടറി
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

PERSONNEL AND ADMINISTRATIVE REFORMS DEPARTMENT
28 NOV 2013
22802
SECRETARIAT TVPM

സർ,

വിഷയം:- സംസ്ഥാന സിവിൾ സർവീസ് രൂപീകരണം-
സെക്രട്ടറിയേറ്റ് അസോസിയേഷൻ തീരുമാനം-
സംബന്ധിച്ച്

സൂചന:- അങ്ങയുടെ 06.11.2013 ലെ
D.O.793/SC-1/13/GAD നം. കത്ത്.

സൂചനക്കത്തിൽ പരാമർശിക്കുന്നതിൻ പ്രകാരം ഐ.എ.എസ് കേഡറിലേക്കുള്ള സ്റ്റേറ്റ് സിവിൾ സർവീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ക്വാട്ട അർഹരായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം 2009 മുതൽ ഒഴിഞ്ഞുകിടക്കുന്നതായും, ഇപ്പോൾ ഇത്തരത്തിൽ 22 ഉം, 2016 ൽ 38 ഉം തസ്തികകളിൽ ഒഴിവു വരുമെന്നും ഈ സാഹചര്യത്തിൽ കൂടുതൽ സർവീസുകളെ സ്റ്റേറ്റ് സിവിൾ സർവീസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പഠിക്കുന്നതിനാണ് ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സമിതി രൂപീകരിച്ചതെന്നും മനസ്സിലാക്കുന്നു.

1960 മുതൽക്കാണ് കേരളത്തിലെ ഐ.എ.എസ് കേഡറിലേക്ക് സ്റ്റേറ്റ് സിവിൾ സർവീസിനെ (റവന്യൂ സർവീസ്) ഉൾപ്പെടുത്തിത്തുടങ്ങിയത്.

43/51

ആകെയുള്ള ഐ.എ.എസ് കേഡർ സ്ട്രെങ്ത് ആയ 211 ൽ 33 1/3% അതായത് 70 തസ്തികകളാണ് സ്റ്റേറ്റ് സിവിൾ സർവീസിനും, നോൺ സ്റ്റേറ്റ് സിവിൾ സർവീസിനുമായി അനുവദിച്ചിട്ടുള്ളത്. ഇതിൽ തന്നെ 85% ആയ 60 തസ്തികകൾ സ്റ്റേറ്റ് സിവിൾ സർവീസിനും, 15% വരുന്ന 10 തസ്തികകൾ നോൺ സ്റ്റേറ്റ് സിവിൾ സർവീസിനും എന്ന രീതിയാണ് തുടർന്നു വരുന്നത്.

സൂചനക്കത്തിൽ ആശങ്കപ്പെട്ടതുപോലെ പ്രശ്നമെങ്കിൽ ഈ 85:15 എന്ന അനുപാതം മാറ്റി നോൺ സ്റ്റേറ്റ് സിവിൾ സർവീസിന് കൂടുതൽ തസ്തികകൾ അനുവദിച്ച് ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കണം എന്ന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

ഈ സാഹചര്യത്തിൽ കേരള സെക്രട്ടറിയേറ്റ് അസോസിയേഷന്റെ താഴെപ്പറയുന്ന അഭിപ്രായങ്ങൾ കൂടി അങ്ങയെ അറിയിക്കുന്നു.

1. സംസ്ഥാന സിവിൾ സർവീസ് ശുപാർശകരണത്തെ സെക്രട്ടറിയേറ്റിലെ മുഴുവൻ ജീവനക്കാരും എതിർക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സിവിൾ സർവീസ് ശുപാർശകരണനീക്കം ഉപേക്ഷിക്കുവാൻ അസോസിയേഷൻ ആവശ്യപ്പെടുന്നു.
2. സെക്രട്ടറിയേറ്റിലെ ജീവനക്കാർക്ക് നിലവിലുള്ള സേവന, വേതന, പ്രൊമോഷൻ സാധ്യതകളെ ദോഷകരമായി ബാധിക്കുന്നതായതൊരു നടപടികളെയും അസോസിയേഷൻ അനുകൂലിക്കുകയില്ല.
3. കൂടാതെ ഭരണസിരാകേന്ദ്രമെന്ന നിലയിൽ സെക്രട്ടറിയേറ്റിനുള്ള അന്തസ്സും അംഗീകാരവും കാത്തുസൂക്ഷിക്കുന്ന നടപടികൾ മാത്രമെ സ്വീകരിക്കാവൂ എന്നും അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജെ. ബെൻസി
പ്രസിഡന്റ്
കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ

13/11/13 13/11/13

KERALA SECRETARIAT STAFF ASSOCIATION

T.C. 28/1237, K.G.O.F. Building, Oottukuzhy, Thiruvananthapuram-695 001

G. SREEKUMAR
President
Mob: 9497426097
8281887098

S. BIJU
General Secretary
Ph : 2517109 (O)
Mob: 9447496995

K. SURESH KUMAR
Vice President
Ph : 2518130 (O)
Mob: 9497161376

S. LATHA
Vice President
Ph : 2518105 (O)
Mob: 94461193826

C.G. LEONS
Vice President
Mob: 9947024512

T. JAYARAM
Secretary
Ph : 2518727 (O)
Mob: 9446443064

T.K. ABHILASH
Secretary
Ph : 2518753 (O)
Mob: 9946117123

U. BIJU
Secretary
Ph : 2518688 (O)
Mob: 9947106387

A.M. SHAJI
Treasurer
Ph : 2518527 (O)
Mob: 9446173215

No:

Date: 22.11.13

ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി,

സംസ്ഥാനത്ത് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കുന്നതിനായുള്ള സാദ്ധ്യതാപഠനത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ഇക്കാര്യത്തിലുള്ള ആശയങ്ങളും ആശങ്കകളും അറിയിക്കാൻ 06.11.2013 ലെ D.O.No.793/SC-1/13/GAD കത്ത് മുഖാന്തിരം അങ്ങ് അറിയിച്ചിരുന്നുവല്ലോ. കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെ ഈ വിഷയത്തിലുള്ള അഭിപ്രായങ്ങളും ആശങ്കകളും ചുവടെ കൊടുക്കുന്നു.

1. സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾക്കോ സെക്രട്ടേറിയറ്റ് സർവ്വീസിനോ വിഘാതമായി നിൽക്കുന്ന തീരുമാനങ്ങൾ അങ്ങ് അദ്ധ്യക്ഷനായ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ലായെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ, കേരളത്തിൽ രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ ഘടന ഇതുവരെ സർക്കാർ വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും ഏതെല്ലാം തസ്തികകളും വകുപ്പുകളുമാണ് ഇതിൽ ഉൾപ്പെടുകയെന്ന് വ്യക്തമല്ലാത്തതിനാലും ഇത് സംബന്ധിച്ച ആശങ്കകൾ പൂർണ്ണമായി വ്യക്തമാക്കാൻ സംഘടനകൾക്ക് ഇപ്പോൾ സാധിക്കാത്ത സാഹചര്യമാണ് എന്നിരിക്കിലും ഇത് ഏറ്റവും ദോഷകരമായി ബാധിക്കുക സെക്രട്ടേറിയറ്റ് സർവ്വീസിനെ ആണെന്നും, സെക്രട്ടേറിയറ്റിലെ നിലവിലുള്ള പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുമെന്നും ജീവനക്കാർക്ക് ആശങ്കയുണ്ട്.

2. ഐ.എ.എസ് കേഡറിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് വേണ്ടി മാത്രമാണോ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത്. നിലവിൽ കേരളത്തിൽ നിന്നുള്ള By promotion ഐ.എ.എസ് ഒഴിവുകളുടെ 80 ശതമാനവും ഡെപ്യൂട്ടികളക്ടർമാർക്ക് മാത്രമായി നീക്കിവച്ചിരിക്കുകയാണ്. നിലവിലുള്ള ഐ.എ.എസ് ഒഴിവുകൾ നികത്തുന്നതിന് സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണമല്ലാതെയുള്ള മറ്റ് വഴികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ? കേരളത്തിൽ ഐ.എ.എസ് കേഡറിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് മൂന്ന് പ്രക്രിയ വഴിയാണല്ലോ. അതിൽ മൂന്നാമത്തെ പ്രക്രിയയായ നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നുമുള്ള സെലക്ഷന്റെ ശതമാനം വർദ്ധിപ്പിച്ചാൽ ഐ.എ.എസ്-ന് പരിഗണിക്കാൻ അർഹരായ ഉദ്യോഗസ്ഥരുടെ അഭാവം ഇല്ലാതാക്കാൻ കഴിയില്ലേ. അങ്ങനെയെങ്കിൽ സിവിൽ സർവ്വീസ് രൂപീകരണം ഒഴിവാക്കാവുന്നതല്ലേ ?

3. സെക്രട്ടേറിയറ്റിൽ ഉദ്യോഗം ലഭിക്കുന്നവർ ഐ.എ.എസ് കിട്ടണമെന്നല്ല ആഗ്രഹിക്കുന്നത്. അഡീഷണൽ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള പ്രതീക്ഷകളാണ് അവർക്കുള്ളത്. സംസ്ഥാന സിവിൽ സർവ്വീസ് നിലവിൽ വന്നാൽ ഈ പ്രൊമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെടുകയില്ല എന്ന് ഉറപ്പ് നൽകാൻ കഴിയുമോ, മാത്രമല്ല, സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിക്കുന്നവർ ദീർഘനാളത്തെ സർവ്വീസിനു ശേഷമാണ് ഉയർന്ന തസ്തികയിൽ എത്തുന്നത്. പത്തും പന്ത്രണ്ടും വർഷത്തെ സർവ്വീസിലൂടെ അവർ ആർജ്ജിക്കുന്ന അറിവും കാര്യശേഷിയും ഫലപ്രദമായി വിനിയോഗിക്കാൻ ഉയർന്ന തസ്തികയിൽ എത്തുമ്പോൾ അവർക്ക് കഴിയുന്നുമുണ്ട്. സിവിൽ സർവ്വീസ് ശ്രേണീകരണത്തിലൂടെ പരിചയസമ്പന്നതയും കാര്യശേഷിയുമുള്ളവർ ഉയർന്ന തസ്തികയിൽ എത്തുന്നത് തടയുന്ന അവസ്ഥ സംജാതമാവില്ലേ ?

4. നിലവിലെ പ്രൊമോഷൻ സാദ്ധ്യതകളിൽ പ്രതീക്ഷയർപ്പിച്ച് പി.എസ്.സി പരീക്ഷ എഴുതി സെക്രട്ടേറിയറ്റിൽ ജോലി നേടിയവരെ വഞ്ചിക്കുകയാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ് ശ്രേണീകരണത്തിലൂടെ സർക്കാർ ചെയ്യുന്നത്. ഐ.എ.എസ് പരീക്ഷയ്ക്ക് ആവശ്യമായ അതേ യോഗ്യതയുള്ളവരാണ് സെക്രട്ടേറിയറ്റിലും ജോലി നേടുന്നത്. കൂടാതെ പി.എസ്.സി യുടെ കഠിനമായ പരീക്ഷ ജയിച്ച ശേഷമാണ് ഉദ്യോഗം ലഭിക്കുന്നത്. ജോലിയിൽ അവരും കഴിവ് തെളിയിച്ച് തന്നെയാണ് പ്രവേശിക്കുന്നത്. ഐ.എ.എസ് സെലക്ഷന് വേണ്ടിയെന്ന പേരിൽ അവർക്ക് അർഹമായതും നിലവിലുള്ളതുമായ പ്രൊമോഷൻ സാദ്ധ്യതകൾ അട്ടിമറിയ്ക്കുന്നത് സാമാന്യ നീതിയ്ക്കെതിരല്ലേ ?

5. സ്റ്റേറ്റ് സിവിൽ സർവ്വീസ് നിലവിലുള്ള പല സംസ്ഥാനങ്ങളെക്കാളും ഉയർന്ന ജീവിത, ആരോഗ്യ, വിദ്യാഭ്യാസ നിലവാരം സ്റ്റേറ്റ് സിവിൽ സർവ്വീസില്ലാത്ത കേരളത്തിലുണ്ട്. അതുകൊണ്ട് തന്നെ ജനതാൽപ്പര്യത്തിനോ ജനക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനോ ഇത് ആവശ്യമില്ല എന്ന് വ്യക്തമാകുന്നതല്ലേ.

6. ബിരുദം അടിസ്ഥാന യോഗ്യതയുള്ള തസ്തികയിൽ ജോലിയിൽ നിയമിക്കപ്പെടുന്നവരെയും എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയുള്ള തസ്തികയിൽ നിയമിക്കപ്പെടുന്നവരെയും ഒരേ പരിഗണനയിൽ സിവിൽ സർവ്വീസിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നത് നീതിനിഷേധമല്ലേ ?

7. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ പെൻഷൻ പ്രായവും കേന്ദ്ര ആനുകൂല്യങ്ങൾ ലഭിക്കാതെയുള്ളതും കേരളത്തിൽ മാത്രമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഉയർന്ന പെൻഷൻ പ്രായവും കേന്ദ്ര ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ കേരളത്തിലെ ജീവനക്കാർക്ക് അത് നിഷേധിക്കുകയും സെക്രട്ടേറിയറ്റ് ജീവനക്കാരെ കൂടുതൽ അപകടത്തിലേയ്ക്ക് തള്ളിവിടുന്നതുമായ സംസ്ഥാന സിവിൽ സർവ്വീസ് ശ്രേണീകരണ സ്കീം [illegible]

13/11/13 13/11/13

8. സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കുമ്പോൾ വിവിധയോഗ്യതകൾ നിഷ്കർഷിച്ചിട്ടുള്ള സർവ്വീസുകളുടെ സ്പെഷ്യൽ റൂളുകൾ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പഠനം സർക്കാർ ഇതുവരെയും നടത്തിയതായി കാണുന്നില്ല. അത്തരം പഠനങ്ങൾ നടത്തുന്നതിന് മുമ്പുതന്നെ ഇത്തരം സിവിൽ സർവ്വീസ് അടിച്ചേൽപ്പിക്കുവാനുള്ള നീക്കം ഒഴിവാക്കേണ്ടതല്ലേ.

9. കാര്യക്ഷമമായും സംശുദ്ധമായും അഴിമതിരഹിതമായും നടക്കുന്ന സെക്രട്ടേറിയറ്റ് സർവ്വീസിനെ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണത്തിലൂടെ ഇതര ആരോപണ വിധേയമായിട്ടുള്ള സർവ്വീസുകളുമായി കൂട്ടിക്കെട്ടുമ്പോൾ സംസ്ഥാനത്തിന് ദോഷകരമാവുന്ന തരത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും തൻപ്രമാണിത്തവും ഉണ്ടാകുന്ന സാഹചര്യമല്ലേ സൃഷ്ടിക്കപ്പെടുക എന്നും ആശങ്കയുണ്ട്.

10. സെക്രട്ടേറിയറ്റിനെ സംബന്ധിച്ചിടത്തോളം നിലവിൽ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കപ്പെട്ട സംസ്ഥാനങ്ങളിലെ സ്ഥിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം വലിയ ഒരു തിരിച്ചടിയായിരിക്കുമെന്ന് ഉറപ്പാണ്. സെക്രട്ടേറിയറ്റ് സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ പൊടുന്നനെ ഇല്ലാതാവുകയും ഇനിയെന്തെങ്കിലും പ്രൊമോഷൻ ലഭിച്ചാൽ തന്നെ അവരെ ഏഴാംകൂലികളായി കാണുന്നതുമായ ഒരു സമീപനം സംസ്ഥാന സിവിൽ സർവ്വീസ് നിലവിലുള്ള പല സംസ്ഥാനങ്ങളിലുമുണ്ട്. അത് കേരളത്തിലെ സെക്രട്ടേറിയറ്റ് സർവ്വീസിനുണ്ടാവരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ആകയാൽ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണനീക്കത്തിൽ നിന്നും സർക്കാർ പിന്മാറണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെ മുകളിൽ പറഞ്ഞിരിക്കുന്ന ആശയങ്ങളും ആശങ്കകളും ബഹുമാനപുരസ്സരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

എസ്. ബിജു
ജനറൽ സെക്രട്ടറി

കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ

റ്റി.സി. 28/1086, തിരുവനന്തപുരം-695 001. ഫോൺ: 2518160, 2334523
ഫാക്സ്: 0471-2334523, E-mail: kseags@gmail.com website: www.ksea.in

പ്രസിഡന്റ്: **എസ്. യു. രാജീവ്**

ജനറൽ സെക്രട്ടറി: **കെ. ഉമ്മൻ**

സൂചന:

തീയതി.....

ബഹു.ചീഫ് സെക്രട്ടറി
കേരള.

സർ,

വിഷയം:- സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം - നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ സംഘടനകളുടെ അഭിപ്രായമാരാഞ്ഞുകൊണ്ടുള്ള 06-11-13 തീയതിയിലെ ഡി.ഒ. നം.293/എസ്.സി.-1/13/ജി.എ.ഡി കത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസ് ഏതു പ്രകാരത്തിൽ ആയിരിക്കുമെന്നും ഏതെല്ലാം തസ്തികകളിലേയ്ക്കാണ് സ്റ്റേറ്റ് സിവിൽ സർവ്വീസിൽ നിന്നും നിയമനം നടത്തുന്നതെന്നും മറ്റുമുള്ള പ്രസക്തമായ വസ്തുതകൾ കത്തിൽ പരാമർശിച്ചുകാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകുക എന്നത് അപ്രായോഗികമാണ്. എന്നിരുന്നാലും ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം സാമൂഹ്യ നീതിയിലധിഷ്ഠിതമായ വികസനം കൈവരിച്ച ഒരു സംസ്ഥാനം എന്ന ഖ്യാതി നേടിയിട്ടുണ്ട്. ക്ഷേമരാഷ്ട്ര സങ്കല്പത്തിലധിഷ്ഠിതമായ ഒരു സംസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ സിരാകേന്ദ്രമാണ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്. മാറി മാറി വരുന്ന സർക്കാരുകളുടെ നയപരമായ തീരുമാനങ്ങൾ സംസ്ഥാനത്ത് കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിനും സമസ്ത മേഖലകളുടേയും വികസനത്തിലൂടെ കേരള സംസ്ഥാനത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാക്കി മാറ്റുന്നതിലും സെക്രട്ടേറിയറ്റ് ജീവനക്കാർ വഹിച്ച പങ്ക് ചെറുതല്ല. സെക്രട്ടേറിയറ്റ് സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമായ ഒരു സർവ്വീസായിട്ടാണ് എക്കാലവും വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ഇതരസംസ്ഥാനങ്ങളിലെ സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും വ്യത്യസ്തമാണ് സംസ്ഥാന സെക്രട്ടേറിയറ്റ് സർവ്വീസ്. ബിരുദാനന്തര ബിരുദം ബി-ടെക്/നിയമബിരുദം മുതലായ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളാണ് സെക്രട്ടേറിയറ്റ് സർവ്വീസിൽ നിയമനം ലഭിച്ചുവരുന്നത്. സമൂഹത്തിന്റെ നാനാതുറകളിൽനിന്നും കടന്നുവരുന്ന ഈ ജീവനക്കാർ

സാമൂഹ്യ പ്രതിബദ്ധതയും കാര്യക്ഷമതയും പുലർത്തുന്നവരാണ്. ഇപ്രകാരം മികവുറ്റ ഒരു സർവ്വീസ് സെക്രട്ടേറിയറ്റിൽ നിലവിലിരിക്കുമ്പോൾ അതിനെ തകർത്തുകൊണ്ട് ഉയർന്ന തസ്തികളിലേയ്ക്ക് പുതിയതായി രൂപീകരിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസിൽനിന്നും ഉദ്യോഗസ്ഥരെ നേരിട്ടുനിയമിക്കാനുദ്ദേശിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇപ്രകാരം ഉയർന്ന തസ്തികയിലേയ്ക്ക് നേരിട്ട് നിയമിക്കപ്പെടുന്ന ഒരു തുടക്കക്കാരന് ഉന്നത ബിരുദം നേടി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന കടുത്ത മത്സരപരീക്ഷയിൽ ഉയർന്ന റാങ്ക് നേടി നിയമനം ലഭിച്ച് നിരവധി വർഷത്തെ പരിചയവുമാർജ്ജിച്ചശേഷം സ്ഥാനക്കയറ്റം വഴി നിയമിതനാകുന്ന ഒരു ഉദ്യോഗസ്ഥനേക്കാൾ മികവ് പുലർത്താൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നത് മൗഢ്യമാണ്.

ഇന്ത്യൻ ബ്യൂറോക്രസി കൊളോണിയൽ പൈതൃകം പേറുന്നതാണ്. ഉപരിതലം, മധ്യതലം, അധോതലം എന്നിങ്ങനെ വേർതിരിക്കാവുന്ന ബ്യൂറോക്രസിയിൽ അഖിലേന്ത്യാ സർവ്വീസ് ഉപരിതലത്തിൽ നിൽക്കുന്നതാണ്. പൊളിറ്റിക്കൽ എക്സിക്യൂട്ടീവ് ഉപരിതല ബ്യൂറോക്രസി വഴി, പ്രത്യായോജനം ചെയ്യുന്ന അധികാരങ്ങൾ മാത്രമാണ് മധ്യതലത്തിലും അധോതലത്തിലുമുള്ള ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നത്. ഉപരിതല ബ്യൂറോക്രസി എക്കാലവും സമ്പന്ന വർഗ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത്. എന്നാൽ അധോതല ബ്യൂറോക്രസി സമൂഹത്തിലെ മഹാഭൂരിപക്ഷം വരുന്ന നിസ്വവർഗ്ഗതാല്പര്യം ഉയർത്തിപിടിക്കുന്നതാണ്. വിരുദ്ധ താല്പര്യമുള്ള ഉപരിതല ബ്യൂറോക്രസിയേയും അധോതല ബ്യൂറോക്രസിയേയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് മധ്യതല ബ്യൂറോക്രസി. സ്റ്റേറ്റ് സിവിൽ സർവ്വീസ് നിലവിലുള്ള സംസ്ഥാനങ്ങളിൽ മധ്യതല ബ്യൂറോക്രസിയെ പ്രതിനിധാനം ചെയ്യുന്നത് സ്റ്റേറ്റ് സിവിൽ സർവ്വീസാണ്. അഖിലേന്ത്യാ സർവ്വീസിലേയ്ക്കുള്ള പ്രമോഷൻ ഉൾപ്പെടെയുള്ള വാഗ്ദാനങ്ങളിൽ കുടുങ്ങുന്ന ഈ വിഭാഗം സ്വാഭാവികമായും ഉപരിതല ബ്യൂറോക്രസിയോട് വിധേയത്വം പുലർത്തി വരുന്നു എന്നുള്ളതാണ് ഇത്തരം സംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്ന അനുഭവപാഠം. അതിനാൽ സ്റ്റേറ്റ് സിവിൽ സർവ്വീസ് എന്നത് നിസ്വവർഗ്ഗ താല്പര്യം ഉയർത്തിപ്പിടിക്കുന്ന അധോതല ബ്യൂറോക്രസിയെ പാർശ്വവൽക്കരിക്കുന്നതിനും സമ്പന്ന വർഗ്ഗ താല്പര്യം ഉയർത്തിപ്പിടിക്കുന്നതിനും മാത്രമേ ഉതകുകയുള്ളൂ.

2002-മുതൽ കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട സ്റ്റേറ്റ് സിവിൽ സർവ്വീസ് തന്നെയാണ് വീണ്ടും സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നത്. സ്റ്റേറ്റ് സിവിൽ സർവ്വീസ് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ദോഷകരമാണ്; അത് മഹാഭൂരിപക്ഷം വരുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതുമല്ല. മാത്രമല്ല സെക്രട്ടേറിയറ്റ് സർവ്വീസിലെ ഉയർന്ന തസ്തികകളിലെ ഗണ്യമായ ഒരു ഭാഗം സ്റ്റേറ്റ് സിവിൽ സർവ്വീസിൽനിന്നുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ട് നികത്തുവാനാണ് തീരുമാനമെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. നിയമനത്തിന് യോഗ്യരായ ഡെപ്യൂട്ടി കളക്ടർമാരുടെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന ഐ.എ.എസ്. തസ്തികകൾ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രാമുഖ്യം നൽകി നികത്താമെന്ന വാഗ്ദാനം സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്കുള്ള എതിർപ്പ് മറികടക്കാനാണെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇക്കാരണങ്ങളാൽ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തെ എംപ്ലോയീസ് അസോസിയേഷൻ അതിശക്തമായി എതിർക്കുന്നുവെന്നും നിർദ്ദിഷ്ട സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണ പ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിൻവാങ്ങണമെന്നും അസോസിയേഷൻ ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം പണിമുടക്കുൾപ്പെടെയുള്ള പ്രക്ഷോഭ പരിപാടികൾക്ക് എംപ്ലോയീസ് അസോസിയേഷൻ നിർബന്ധിതരാകുമെന്നുകൂടി അറിയിച്ചുകൊള്ളുന്നു.

കെ. ഉമ്മൻ
ജനറൽ സെക്രട്ടറി

55/13

THE KERALA FINANCE SECRETARIAT ASSOCIATION

THIRUVANANTHAPURAM
Register No. 43 /1961

No.100...../2012-13 KFSA

ബഹുമാനപ്പെട്ട സംസ്ഥാന ചീഫ് സെക്രട്ടറി മുമ്പാകെ

സർ,

വിഷയം: സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച്.

N. GOPAKUMAR

കൂടുതൽ സർവ്വീസുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് വിപുലീകരിക്കുന്നതിനെക്കുറിച്ച് സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള അങ്ങയുടെ നടപടി കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ സ്വാഗതം ചെയ്യുന്നു.

R. PRASAD
ANNIE JULA THOMAS

ഐ. എ. എസ് കേഡറിൽ ഇപ്പോൾ നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാനാണ് കേന്ദ്രപേഴ്സണൽമന്ത്രാലയം ആവശ്യപ്പെട്ടിരിക്കുന്നത് എന്നാണ് 06-11-2013 - ലെ അങ്ങയുടെ കത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

S. SAJEEV

ഐ. എ. എസ് കേഡറിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിലെ പ്രൊമോഷൻ ക്വോട്ടയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് സെക്രട്ടേറിയറ്റ് സർവ്വീസുകൾ ഉൾപ്പെടെ മറ്റു സർവ്വീസുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ സ്റ്റേറ്റ് സിവിൽ സർവ്വീസിന് രൂപം കൊടുക്കുന്നതിന് ആലോചനകൾ തുടങ്ങിയതോടെ സെക്രട്ടേറിയറ്റ് ജീവനക്കാർ മുഴുവൻ ആശങ്കാകുലരാണ്. സെക്രട്ടേറിയറ്റിൽ ഇന്നു നിലനിൽക്കുന്ന സേവന പ്രോമോഷൻ വ്യവസ്ഥകളും റിക്രൂട്ടിംഗ് സംവിധാനവും ഭാവിയിൽ അട്ടിമറിക്കപ്പെടുമെന്ന് സെക്രട്ടേറിയറ്റ് ജീവനക്കാർ ആശങ്കപ്പെടുന്നു. ഇതേ ആശങ്ക കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷനും ഉണ്ടെന്ന് അങ്ങയെ അറിയിക്കുന്നു.

P.N. MANOJKUMAR
S. PRADEEPKUMAR
PREETHI.K.NAIR

T. JAYAKUMAR

13/11/13 13/11/13

37 37

എന്നാൽ നിലവിലുള്ള ഒഴിവുകൾ നികത്തി ഭരണപരമായി ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇവിടെ സെക്രട്ടേറിയറ്റ് സർവ്വീസിന്റെ പ്രസക്തി ഒഴിച്ചുകൂടാനാവാത്തതാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതികൾ രൂപീകരിക്കുന്നതിലും, അവയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിലും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് രൂപീകരണം, ഉൾപ്പെടെ സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിചയം, കേന്ദ്രസർക്കാർ മറ്റു സംസ്ഥാന വിദേശ സർക്കാരുകൾ, ഏജൻസികൾ എന്നിവയുമായി ഭരണപരമായ കാര്യങ്ങൾക്ക് നേതൃത്വം നൽകി വിപുലമായ ഭരണ പരിചയം ആർജ്ജിച്ചിട്ടുള്ള സെക്രട്ടേറിയറ്റ് സർവ്വീസിലെ സമർത്ഥരായ ഉദ്യോഗസ്ഥരെ ഐ. എ. എസ് കേഡറിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാന സർക്കാരിന് ഏറെ ഗുണകരമായിരിക്കും. അതിനായി കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷന്റെ നിർദ്ദേശങ്ങൾ അങ്ങയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

i) ഐ. എ. എസ് കേഡറിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള രണ്ടാമത്തെ വിഭാഗമായ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ക്വോട്ടയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ മറ്റു സർവ്വീസുകൾ) നിന്നും നിയമിക്കാവുന്നതാണ്. ഇത് ഭരണപരമായി ഉണ്ടായിട്ടുള്ള നിലവിലെ ബുദ്ധിമുട്ടുകൾ താല്ക്കാലികമായി പരിഹരിക്കപ്പെടും.

ii) ഐ. എ. എസ്. കേഡറിലേക്കുള്ള തിരഞ്ഞെടുപ്പു പ്രക്രിയയിലെ മൂന്നാമത്തെ വിഭാഗമായ നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസിന് (സെക്രട്ടേറിയറ്റ് സർവ്വീസുൾപ്പെടെ മറ്റു സർവ്വീസുകൾ) അനുവദിച്ചിട്ടുള്ള പ്രൊമോഷൻ ക്വോട്ട **50** ശതമാനം ആയി വർദ്ധിപ്പിക്കുക. ഇത് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനും സെക്രട്ടേറിയറ്റ് സർവ്വീസിന് കൂടുതൽ അവസരം ലഭിക്കുന്നതിനും സഹായകമാകും.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ സെക്രട്ടേറിയറ്റ് ജീവനക്കാർ ഇന്ന് അനുഭവിച്ചുപോരുന്ന സേവന പ്രൊമോഷൻ വ്യവസ്ഥകൾക്കോ നിലവിലുള്ള റിക്രൂട്ടിംഗ് സംവിധാനത്തിനോ അഡ്മിനിസ്ട്രേറ്റീവ് എസ്റ്റാബ്ലിഷ്മെന്റുകൾക്കോ യാതൊരു വിഘാതമോ മാറ്റമോ ഉണ്ടാകാത്തവിധത്തിലായിരിക്കണം. സെക്രട്ടേറിയറ്റ് സർവ്വീസ് ഇന്ന് നിലനിൽക്കുന്ന അതേ രീതിയിൽ തുടരേണ്ടതുമാണ്.

Chief Secy. dept

13/11/13

സംസ്ഥാന സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തെ സംബന്ധിച്ച് യാതൊരുവിധ രൂപരേഖയും ഇപ്പോൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ നൽകുവാൻ സംഘടനയ്ക്ക് നിർവാഹമില്ല. പ്രസ്തുത വിഷയത്തിന്മേൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി അങ്ങ് ഉറപ്പുനൽകിയിട്ടുള്ളതുപോലെ സർവ്വീസ് സംഘടനകളുമായി നേരിട്ട് ചർച്ച നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

നിസ്സാനന്ദപുരം,
23.XI.2013.

എൻ. ഗോപകുമാർ
പ്രസിഡന്റ്

13/11/13 13/11/13

10043/MLS/13/CSO

സെക്രട്ടേറിയറ്റ് സംരക്ഷണ മുന്നണി

ഓഫീസ്: 26/1696, സെക്രട്ടേറിയറ്റ് അനക്സിനുസമീപം, തിരുവനന്തപുരം - 1
ഫോൺ: 2518410, 2334523, 9447496995, ഫാക്സ്: 0471-2334523

എസ്. ബിജു
ചെയർമാൻ

കെ. ഉമ്മൻ
ജനറൽ കൺവീനർ

Chief Secretary
26 OCT 2013

Chief Secretary
Examine

ADMINISTRATIVE REFORMS DEPARTMENT
SECRETARIAT

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി,

കേരളത്തിലെ സിവിൽ സർവ്വീസ് മേഖലയിൽ കാര്യക്ഷമത കൊണ്ടും ഭരണപരിജ്ഞാനം കൊണ്ടും സുതാര്യത കൊണ്ടും വേറിട്ട് നിൽക്കുന്ന ഒരു സംവിധാനമാണ് സെക്രട്ടേറിയറ്റ് സർവ്വീസ്. കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന സർക്കാരുകളുടെ നയരൂപീകരണത്തിനു മന്ത്രിസഭയെ സഹായിക്കുന്നതിനും ആയത് നടഷിൽ വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിലൂടെയെല്ലാം ശ്രദ്ധേയമായ പങ്കാണ് സെക്രട്ടേറിയറ്റ് ജീവനക്കാർ നിർവ്വഹിച്ച് പോരുന്നത്. കൂടാതെ നിയമസഭ സമ്മേളിക്കുന്ന വേളകളിൽ സർക്കാർ നടപടികൾ യാതൊരു ഭംഗവുമില്ലാതെ നടത്തിക്കൊണ്ടു പോകുന്നതിന് രാത്രികൾ പലതും പകലാക്കി പ്രവർത്തിയെടുത്തു വരുന്നവരാണ് സെക്രട്ടേറിയറ്റ് ജീവനക്കാർ. ഭരണഘടന വിഭാവനം ചെയ്യുന്ന പ്രകാരത്തിൽ ബഹു. ഗവർണ്ണറെയും അദ്ദേഹത്തിന്റെ മന്ത്രിസഭയേയും സഹായിക്കാനായി ചുമതലപ്പെടുത്തിയിട്ടുള്ള സെക്രട്ടേറിയറ്റ് സർവ്വീസ് തീർത്തും മാതൃകാപരമായ രീതിയിലാണ് കാലാകാലങ്ങളായി പ്രവർത്തിച്ച് വരുന്നത്.

സംസ്ഥാനത്ത് പൊതുവിൽ ശാന്തമായിരുന്ന സിവിൽ സർവ്വീസ്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം ഇല്ലായ്മ ചെയ്യപ്പെട്ടതിനെത്തുടർന്ന് ഇന്ന് അസ്വസ്ഥമാണ്. ഇതിനെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചെലവു ചുരുക്കലിനായി അടിച്ചേൽഷിച്ച 11.10.2013 തീയതിയിലെ 515/2013/ധന ഉത്തരവ് കേരളത്തിലെ സിവിൽ സർവ്വീസിന്, പ്രത്യേകിച്ച് സെക്രട്ടേറിയറ്റ് സർവ്വീസിന് മാരകമായ പ്രഹരമാണ് ഏൽഷിക്കാൻ പോകുന്നത്. ഡെപ്യൂട്ടേഷൻ തസ്തികകൾ അനുവദിക്കേണ്ടതില്ലെന്നും താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകേണ്ടതില്ലെന്നുമുള്ള സർക്കാർ തീരുമാനം സെക്രട്ടേറിയറ്റ് സർവ്വീസ് തച്ചുതകർക്കാനുള്ള നീക്കമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഇതു കൂടാതെ തീർത്തും ഏകപക്ഷീയമായി സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപികരണ നീക്കവുമായി മുന്നോട്ട് പോകുവാനുള്ള സർക്കാർ നീക്കവും ജീവനക്കാരിൽ കടുത്ത ആശങ്കയുളവാക്കിയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ യോഗ്യതയും കഴിവും അവശ്യം

1 the GA (Spl.C) Dept.

സെക്രട്ടേറിയറ്റ് സംരക്ഷണ മുന്നണി

റ്റി.സി. 28/1086, സെക്രട്ടേറിയറ്റ് അനക്സിനുസമീപം, തിരുവനന്തപുരം - 1
ഫോൺ: 2518160, 2334523, 9447496995, ഫാക്സ് : 0471-2334523

എസ്. ബിജു
ചെയർമാൻ

കെ. ഉമ്മൻ
ജനറൽ കൺവീനർ

GENERAL ADMN. DEPT. SECRETARIAT THIRUVANANTHAPURAM 06 NOV 2013

-2-

വേണ്ട നിരവധി മത്സര പരീക്ഷകളുടെ കടമ്പകൾ കടന്ന് സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും വർഷങ്ങളായുള്ള തൊഴിൽപരിചയത്തിലൂടെയും അനുഭവപരിജ്ഞാനത്തിലൂടെ ആർജ്ജിച്ച കഴിവുകൾ ഉയർന്ന തസ്തികകളിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യവും സ്റ്റേറ്റ് സിൽ സർവ്വീസ് രൂപീകരണം മൂലം സംജാതമാകും. ഇത് സെക്രട്ടേറിയറ്റ് ജീവനക്കാരായ ഞങ്ങളെ തീർത്തും നിരാശപ്പെടുത്തുന്നതും സെക്രട്ടേറിയറ്റ് സർവ്വീസിന്റെ ആത്മവീര്യം കെടുത്തുന്നതുമായ നടപടിയാണ്. പരീക്ഷിച്ച് പരാജയപ്പെട്ട ഇ- ഫയലിംഗ് സമ്പ്രദായത്തിന്റെ മറവിൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നികത്തേണ്ടതില്ലെന്നുമുള്ള തീരുമാനവും സെക്രട്ടേറിയറ്റ് ജീവനക്കാർക്കാണ് കനത്ത നഷ്ടമാണുണ്ടാകുന്നത്.

മേൽ സാഹചര്യത്തിൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ തകർക്കുന്ന സ്റ്റേറ്റ് സിവിൽ സർവീസ് രൂപീകരണ നീക്കം ഉപേക്ഷിക്കണമെന്നും 11.10.2013 ലെ 515/2013/ധന ഉത്തരവ് പിൻവലിക്കണമെന്നും സെക്രട്ടേറിയറ്റ് ജീവനക്കാരായ ഞങ്ങൾ അങ്ങയോട് അഭ്യർത്ഥിക്കുന്നു. സെക്രട്ടേറിയറ്റ് ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെ നടപ്പിലാക്കുന്ന ഏതൊരു തീരുമാനവും സെക്രട്ടേറിയറ്റിൽ നിലനിൽക്കുന്ന സമാധാനന്തരീക്ഷം തകരുവാനും പണിമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭമാർഗ്ഗങ്ങൾ തേടുന്നതിന് ജീവനക്കാർ നിർബ്ബന്ധിതരാകുമെന്നും അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

സെക്രട്ടേറിയറ്റ് സംരംക്ഷണ മുന്നണിക്കു വേണ്ടി

എസ്. ബിജു, ചെയർമാൻ

കെ. ഉമ്മൻ, ജനറൽ കൺവീനർ

1 The GIA (Spl.C) Dept.
13/11/13 13/11/13

Annexure

GOVERNMENT OF KERALA

Abstract

AIS - COMMITTEE FOR STUDYING THE FEASIBILITY OF CREATING STATE CIVIL SERVICE - CONSTITUTED - ORDERS ISSUED.

GENERAL ADMINISTRATION (SPECIAL C) DEPARTMENT

G.O.(Rt)No.7725/2013/GAD Dated, Thiruvananthapuram, 24.09.2013.

Read:- Letter No.11031/04/2012-AIS-II dated 16.08.2013 from the Department of Personnel, Public Grievances and Pensions, New Delhi, Government of India.

ORDER

Large number of vacancies for promotion to IAS in SCS Category are remaining unfilled due to absence of eligible candidates. By 2016 these vacancies are expected to rise to 38. This will severely impact the efficiency of administration in the State. As a remedy Kerala Government had taken up a proposal with Department of Personnel & Training, Government of India, to convert SCS vacancies to Non SCS category up to the year 2016.

2. Government of India had indicated that the primary reason for the large number of accumulated vacancies is the absence of regular recruitment to the State Civil Service. The State Government has also been informed that any conversion of vacancies from one category to another will be conditional to the State's willingness to constitute a State Civil Service.

3. Government have examined the matter in detail and are pleased to constitute a Committee consisting of following members to study the feasibility of creating State Civil Service in the State Government.

Chief Secretary- Chairman

Additional Chief Secretary (Finance) -Member

Additional Chief Secretary (P&ARD)- Member

Secretary (GAD)- Member

38249/Spl.Cr./2013/GAD

4. The committee should submit the report with specific terms and conditions and guidelines for the formulation of State Civil Service within one month from the date of issue of this Government Order.

By Order of the Governor,
E.K.Bharat Bhushan
Chief Secretary to Government.

To

The Additional Chief Secretary, Personnel & Administrative Reforms Department.
The Additional Chief Secretary, Finance Department.
The Secretary , General Administration Department.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The General Administration (SC) Department.
The Web and New Media Division, Information and Public Relations Department, 4th floor South Block , Secretariat (for uploading in the website www.gadsplais.kerala.gov.in)

Copy to:

The Principal Secretary to Chief Minister.
The Private Secretary to Chief Minister.
The Additional Secretary to Chief Secretary.
The PA to Additional Chief Secretary, Personnel & Administrative Reforms Department.
The PA to Additional Chief Secretary, Finance Department.
The PA to Secretary, General Administration Department.
The CA to Additional Secretary, General Administration (Special-A&C) Department
SF/OC.

Forwarded/By Order

Section Officer

305

കേരള സർക്കാർ

(ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	നം.793/എസ്.സി-1/13 /പൊ.ഭ.വ
2	വകുപ്പ്	:	പൊതുഭരണ (എസ്. സി) വകുപ്പ്
3	വിഷയം	:	കേരള അഡ്മിനിസ്ട്രീവ് സർവ്വീസ് ശുപാർശകരണം - ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്.
4	മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	:	22/05/14
5 (i)	ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?	:	ഇല്ല
(ii)	സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ?	:	ബാധകമല്ല
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	:	ഇല്ല
7	കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്	:	
8	കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്	:	—
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	—
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ശ്രീ. ഇ.കെ.ഭരത് ഭൂഷൺ
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	13.6.2014
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	16.6.2014
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും	:	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്. കേരളത്തിൽ ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്നുള്ള വസ്തുത ഒരു പൊതു അറിവാണ്. സംസ്ഥാന സിവിൽ സർവ്വീസ് വിഭാഗത്തിൽ നിന്നും ഐ.എ.എസിലേയ്ക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഭൂരിഭാഗം ഒഴിവുകളും നികത്താൻ കഴിയാത്തതാണ് ഈ ന്യൂനതയ്ക്ക് ഒരു പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്. കേരള കേഡർ ഐ.എ.എസിലെ സംസ്ഥാന സിവിൽ സർവ്വീസ് വിഭാഗത്തിൽ നിലവിൽ 26 ഒഴിവുകളാണുള്ളത്.

2. ഈ ശൂന്യത സംസ്ഥാന ഭരണത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതികൂല അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. സംസ്ഥാനം ഈ അവസ്ഥ കേന്ദ്ര പേഴ്സണൽ മന്ത്രാലയ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സ്ഥിരം റിക്രൂട്ട്മെന്റില്ലാത്ത വളരെ കുറച്ച് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും, ഇത്തരത്തിൽ ഒരു സർവ്വീസ് രൂപീകരിച്ചില്ലെങ്കിൽ സ്ഥിതി കൂടുതൽ മോശമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. യു.പി.എസ്.സി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം ഇതിൽ നിന്നും വിഭിന്നമായിരുന്നില്ല. ഒരു നല്ല ഭരണ സംവിധാനത്തിന് അർപ്പണബോധമുള്ള ഒരു സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം അത്യന്താപേക്ഷിതമാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

3. ഭരണ നവീകരണ കമ്മിറ്റി, കേരള ഭരണ പരിഷ്കരണ കമ്മിഷൻ തുടങ്ങി സംസ്ഥാന ഭരണ സംവിധാനത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് പഠിക്കാൻ വേണ്ടി നിയോഗിച്ച വിവിധ സമിതികളും സംസ്ഥാനത്ത് ഒരു പ്രൊഫഷണൽ സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. നാളിതുവരെ പ്രമോഷന് സർവ്വീസ് മാത്രം യോഗ്യതയാവുമ്പോൾ പല അവസരങ്ങളിലും ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയിൽ വിട്ടുവീഴ്ച ചെയ്യേണ്ടി വരുന്നു. സംസ്ഥാന തലത്തിൽ സിവിൽ സർവ്വീസ് രൂപീകരിച്ചിട്ടില്ലാത്ത വളരെ കുറച്ച് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

4. സർക്കാർ ഉത്തരവ് (കൈ.) 377/63/PD തീയതി 21.08.1963 പ്രകാരം ഡെപ്യൂട്ടി കളക്ടർ തസ്തിക മാത്രം കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുത്തിക്കൊണ്ട് കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നു. ഇതിന് കാരണം അറുപതുകളിൽ സംസ്ഥാനത്തെ ഭരണപരമായ കാര്യങ്ങളിൽ മുന്തിയ പങ്കും റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്തിരുന്നു എന്നതിനാലാണ്. എന്നാൽ എഴുപതുകളുടെ അവസാന

സമയത്തും എൺപതുകളിലും വളരെയധികം വകുപ്പുകൾ പുതിയതായി നിലവിൽ വരിക(B) **ഡെപ്യൂട്ടി കളക്ടർ**
ലാന്റ് റവന്യൂ അഡ്മിനിസ്ട്രേഷനും, മജിസ്ടീരിയൽ കർത്തവ്യങ്ങളും ഒഴികെ ബാക്കി **നടക്കാത്തത്.**
സർക്കാരിന്റെ എല്ലാ അധികാരങ്ങളും പുതിയതായി നിലവിൽ വന്ന വകുപ്പു സംസ്ഥാനത്ത് 22
നിക്ഷിപ്തമാകുകയുണ്ടായി. ആയതിനാൽ ഡെപ്യൂട്ടി കളക്ടർ വിഭാഗത്തെ മാത്രം സംസ്ഥാനമനത്തിനായി സംവരണം
സിവിൽ സർവ്വീസ് വിഭാഗമായി കണക്കാക്കുന്നത് നിലവിലെ അവസ്ഥയിൽ നീതീകരിക്കസ്തികകളിൽ സ്ഥാനകയറ്റം
സാധിക്കുകയില്ല. വൈവിധ്യമാർന്ന വികസന പ്രവർത്തനങ്ങൾ മറ്റു വകുപ്പുകൾ കൈകദ്യോഗസ്ഥർക്ക് ഐ.എ.എസ്
ചെയ്യുമ്പോൾ ഈ പേര് റവന്യൂ വിഭാഗത്തിന് മാത്രം നൽകുന്ന രീതി തെറ്റാണ്. രമിക്കുമ്പോഴും മാത്രമാണ്


5. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിനാൽ തന്നെ വളരെ
ആവശ്യകതയെക്കുറിച്ച് പഠിക്കാൻ 24.09.2013-ൽ സർക്കാർ ഉത്തരവ് (സിഭാഗത്തിലേയ്ക്ക് നേരിട്ടുള്ള തെര
7725/2013/പൊ.ഭ.വ. പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഡീഷണൽ വശ്യം മാത്രമാണ് ഇത്തരത്തി
സെക്രട്ടറി (ധനകാര്യ വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പ മറ്റ് സംസ്ഥാനങ്ങളിലെ
വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്) എന്നിവർ അംഗങ്ങളായി സംസ്ഥാന സർക്കാവിൽ സർവ്വീസിൽ പൂർത്തിയാ
സമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതി പലവട്ട ചർച്ചകൾ നടത്തുകയും, വിദഗ്ധരുടെ സംസ്ഥാനത്ത് യോഗ്യരാ
സീനിയർ ഉദ്യോഗസ്ഥരോടും കൂടിയാലോചിക്കുകയും, മറ്റ് സംസ്ഥാനങ്ങളിലെ സമീപ കാലാവധി പൂർത്തിയാക
സർവ്വീസിനെക്കുറിച്ച് പഠിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗണിക്കപ്പെടുന്നു. ഇത് ഐ.
സിവിൽ സർവ്വീസ് രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന നിഗമനിലുലമായി ബാധിക്കുന്നു.
എത്തിച്ചേർന്നു. **തൊഴിൽ വൈദഗ്ധ്യവും**

6. സംസ്ഥാനത്ത് സിവിൽ സർവ്വീസ് രൂപീകരിക്കേണ്ടതിന്റെ കാരണങ്ങൾ പൊതുഭരണം കൂടുതൽ സ

(A) **ഐ.എ.എസ് സ്ഥാന കയറ്റ വിഭാഗത്തിൽ സംസ്ഥാന സിവിൽ സർ** ടുന്ന പുതിയ വെല്ലുവിളിക
ഉദ്യോഗസ്ഥരുടെ കുറവ് ങ്കേതിക നൈപുണ്യമുള്ള ഉദ്യോ

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കേരള കേഡറിൽ സംസ്ഥാന സിവിൽ സൂക്ഷ്മവും പൊതുജന പങ്കാളിത
വിഭാഗത്തിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകൾ 60 എണ്ണമാണ്. 01/03/2014 ാഗസ്ഥരുടെ സേവനം പുതി
കണക്കിലെടുക്കുമ്പോൾ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ങ്ങൾക്കും കാരണമാകും.
34 ഉം ഒഴിവുകൾ 26 ഉം ആണ്. 2016 വരെ ഡെപ്യൂട്ടി കളക്ടർ വിഭാഗത്തിൽ ാന സിവിൽ സർവ്വീസ്
ഐ.എ.എസിലേയ്ക്ക് പരിഗണിക്കാൻ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്തതിനാ യ സമ്പന്നരായ ഉദ്യോഗസ
സമയമാകുമ്പോൾ ഒഴിവുകളുടെ എണ്ണം 38 ആയി വർദ്ധിക്കുകയും, ഒഴിവുകൾ ാന ഭരണത്തിൽ പുതിയ
വിധത്തിലും നികത്താൻ കഴിയാത്തതിനാൽ ഈ അവസ്ഥ ഗുരുതരമായ ഭരണ പ്രതിന കയും അത് വഴി കാര്യക്ഷമ
കാരണമാകുകയും ചെയ്യും. 7. ഈ സാഹചര്യത്തിൽ

തിക വിഭാഗങ്ങളിലെ മധ്യവ



പുതിയതായി നിലവിൽ വരികയും
ത്തവ്യങ്ങളും ഒഴികെ ബാക്കിയുള്ള
നിലവിൽ വന്ന വകപ്പുകളിൽ
കൂർ വിഭാഗത്തെ മാത്രം സംസ്ഥാന
ിലെ അവസ്ഥയിൽ നീതീകരിക്കാൻ
നങ്ങൾ മറ്റു വകപ്പുകൾ കൈകാര്യം
ന്ന രീതി തെറ്റാണ്.
ൽ സർവ്വീസ് രൂപീകരിക്കുന്നതിന്റെ
സർക്കാർ ഉത്തരവ് (സാധാ)
നതൃത്വത്തിൽ അഡീഷണൽ ചീഫ്
കൂട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
ങ്ങളായി സംസ്ഥാന സർക്കാർ ഒരു
ർച്ചകൾ നടത്തുകയും, വിദഗ്ധരോടും
മറ്റ് സംസ്ഥാനങ്ങളിലെ സിവിൽ
സ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു
പക്ഷിതമാണെന്ന നിഗമനത്തിൽ

ണ്ടതിന്റെ കാരണങ്ങൾ

സംസ്ഥാന സിവിൽ സർവ്വീസ്

ാറിൽ സംസ്ഥന സിവിൽ സർവ്വീസ്
എണ്ണമാണ്. 01/03/2014 ലെ നില
ഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം
ൂട്ടി കളക്ടർ വിഭാഗത്തിൽ നിന്ന
ദ്യോഗസ്ഥർ ഇല്ലാത്തതിനാൽ ആ
ർദ്ധിക്കുകയും, ഒഴിവുകൾ മറ്റൊരു
ു ഗുരുതരമായ ഭരണ പ്രതിസന്ധിക്ക്

(B) **ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് ക്രമാനുഗതമായി തെരഞ്ഞെടുപ്പ് നടക്കാത്തത്.**

സംസ്ഥാനത്ത് 22 തസ്തികകളാണ് ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്നത് (20% of 110) ബാക്കിയുള്ള 80% തസ്തികകളിൽ സ്ഥാനകയറ്റം വഴിയാണ് നിയമനം നടക്കുന്നത്. നിലവിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.എ.എസ് ലഭിക്കുമ്പോഴും അല്ലെങ്കിൽ അവർ സർവ്വീസിൽ നിന്ന് വിരമിക്കുമ്പോഴും മാത്രമാണ് നേരിട്ടുള്ള നിയമന വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്നത്. ആതിനാൽ തന്നെ വളരെ വലിയ ഇടവേളകൾക്ക് ശേഷമാണ് ഡെപ്യൂട്ടി കളക്ടർ വിഭാഗത്തിലേയ്ക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പ് നടക്കുന്നത്. കഴിഞ്ഞ 50 വർഷ കാലയളവിൽ 4 പ്രാവശ്യം മാത്രമാണ് ഇത്തരത്തിൽ റിക്രൂട്ട്മെന്റ് ഉണ്ടായിട്ടുള്ളത്.

മറ്റ് സംസ്ഥാനങ്ങളിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ 15 മുതൽ 20 വർഷം സിവിൽ സർവ്വീസിൽ പൂർത്തിയാക്കിയാൽ മാത്രം ഐ.എ.എസ് ലഭിക്കുന്ന സാഹചര്യത്തിൽ, നമ്മുടെ സംസ്ഥാനത്ത് യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം കേവലം 8 വർഷം എന്ന കുറഞ്ഞ കാലാവധി പൂർത്തിയാക്കുമ്പോൾ തന്നെ ഡെപ്യൂട്ടി കളക്ടർമാർ ഐ.എ.എസിലേയ്ക്ക് പരിഗണിക്കപ്പെടുന്നു. ഇത് ഐ.എ.എസിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

(C) **തൊഴിൽ വൈദഗ്ധ്യവും ഇ-ഗവേണൻസും**

പൊതുഭരണം കൂടുതൽ സങ്കീർണ്ണമായികൊണ്ടിരിക്കുന്ന ഈ കാലത്ത് സംസ്ഥാനം നേരിടുന്ന പുതിയ വെല്ലുവിളികളെ നേരിടാൻ പ്രധാന തസ്തികകളിൽ ഭരണ, വികസന സാങ്കേതിക നൈപുണ്യമുള്ള ഉദ്യോഗസ്ഥർ അത്യന്താപേക്ഷിതമാണ്. ഇത് ഭരണം കൂടുതൽ കാര്യക്ഷമവും പൊതുജന പങ്കാളിത്തമുള്ളതും ആക്കുമെന്ന് മാത്രമല്ല തൊഴിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ സേവനം പുതിയ പദ്ധതികൾക്കും പുതിയ ചിന്താധാരകൾക്കും പുതിയ നയങ്ങൾക്കും കാരണമാകും. ആയതിനാൽ മറ്റുള്ള വകപ്പുകളെയും കൂടി ഉൾപ്പെടുത്തി സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കേണ്ടത് ഒരു ആവശ്യമായി മാറിയിരിക്കുന്നു. പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരോടൊപ്പം നേരിട്ടുള്ള റിക്രൂട്ട്മെന്റ് കൂടി നടത്തുന്നത് സംസ്ഥാന ഭരണത്തിൽ പുതിയ ചിന്താധാരകൾക്കും പ്രവർത്തന നൈപുണ്യത്തിനും വഴി ഉറക്കുകയും അത് വഴി കാര്യക്ഷമമായ ഭരണ സംവിധാനത്തിന് കാരണമാവുകയും ചെയ്യും.

7. ഈ സാഹചര്യത്തിൽ സംസ്ഥാന സിവിൽ സർവ്വീസിലെ ഭരണ വികസന സാങ്കേതിക വിഭാഗങ്ങളിലെ മധ്യവർഗ്ഗ തസ്തികകൾ വഹിക്കാൻ കഴിവും പരിശീലനവും

നേടിയ ഒരു നിര രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഇനിയും നിരസി
സംസ്ഥാനത്തിന് കഴിയില്ല.

8. സമിതി ഈ വിഷയങ്ങളെ കുറിച്ച് വളരെ വിശദമായി പഠിക്കുകയും താഴെ പ
നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു.

- ഉദ്യോഗസ്ഥരുടെ ഗ്രേഡ് നിലവാരം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സി
സർവ്വീസിന്റെ catchment group വിപുലമാക്കുക
- മധ്യവർഗ്ഗ ഉദ്യോഗസ്ഥരായി യുവജനങ്ങൾ നേരിട്ട് നിയമിക്കപ്പെടുക
സംസ്ഥാന ഭരണ കാര്യക്ഷമതയിലെ നിലവാരം ഉയർത്താൻ കഴിയും.
- പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരോടൊപ്പം ഡയറക്ട് റിക്രൂട്ട്മെന്റ്
നടത്തുന്നത് സംസ്ഥാന ഭരണത്തിൽ പുതിയ ചിന്താധാരകൾക്കും പ്രവർ
നൈപുണ്യത്തിനും വഴി തുറക്കുകയും അത് വഴി കാര്യക്ഷമമായ
സംവിധാനത്തിന് കാരണമാവുകയും ചെയ്യും.

9. ഐ.എ,.എസിലേയ്ക്ക് പരിഗണിക്കപ്പെടാൻ യോഗ്യരായ എസ്.സി.
ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കുന്നതിനും, മധ്യതല ഉദ്യോഗസ്ഥരുടെ നില
ഉയർത്തുന്നതിനും, യുവജനങ്ങൾക്ക് സംസ്ഥാന സർവ്വീസിലേയ്ക്ക് നേരിട്ടുള്ള നിയ
ഉറപ്പാക്കുന്നതിനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന നാമധേയത്തിൽ സംസ്ഥ
സിവിൽ സർവ്വീസ് രൂപീകരണം എന്ന ആശയം കമ്മറ്റി ശക്തമായി ശുപാർശ ചെയ്
(കമ്മറ്റി റിപ്പോർട്ട് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു)

10. ഇതിന്റെ പ്രാരംഭ നടപടിയായി 18 വകുപ്പുകളെ ഉൾപ്പെടുത്തി കേ
അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. വകുപ്പുക
പട്ടിക റിപ്പോർട്ടിൽ അനുബന്ധം III ൽ കണ്ടാലും.

11. അനുബന്ധം III - ൽ സൂചിപ്പിച്ചിരിക്കുന്ന 18 വകുപ്പുകളിലെ ഒന്നാം ഗസ
തസ്തികയ്ക്ക് ഒരുപടി മുകളിലുള്ള തസ്തികകളെ ഡെപ്യൂട്ടി കളക്ടർ വിഭാഗത്തിൽ ഉൾപ്പെടുത്തുക
ഈ തസ്തികകളെ ഡെപ്യൂട്ടി കളക്ടറിന് തുല്യമാക്കുകയും ചെയ്തുകൊണ്ട് കേ
അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാവുന്നതാണ്.

12. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തെരഞ്ഞെടുപ്പ് താഴെപറയുന്ന രീതിക
നടത്താവുന്നതാണ്.

i. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ
അടിസ്ഥാനത്തിൽ അനുബന്ധം III-ൽ സൂചിപ്പിച്ചിരിക്കുന്ന വകുപ്പുകളിലെ

ഒന്നാം ഗസറ്റഡ് തസ്തി

ii. കേരള പബ്ലിക് സർ
സർവ്വീസ് പരീക്ഷയുടെ

(i) ഉം (ii) ഉം വിഭാഗങ്ങൾ തമ

നേരിട്ടുള്ള നിയമനത്തിനുള്ള
താഴെപറയും പ്രകാരം നിശ്ചയിക്കാവു

പ്രായപരിധി - 21-28 വ

യോഗ്യത - ബിരുദം.

സംസ്ഥാനത്ത് നിലവിലുള്ള എ
സർവ്വീസിലെ നേരിട്ടുള്ള നിയമനത്തി
രണ്ട് വർഷകാലയളവിലേക്ക് കു
പരീക്ഷ നടത്തുന്നത്.

വർഷത്തിലൊരിക്കലോ ആ
നടത്താവുന്നതാണ്.

13. സംസ്ഥാന സിവിൽ സ
അടിസ്ഥാനത്തിൽ സ്ഥാനകയറ്റം ലഭിച്ച
ഒരു പൊതു സീനിയോറിറ്റി ലിസ്റ്റ് പൊ
ലിസ്റ്റ് IAS സ്ഥാനക്കയറ്റത്തിനുള്ള ഫീ

14. തസ്തികമാറ്റം വഴി സ്ഥാനക

- ഒന്നാം ഗസറ്റഡ് തസ്തിക
ഒന്നാം ഗസറ്റഡ്
പൂർത്തിയാക്കിയിരിക്കു
- കേരള സിവിൽ സർവ്
1-ാം തീയതി 52 വയ
- കേരള പബ്ലിക് സർവ്വീസ

ശുപാർശ

i) കേരള നിയമസഭ
അടിസ്ഥാനത്തിൽ കേ

ആവശ്യകത ഇനിയും നിരസിക്കാൻ

വിശദമായി പഠിക്കുകയും താഴെ പറയുന്ന

ർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സിവിൽ
ലമാക്കുക

ാങ്ങൾ നേരിട്ട് നിയമിക്കപ്പെടുക വഴി
ിലവാരം ഉയർത്താൻ കഴിയും.

ാടൊപ്പം ഡയറക്ട് റിക്രൂട്ട്മെന്റ് കൂടി
പുതിയ ചിന്താധാരകൾക്കും പ്രവർത്തന
അത് വഴി കാര്യക്ഷമമായ ഭരണ
ിയും.

ാൻ യോഗ്യരായ എസ്.സി.എസ്
്തല ഉദ്യോഗസ്ഥരുടെ നിലവാരം
ർവ്വീസിലേയ്ക്ക്. നേരിട്ടുള്ള നിയമനം
' എന്ന നാമധേയത്തിൽ സംസ്ഥാന
ത്തി ശക്തമായി ശുപാർശ ചെയ്യുന്ന
ര)

വകുപ്പുകളെ ഉൾപ്പെടുത്തി കേരള
പാർശ ചെയ്തിരിക്കുന്നു. വകുപ്പുകളുടെ

18 വകുപ്പുകളിലെ ഒന്നാം ഗസറ്റഡ്
ക്ടർ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും
ക്കുകയും ചെയ്യുകൊണ്ട് **കേരള**

-ത്തുപ്പ് താഴെപറയുന്ന രീതികളിൽ

ഷൻ നടത്തുന്ന പരീക്ഷയുടെ
പ്പിച്ചിരിക്കുന്ന വകുപ്പുകളിലെ

ഒന്നാം ഗസറ്റഡ് തസ്തികകളിൽ നിന്നും തസ്തികമാറ്റം വഴിയുള്ള സ്ഥാനകയറ്റം.

ii. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സംസ്ഥാനതല സിവിൽ സർവ്വീസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം വഴി.

(i) ഉം (ii) ഉം വിഭാഗങ്ങൾ തമ്മിൽ 1:1 എന്ന അനുപാതം പാലിക്കാവുന്നതാണ്.

നേരിട്ടുള്ള നിയമനത്തിനുള്ള പ്രായപരിധി അന്യ സംസ്ഥാനങ്ങളുടെ മാതൃകയിൽ താഴെപറയും പ്രകാരം നിശ്ചയിക്കാവുന്നതാണ്.

പ്രായപരിധി - 21-28 വയസ്സ് (എസ്.സി./എസ്.റ്റി. വിഭാഗത്തിന് +3 വർഷം)

യോഗ്യത - ബിരുദം.

സംസ്ഥാനത്ത് നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നേരിട്ടുള്ള നിയമനത്തിനും ബാധകമായിരിക്കും.

രണ്ട് വർഷകാലയളവിലേക്ക് കണക്കാക്കപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായിരിക്കും പരീക്ഷ നടത്തുന്നത്.

വർഷത്തിലൊരിക്കലോ ആവശ്യാനുസരണം പല പ്രാവശ്യമായോ പരീക്ഷ നടത്താവുന്നതാണ്.

13. സംസ്ഥാന സിവിൽ സർവ്വീസ് തസ്തികയിലേക്കുള്ള നിയമന രീതിയുടെ അടിസ്ഥാനത്തിൽ സ്ഥാനകയറ്റം ലഭിച്ച വിഭാഗത്തിന്റെയും നേരിട്ടുള്ള നിയമന വിഭാഗത്തിന്റെയും ഒരു പൊതു സീനിയോറിറ്റി ലിസ്റ്റ് പൊതുഭരണ വകുപ്പ് തയ്യാറാക്കാവുന്നതും ഈ സീനിയോറിറ്റി ലിസ്റ്റ് IAS സ്ഥാനക്കയറ്റത്തിനുള്ള ഫീഡർ ലിസ്റ്റ് ആയി പരിഗണിക്കാവുന്നതുമാണ്.

14. തസ്തികമാറ്റം വഴി സ്ഥാനകയറ്റ നിയമനത്തിനുള്ള യോഗ്യത

- ഒന്നാം ഗസറ്റഡ് തസ്തികയിൽ ഒരു വർഷം പൂർത്തിയാക്കിയിരിക്കണം. കൂടാതെ ഒന്നാം ഗസറ്റഡ് തസ്തികയിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിരിക്കണം.
- കേരള സിവിൽ സർവ്വീസിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കുന്ന വർഷം ജനുവരി 1-ാം തീയതി 52 വയസ്സ് കവിയാൻ പാടില്ല.
- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ വിജയിച്ചിരിക്കണം.

<u>ശുപാർശ</u>

i) കേരള നിയമസഭ പാസാക്കുന്ന ഒരു നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാവുന്നതും

അത് നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ കൊണ്ടുവരാവുന്നതുമാണ്.

ii) അനുബന്ധം III – ൽ സൂചിപ്പിച്ചിരിക്കുന്ന 18 വകുപ്പുകളിലെ ഒന്നാം ഗസറ്റഡ് തസ്തികയ്ക്ക് ഒരുപടി മുകളിലുള്ള തസ്തികകളെ ഡെപ്യൂട്ടി കളക്ടർ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ഈ തസ്തികകളെ ഡെപ്യൂട്ടി കളക്ടറിന് തുല്യമാക്കുകയും ചെയ്തുകൊണ്ട് **കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്** രൂപീകരിക്കാവുന്നതാണ്.

iii) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിരമിക്കൽ തീയതി 58 വയസ്സായി നിജപ്പെടുത്താവുന്നതാണ്.

15. "കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട വിഷയം

(a) സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച് "Case of Kerala Administrative Service" റിപ്പോർട്ട് അംഗീകരിക്കാമോ?

(b) കരട് ബിൽ തയ്യാറാക്കാനുള്ള അനന്തര നടപടികൾ സ്വീകരിക്കാമോ?

16/6

16/6

Draft

This note deals
the State of Kerala.
shortage of IAS office
main cause for this
unfilled from the St
remaining unfilled in

2. The advers
administrative structu
State had taken up th
GoI was that Kerala i
based and regularly
instituted the crisis
resulted in more or
constituting a dedica
find a holistic solutior

3. Various Cor
Governances in the S
Civil Service. These
the Study Report of
promotion within the
that the quality of the
the country that does

4. As per G.
Service (Executive)
Collectors alone as
because in the ear
Government was har
and the 80's many
functions except lan
longer with the Rev
formed Departments
call the category of
also a misnomer as

Draft Note for Council of Ministers

313

This note deals with the Constitution of Kerala Administrative Service in the State of Kerala. It is common knowledge that State is facing an acute shortage of IAS officers. On analysing the reasons it is found that one of the main cause for this shortage is the large number of vacancies remaining unfilled from the State Civil Service quota. At present 26 vacancies are remaining unfilled in SCS quota of Kerala Cadre IAS.

2. The adverse effect that this vacuum has caused in the State administrative structure can well be imagined. Concerned with the situation State had taken up the issue with Secretary DoPT, GoI. The response from the GoI was that Kerala is one of the very few States that does not have a broad based and regularly recruited State Civil Service and unless such a service is instituted the crisis would only deepen. Discussions with Chairman, UPSC resulted in more or less similar response. He suggested the need for constituting a dedicated State Administrative Service in the State in order to find a holistic solution in the interest of good governance.

3. Various Committees that have examined and assessed the quality of Governances in the State have also mentioned the need for a professional State Civil Service. These include the Kerala Administrative Reforms Commission, the Study Report of MGP and others. Over the years, the requirement of promotion within the services have in some cases have been so compromised that the quality of the staff has suffered. Kerala is one of the very few State in the country that does not have a civil service at the State level.

4. As per G.O.(Ms.)377/63/PD dated 21.08.1963, the Kerala Civil Service (Executive) Special Rules came into existence by including Deputy Collectors alone as members of Kerala Civil Service(Executive). This was because in the early 60's, a major part of the administrative work in Government was handled by the Revenue Department. But, since the late 70's and the 80's many more departments have come into existence and almost all functions except land revenue administration and magisterial duties are no longer with the Revenue Department but are now assigned to the newly-formed Departments. Hence, at present there seems to be no justification to call the category of Deputy Collectors alone as the Kerala Civil Service. It is also a misnomer as it totally overlooks the multifarious developmental and

welfare work being performed by these other departments.

5. As per G.O.(Rt.) 7725/2013/GAD Dated 24.09.2013 Government set up a Committee headed by the Chief Secretary with Additional Chief Secretary (Finance), Additional Chief Secretary (P&ARD) and Secretary (GAD) as members to examine and advice on the feasibility of creating a State Civil Service in the State. The Committee has had many rounds of discussions, consulted other senior officers & experts, examined relevant documents, reports, etc and collected information on the status prevailing in other States. The Committee felt the urgent need of constituting an efficient State Administrative Service in the State.

6. The reasons which lead to the need of a State Civil Service are:

(a) Shortage of SCS officers in the promotion quota of IAS.

The SCS vacancies in the Kerala Cadre is 60. As on 01/03/2013 the number of officers in position from SCS category is 34 and there are 26 vacancies existing in this category. Until 2016 there are no eligible Deputy Collectors for promotion to IAS in the SCS quota. By 2016 the vacancy will increase to 38 leading to a crisis in state administration as these vacancies cannot be filled up in any other manner.

(b) Absence of regular recruitment of Deputy Collectors

In the State, now there are only 22 posts reserved for direct recruit Deputy Collectors (20% of 110) and remaining 80% is filled through promotion. The vacancy will come in this direct recruit category only when the existing officers are inducted into the IAS or when retirement occurs.Since Deputy Collectors are the only category included in SCS at present, the recruitment to SCS is happening only at long intervals. Thus, recruitment of Deputy Collectors has taken place only 4 times in the last 50 years.

Further, due to dearth of qualified officers, the promotion of a SCS category officer to the IAS takes place immediately on his/her completing 8 years of service, the minimum required whereas in most other States, the promotion to the IAS takes between 15 to 20 years. This adversely impacts the quality of the officers selected to Indian Administrative Service.

c) Need of Sp

Public a
task. As new
servants, it w
administratio
posts. This
citizen-orient
projects, pre
management
importance.
bringing wit
experienced
into selected
bring new ic
governance.

7. In these
recruiting ca
development,
recruits can,
in various ide

8. Committee
following conclusions

- Inorder to imp
have to widen
- The entry of
quality of Civi
governance.
- Along with e
recruitment in
will help brin
functioning an

9. The Comm
ensure the availabili
induction into the IAS
provide direct avenue

epartments.

ited 24.09.2013 Government se
with Additional Chief Secretar
RD) and Secretary (GAD) a
ibility of creating a State Civil
d many rounds of discussions
examined relevant documents
atus prevailing in other States
onstituting an efficient State

a State Civil Service are:

notion quota of IAS.

adre is 60. As on 01/03/2014
SCS category is 34 and there
y. Until 2016 there are no
to IAS in the SCS quota. By
leading to a crisis in state
t be filled up in any other

eputy Collectors

sts reserved for direct recruit
aining 80% is filled through
direct recruit category only
the IAS or when retirement
category included in SCS at
ning only at long intervals.
taken place only 4 times in

ficers, the promotion of an
ce immediately on his/her
n required whereas in most
s between 15 to 20 years.
officers selected to Indian

c) Need of Specialisation & e- governance

Public administration is fast becoming a more and more complex task. As new technologies and new issues pose a challenge to civil servants, it would be worthwhile to have persons from developmental, administration and technical departments for manning important posts. This would also make administration more effective and citizen-oriented. Professional skill of officers for implementing new projects, preparation of project proposals, project implementation and management as well as policy formulation have to be given due importance. It is, therefore, necessary to form a State Civil Service bringing within its fold other departments also. Along with experienced candidates available in Government, direct recruitment into selected specialized posts can also be adopted which will help to bring new ideas and skills into government and thereby improve governance.

7. In these circumstances, the need to create a State Civil Service by recruiting candidates with adequate educational background in development, administration and technical areas where the new recruits can, through training, be made fit to man middle-level posts in various identified departments, cannot be denied any longer.

8. Committee has studied the matter in detail and arrived at the following conclusions:

- Inorder to improve the quality of public servants, the State Government have to widen the SCS catchment group;
- The entry of youth as middle level officers will help to improve the quality of Civil Service, that is highly essential to raise the quality of governance.
- Along with experienced candidates available in Government, direct recruitment into selected specialized posts can also be adopted which will help bring new ideas, technology and skills into governmental functioning and thereby improve governance.

9. The Committee, therefore, strongly recommends that in order to ensure the availability of qualified SCS officers in the field of choice for induction into the IAS, to improve the quality of the middle level officers and to provide direct avenue for youth in the State to join the public service, a State

Civil Service called "Kerala Administrative Service" (KAS) may be set up. The Report of the Committee is enclosed as Annexure I.

10. As the initial step, the Committee has recommended to include 18 Departments within the Kerala Administrative Service. The list of Departments is enclosed as Annexure III of the Report.

11. It is suggested to include the posts one level higher to the first gazetted posts in the departments mentioned in Annexure III in the Deputy Collector category and these posts may be declared equivalent to 'Deputy Collector' and may form the KERALA ADMINISTRATIVE SERVICE.

12. The selection to the Kerala Administrative Service may be done through the following methods:

1) By transfer promotion from among the first gazetted posts of the departments mentioned in Annexure III of the report on the basis of a test conducted by PSC;
2) By Direct Recruitment through a State Civil Service Exam to be conducted by the PSC.

The ratio of 1:1 may be maintained between (1) and (2) above.

Based on the system followed in other States, the age limit etc. for direct recruits may be fixed as follows:-

Age : 21-28 years (+3 years for SC/ST)

Qualification : Graduate

All the reservations existing in the State will be applicable to the direct recruits of KAS also.

The Examination may be conducted based on vacancies reported by Government every two years.

The test shall be conducted yearly or oftener if required.

13. The General Administration Department shall prepare a combined seniority list of persons appointed in the State Civil Service by direct recruitment and by transfer promotion with reference to the date of appointment to the State Civil Service post. This seniority list may form the base and the feeder list for promotion to the IAS.

14. Qualification for recruitment by transfer:

The candidates who qualify for recruitment by transfer promotion:

- Should have completed one year in the first gazetted post. The probation in the first gazetted post should have been completed

satisfactorily.

- Should not c

selection for

- Should pass t

Recommendations:

1. Set up
legisla
date;
2. Kerala
listed
in the
Deput
Admi
3. The r
fixed
4. In ord
IAS,
condu

15. The Hon'

Kerala Administrativ

a) Whether
Service"
b) Whether t
action on
c) Whether t
a one-time
the approv

ve Service" (KAS) may be set up
as Annexure I.
ee has recommended to include 18
ive Service. The list of Departments

posts one level higher to the first
ned in Annexure III in the Deputy
be declared equivalent to 'Deputy
NISTRATIVE SERVICE.
ministrative Service may be done

nong the first gazetted posts of the
nexure III of the report on the basis

n a State Civil Service Exam to be

tween (1) and (2) above.
States, the age limit etc. for direct

or SC/ST)

ite will be applicable to the direct

based on vacancies reported by

ftener if required.
rtment shall prepare a combined
State Civil Service by direct
with reference to the date of
This seniority list may form the
AS.
nsfer:
ent by transfer promotion:
the first gazetted post. The
should have been completed

91

317

satisfactorily,

- Should not cross 52 years on the 1st day of January of the year in which selection for appointment is made.
- Should pass the test conducted by PSC.

Recommendations:

1. Set up a Kerala Administrative Service based on an Act of the legislature and the Act may be made operational from a notified date;
2. Kerala Administrative Service may be set up with the departments listed in Annexure III of the report and the second gazetted posts in these departments may be declared equivalent to the post of Deputy Collectors and may be designated as "Kerala Administrative Service".
3. The retirement age for the Kerala Administrative Service may be fixed at 58 years.
4. In order to fill up the existing vacancies in the SCS quota in the IAS, a one-time Special selection-recruitment drive may be conducted with the approval of DOPT.

15. The Hon'ble Chief Minister has ordered to place the Report "Case of Kerala Administrative Service" before the council of ministers.

Point for Decision

a) Whether the ~~study~~ report on the "Case of Kerala Administrative Service" may be approved.

b) Whether the Report may be forwarded to Law Department for taking action on formulating the KAS Act.

c) Whether to fill up the existing vacancies in the SCS quota in the IAS, a one-time Special selection-recruitment drive may be conducted with the approval of DoPT.

93/

389

കേരള അഡ്മിനിസ്ട്രേറ്റീവ് ശ്രേഫീകരണം സംബന്ധിച്ച് 24.10.2014-ൽ വിവിധ സർവീസ് സംഘടനാ പ്രതിനിധികളുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ.

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അന്യത്ര ചേർത്തിരിക്കുന്നു.

യോഗം വൈകുന്നേരം 4 മണിക്ക് ആരംഭിച്ചു.യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ചീഫ് സെക്രട്ടറി സ്വാഗതം -ചെയ്തു. കേരള അഡ്മിനിസ്ട്രേറ്റീവ് ശ്രേഫീകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ചീഫ് സെക്രട്ടറി വിശദീകരിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്ന ആശയം ഉപേക്ഷിക്കുന്നത് ഒഴികെ ഏത് നിർദ്ദേശവും സ്വീകാര്യമാണെന്ന് അദ്ദേഹം അറിയിച്ചു. സർക്കാർ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണ് ഉണ്ടായിരുന്നത്.

യോഗത്തിൽ പങ്കെടുത്ത സർവീസ് സംഘടനാ പ്രതിനിധികളുടെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ 1:1 അനുപാതത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ശ്രേഫീകരിക്കുന്നത് നിലവിലുള്ള ഉദ്യോഗ കയറ്റ സാധ്യതകളെ നഷ്ടപ്പെടുത്തും.
2. നോൺ സെക്രട്ടേറിയറ്റ് സർവീസിൽ ഉദ്യോഗകയറ്റത്തിനുള്ള സാഹചര്യം കുറവായതിനാൽ സെക്കന്റ് ഗസറ്റഡ് തസ്തിക പൂർണ്ണമായും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തുന്നത് നിലവിലുള്ള ഉദ്യോഗകയറ്റ സാധ്യതയെ പോലും പ്രതികൂലമായി ബാധിക്കും. അതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികയെ ഗസറ്റഡ് തസ്തികയായി ഉയർത്തണം.
3. സർവീസിൽ ഉള്ള നിശ്ചിത യോഗ്യതയുള്ള എല്ലാവർക്കും പ്രായഭേദമന്യേ പരീക്ഷ എഴുതാനുള്ള അവസരം നൽകുകയും അവർക്ക് പ്രത്യേക പരീക്ഷ നടത്തുകയും വേണം.
4. സെക്കന്റ് ഗസറ്റഡ് തസ്തികയുടെ 10%-ത്തിൽ കൂടുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തരുത്.
5. നിലവിൽ ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ഒഴിവ് നികത്തുന്നതിനാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ശ്രേഫീകരിക്കുന്നതെങ്കിൽ സർവീസിൽ നിരീക്ഷണ കാലം പൂർത്തിയാക്കിയ എല്ലാ ജീവനക്കാർക്കും അവസരം നൽകണം.
6. സാങ്കേതിക പരിജ്ഞാനം ആവശ്യമായ തസ്തികയിൽ ജോലി ചെയ്യുന്നവരെ ഉൾപ്പെടുത്തണമെന്നും വേണ്ടെന്നും ഉള്ള അഭിപ്രായം വിവിധ സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു.
7. പ്രായ പരിധിയിൽ ഇളവു നൽകുന്ന കാര്യം പരിശോധിക്കണം.
8. കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണം.
9. ഒന്നാം ഗസറ്റഡ് തസ്തികയുടെ 80% പ്രൊമോഷൻ തസ്തികകളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്താതെ നിലനിർത്തണം.
10. ബിരുദ യോഗ്യത ഇല്ലാത്തവർക്ക് അവർക്ക് അർഹമായ പ്രൊമോഷൻ

തടയരുത്.

11. സെക്രട്ടേറിയറ്റ് സർവീസിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്താതിരിക്കുന്നത് ഉചിതമല്ല.

12. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലെയും 10% സെക്കന്റ് ഗസറ്റഡ് തസ്തിക കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തുന്നതിൽ എതിർപ്പില്ല.

13. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുമ്പോൾ റവന്യൂ വകുപ്പിൽ നിലവിലുള്ള പ്രൊമോഷൻ അവസരം നിലനിർത്തണം.

14. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ പി.എസ്.സി വഴി നിയമനം ലഭിച്ച ജില്ലാ ഓഫീസർമാരെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തണം.

15. ജയിൽ വകുപ്പിലെ വെൽഫയർ ഓഫീസർമാരെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തണം.

16. സെക്കന്റ് ഗസറ്റഡ് തസ്തികയിൽപ്പെടുന്ന എല്ലാ ജീവനക്കാരും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുമോയെന്നും, ആകെ തസ്തികകളുടെ എത്ര ശതമാനം/എണ്ണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കണം.

17. നിലവിലുള്ള ഐ.എ.എസ് ഒഴിവുകൾ നികത്താൻ മാത്രം കേരളത്തിലെ ഏഴായിരത്തി ഇരുന്നൂറോളം വരുന്ന ഗസറ്റഡ് തസ്തികകളിലേക്കുള്ള, സർവ്വീസിന്റെ അവസാനഘട്ടത്തിൽ മാത്രം ലഭിക്കാവുന്ന പ്രൊമോഷൻ അവസരം നിഷേധിക്കരുത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഐ.എ.എസി-ന്റെ ഫീഡർ കാറ്റഗറിയല്ലായെന്നും, കേരളത്തിലും ഇതര സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ കാര്യക്ഷമതയുള്ള ഒരു സിവിൽ സർവീസ് ആവശ്യമാണെന്നും,അതിൽ നിന്നും കേരളം മാത്രം പുറകോട്ട് പോകുന്നത് നല്ലതല്ലായെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്ന കാര്യത്തിൽ സംഘടനാ പ്രതിനിധികൾ യോഗത്തിലും, നിവേദനങ്ങളിലും ചൂണ്ടിക്കാണിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ചീഫ് സെക്രട്ടറി നന്ദി പറഞ്ഞു.

യോഗം വൈകുന്നേരം 5.30 ന് അവസാനിച്ചു.

19/10/14

97

393

യോഗത്തിൽ പങ്കെടുത്തവർ

ഡോ. നിവേദിത പി ഹരൻ	-	അഡീ. ചീഫ് സെക്രട്ടറി, ആഭ്യന്തര - വിജിലൻസ് വകുപ്പ്.
ശ്രീ കെ ആർ ജ്യോതിലാൽ	-	സെക്രട്ടറി, പൊതുഭരണ വകുപ്പ്.
ശ്രീ കെ അജയകുമാർ	-	സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്
ശ്രീ സി പി രാമരാജ പ്രേമ പ്രസാദ്	-	സെക്രട്ടറി, നിയമ വകുപ്പ്.
ശ്രീമതി ജയ് മേരി ജോൺ	-	അഡീ. സെക്രട്ടറി, ധനകാര്യ വകുപ്പ്.
ശ്രീ രാജശേഖരൻ നായർ	-	ജോ. സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്
ശ്രീ എസ് വിജയകുമാരൻ നായർ	-	ജന. സെക്രട്ടറി , ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസ്
ശ്രീ ആർ സുഖലാൽ	-	ചെയർമാൻ, ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസ്
ഡോ. ബി ബാഹുലേയൻ	-	പ്രസി, കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ
ശ്രീ എസ് വിജയകുമാർ	-	മെമ്പർ, കെ.ജി.ഒ.എഫ്.
ശ്രീ നോജ് സെബാസ്റ്റ്യൻ	-	സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് സ്റ്റാഫ് യൂണിയൻ.
ശ്രീമതി കെ ലതാലക്ഷ്മി	-	ട്രഷാർ, കേരള പ്രിസൺസ് വെൽഫെയർ ഫണ്ട് ഓഫിസേഴ്സ് അസോസിയേഷൻ.
ശ്രീ ഡി രാജേഷ്	-	ജന. സെക്രട്ടറി, എൽ.എഡ്.ജി.ഡി. ഗ്രാജ്വേറ്റ് എൻജിനീയേഴ്സ് അസോസിയേഷൻ.
ശ്രീ എം കെ കൃഷ്ണൻ നമ്പൂതിരി	-	ജന. സെക്രട്ടറി, കെ.എൽ.ആർ.എസ്.എ.
ശ്രീ പി ഓ ജയിംസ്	-	കേരള ലാന്റ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ

ശ്രീ രഞ്ജിത്ത് ജോർജ്ജ്	-	പ്രസിഡന്റ്, കേരള എൻ.ജി.ഒ. ഫ്രണ്ട്.
ശ്രീ കമലാസനൻ കാര്യാട്ട്	-	ജന. സെക്രട്ടറി, കെ.ജി.ഒ. സംഘ്.
ശ്രീ സി.രാജൻപിള്ള	-	പ്രസിഡന്റ്, കെ.ജി.ഒ.യു.
ശ്രീ പി.സുനിൽകുമാർ	-	ജന. സെക്രട്ടറി, കേരള എൻ.ജി.ഒ. സംഘ്.
ശ്രീ ബി.ജയപ്രകാശ്	-	സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, എൻ.ജി.ഒ. സംഘ്.
ശ്രീ ജോർജ്ജ് കെ മത്തായി	-	ജന. സെക്രട്ടറി, അസോസിയേഷൻ ഓഫ് അഗ്രികൾച്ചർ ഓഫീസേഴ്സ് കേരള.
ശ്രീമതി വി രജത	-	ജോ. സെക്രട്ടറി, അസോസിയേഷൻ ഓഫ് അഗ്രികൾച്ചർ ഓഫീസേഴ്സ് കേരള.
ശ്രീ എൻ രവീന്ദ്രൻ	-	ജന. സെക്രട്ടറി, കെ.ജി.ഒ.യു.
ശ്രീ ടി.ബാലകൃഷ്ണൻ നായർ	-	ജില്ലാ പ്രസിഡന്റ്, കേരള എൻ.ജി.ഒ. ഫ്രണ്ട്.
ശ്രീ അമ്പലപ്പുഴ ശ്രീകുമാർ	-	സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ.
ഡോ. ഇ ജി പ്രേം ജയിൻ	-	സ്റ്റേറ്റ് കമ്മിറ്റി മെമ്പർ, കേരള ഗസറ്റഡ് ഓഫീസേഴ്സ് സെന്റർ.
ഡോ. എസ് എം സാബു	-	സ്റ്റേറ്റ് കമ്മിറ്റി മെമ്പർ, കേരള ഗസറ്റഡ് ഓഫീസേഴ്സ് സെന്റർ.
ശ്രീ മനോജ് ടി സാരംഗ്	-	സ്റ്റേറ്റ് പ്രസിഡന്റ്, കേരള എൻ.ജി.ഒ. സെന്റർ.
ശ്രീ നസീം ഹരിപ്പാട്	-	പ്രസിഡന്റ്, എസ്.ഇ.യു.
ശ്രീ കോട്ടാത്തല മോഹനൻ	-	പ്രസിഡന്റ്, എൻ.ജി.ഒ.എ.
ശ്രീ കെ.എസ് ശ്രീരഞ്ജൻ	-	സെക്രട്ടറി, എൻ.ജി.ഒ.എ.
ശ്രീമതി വി എം ഫാത്തിമ	-	എക്സി. കമ്മിറ്റി മെമ്പർ, എൽ.എസ്.ജി.ഡി. ഗ്രാജ്വേറ്റ് എൻജിനീയേഴ്സ് അസോസിയേഷൻ.

10/

421

Formation of Kerala Administrative Service - meeting held on 21.11.2014

ATTENDANCE

No.	Name	Signature
	Dr. Nivedita P Haran Additional Chief Secretary (Home & Vigilance, P&ARD).	
	Dr. K M Abraham Additional Chief Secretary (Finance, Higher Education & Social Justice).	
	Shri K R Jyothilal Secretary (General Administration).	
	Shri C P Rama Raja Prema Prasad Secretary (Law).	

AB

(1)(7)

423

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം സംബന്ധിച്ച് 21.11.2014-ൽ നിയുക്ത കമ്മിറ്റി അംഗങ്ങളുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ.

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

ശ്രീ.കെ.എം.എബ്രഹാം,അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)

ശ്രീ.കെ.ആർ.ജ്യോതിലാൽ, സെക്രട്ടറി (പൊതുഭരണം)

ശ്രീ.സി.പി.രാമരാജ പ്രേമ പ്രസാദ്, സെക്രട്ടറി(നിയമം)

യോഗം ഉച്ചക്ക് 12 മണിക്ക് ആരംഭിച്ചു.യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു. 24.10.2014 ൽ വിവിധ സർവീസ് സംഘടനാ പ്രതിനിധികളുമായി നടന്ന ചർച്ചയെ കുറിച്ച് ചീഫ് സെക്രട്ടറി വിശദീകരിച്ചു. വിശദമായ ചർച്ചക്കു ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

തീരുമാനങ്ങൾ

സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലേയും സെക്കന്റ് ഗസറ്റഡ് തസ്തികയുടെ 10% വെട്ടിക്കുറച്ചു കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാവുന്നതാണ്.

എല്ലാ വകുപ്പുകളിലേയും സാങ്കേതിക വിഭാഗത്തെ (പ്രൊഫഷണൽ ഒഴികെ) ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 30 വയസ്സും, സർവീസിലുള്ളവർക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 35 വയസ്സും ആയി നിശ്ചയിക്കാവുന്നതാണ്. ട്രാൻസ്ഫർ വഴിയുള്ള നിയമനത്തിന് പ്രത്യേക പ്രായപരിധി നിശ്ചയിക്കേണ്ടതില്ല.

റിസർവേഷൻ സംബന്ധിച്ച കാര്യങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂളിലെ 14-17 വരെ ചട്ടങ്ങൾ ബാധകമാക്കാവുന്നതാണ്.

ഓരോ വകുപ്പിലെ എല്ലാ അംഗീകൃത സർവീസ് സംഘടനാ പ്രതിനിധികളുമായി അടിയന്തിരമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ചീഫ് സെക്രട്ടറി നന്ദി പറഞ്ഞു.

24.11.14

24/11/14

24/11

(1)(7)

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം സംബന്ധിച്ച 6.12.2014 ൽ സെക്രട്ടേറിയറ്റിലെ വിവിധ സർവീസ് സംഘടനാ പ്രതിനിധികളുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ.

യോഗം വൈകുന്നേരം 3 മണിക്ക് ആരംഭിച്ചു.യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയേയും, പ്രാധാന്യത്തേയും കുറിച്ച് ചീഫ് സെക്രട്ടറി വിശദീകരിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പിലാക്കുന്നതു സംബന്ധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിന് സംഘടനാ പ്രതിനിധികളോട് അദ്ദേഹം ആവശ്യപ്പെട്ടു.

സർക്കാർ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ സംഘടനാ പ്രതിനിധികൾ ഒരേ അഭിപ്രായമാണ് പ്രകടിപ്പിച്ചത്.

യോഗത്തിൽ പങ്കെടുത്ത് സംസാരിച്ച സംഘടനാ പ്രതിനിധികളായ ശ്രീ.അഭിലാഷ് കൃഷ്ണൻ (ജനറൽ സെക്രട്ടറി,കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ),ശ്രീ. റ്റി.ശ്രീകുമാർ (ജനറൽ സെക്രട്ടറി, കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ), ശ്രീ. ജി.ശ്രീകുമാർ (പ്രസിഡന്റ്, കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ), ശ്രീ.സജീവ്.എസ് (ജനറൽ സെക്രട്ടറി, ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ), എന്നിവർ കേരളത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സെക്രട്ടേറിയറ്റ് സർവീസിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്താൻ പാടില്ല എന്നും,ജീവനക്കാരുടെ കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനമാണ് നൽകേണ്ടതെന്നും അഭിപ്രായപ്പെട്ടു.

മറ്റു പല സംസ്ഥാനങ്ങളിലേയും സ്റ്റേറ്റ് സിവിൽ സർവീസിൽ സെക്രട്ടേറിയറ്റ് സർവീസിനെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ശ്രീ.ജോസ്.വി.ഐ-യും (കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ) നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവീസിൽ (ഡെപ്യൂട്ടി കളക്ടർ) കൂടുതൽ സമാന തസ്തികകളെ ഉൾപ്പെടുത്തുകയാണ് ചെയ്യേണ്ടതെന്നും ശ്രീ.തങ്കരാജുവും (ലാ സെക്രട്ടേറിയറ്റ് അസോസിയേഷൻ) അഭിപ്രായപ്പെട്ടു.

നിലവിൽ സെക്രട്ടേറിയറ്റിൽ ജോലി ലഭിച്ചു വരുന്നവരുടെ പ്രാഗത്ഭ്യം കുടി വരുകയാണെന്നും, മറ്റു പല സംസ്ഥാനങ്ങളിലെയും സെക്രട്ടേറിയറ്റ് സർവീസിൽ lateral induction ഉണ്ടെന്നും, ഇപ്പോൾ സെക്രട്ടേറിയറ്റിനെ കേരള ~~സെക്രട്ടേറിയറ്റ്~~ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്താതിരിക്കുന്നത് ചരിത്രപരമായ മണ്ടത്തരമായിരിക്കുമെന്നും യോഗത്തിൽ പങ്കെടുത്ത ശ്രീ. കെ.എം.എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഐ.എ.എസി-ന്റെ ഫീഡർ കാറ്റഗറിയല്ലായെന്നും, കേരളത്തിലും ഇതര സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ കാര്യക്ഷമതയുള്ള ഒരു സിവിൽ സർവീസ് ആവശ്യമാണെന്നും,അതിൽ നിന്നും കേരളം മാത്രം പുറകോട്ട് പോകുന്നത് നല്ലതല്ലായെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ചീഫ് സെക്രട്ടറി നന്ദി പറഞ്ഞു.

യോഗം വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

05.01.2015

06.12.2014-ന് നടന്ന യോഗത്തിൽ പങ്കെടുത്തവർ

1.	ശ്രീ. കെ.എം.എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്)
2.	ശ്രീ. ജി. ശ്രീകുമാർ, പ്രസിഡന്റ്, കേരളാ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ.
3.	ശ്രീ. റ്റി. ജയറാം, ജനറൽ സെക്രട്ടറി, കേരളാ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ.
4.	ശ്രീ. സജീവ്.എസ്, കേരളാ ഫിനാൻഷ്യൽ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ.
5.	ശ്രീ. പി.എൻ.മനോജ് കുമാർ, സെക്രട്ടറി, കേരളാ ഫിനാൻഷ്യൽ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ.
6.	ശ്രീ. വി.എ.ബിനു, വൈസ് പ്രസിഡന്റ്, കേരളാ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ.
7.	ശ്രീ. രാജു.കെ.എ, ജനറൽ സെക്രട്ടറി, കേരളാ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ.
8.	ശ്രീ. അഭിലാഷ് കൃഷ്ണൻ, ജനറൽ സെക്രട്ടറി, കേരളാ സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസ്സോസിയേഷൻ.
"In the case of a candidate who is an Ex-serviceman or Ex-General Reserve Engineer Force person or a disembodical Territorial Army person, the period of his service in the Defence Forces or in the General Reserve Engineer Force or in the Territorial Army, as the case may be and the period of Employment on discharge upto a maximum of five years shall be excluded in computing his age for appointment.";

(b) against STREAM 2, in column (2), for the words "regular employees", the words "full Member" shall be substituted;

(c) existing *Note* shall be numbered as *Note 1* and after the *Note 1* as so numbered, the following *Note* shall be inserted, namely:-

2175/3

"*Note 2:-* Teaching staff of General Education Department is not eligible to apply under STREAM 3.";

(5) in rule 13, in sub-rule (a), the following sentence shall be added at the end, namely:-

"In the case of a candidate who is an Ex-serviceman or Ex-General Reserve Engineer Force person or a disembodical Territorial Army person, the period of his service in the Defence Forces or in the General Reserve Engineer Force or in the Territorial Army, as the case may be and the period of Employment on discharge upto a maximum of five years shall be excluded in computing his age for appointment.";

(6) in rule 14,-

(a) for sub-rule (a), the following sub-rule shall be substituted, namely:-

"(a) The scheme of examination shall be decided by the Kerala Public Service Commission in consultation with the Government and shall be on the pattern, rigour and standards adopted by the Union Public Service Commission in the examination for recruitment to the Civil Services conducted in the year prior to the year of conduct of the examination for recruitment to the Kerala Administrative Service.";

(b) in sub-rule (b), the words "or Constitutional Bodies" shall be omitted;

(7) in rule 18, the existing provision shall be lettered as sub-rule (a) and after sub-rule (a) as so lettered, the following sub-rule shall be inserted, namely:-

"(b) The posts set apart for Direct Recruitment of Administrative Officer under item (iii) of paragraph 3 of G.O.(Ms)No.267/72/PD dated 7th July, 1972 and the posts set part for Direct Recruitment of District Educational Officer specified under item 3 of rule 2 of Kerala General Education Service, arising or not filled on the date of notification of Kerala Administrative Service shall be automatically assigned to the cadre of KAS.";

(8) in SCHEDULE-II,-

(a) in TABLE-I, under 'Junior Time Scale Posts', the following entries shall be omitted, namely:-

"Personal Assistant to District Educational Officer	Education (General)	State-40500-85000	45
Statistical Officer (in the cadre of the District Officer)	Commercial Taxes	State-40500-85000	1
Publicity Officer	Labour	State-42500-87000	1
Senior Block Development Officer	Rural Development	State-40500-85000	2
Assistant Director (CFSC)	Industries & Commerce	State-40500-85000	
Public Relations Officer	Education (General)	State-40500-85000	1
Joint Director (Statistics)	Education (General)	As in PD (Economics and Statistics)	1

Assistant Director (Statistics)	Education General)	As in PD (Economics and Statistics)	1

(b) above the words '**Senior Time Scale Posts**', for the Heading "TABLE-I" the Heading "TABLE-II" shall be substituted;

(c) in TABLE-II, as so substituted, under 'Senior Time Scale Posts', the following entries shall be omitted, namely:-

Manager (EI) (in the cadre of the Deputy Director)	Industries & Commerce	State-55350-101400	14
Deputy Director (Statistics)	Land Use Board	State-55350-101400	1.".

By order of the Governor,

....,

Principal Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government, as per notification issued under G.O.(P) No.12/2017/P&ARD dated 29th December, 2017 and published as S.R.O.No.861/2017, issued the Kerala Administrative Service (KAS) Rules, 2018. The State Legislature while considering the said rules approved certain amendments moved by the Hon'ble Members. Accordingly amendments are made as proposed by the State Legislature. In the above said rules no reservation was made applicable to Physically Challenged Persons and no age relaxation was allowed to Ex-service men for selection to KAS. The Government have now decided to provide reservation for appointments by direct recruitment to KAS for differently abled persons under the Rights of Persons with Disabilities Act, 2016 and to allow age relaxation to Ex-service men for selection under Stream I as specified in rule 10(e) of Part II of Kerala State and Subordinate Services Rules, 1958. Kerala Public Service Commission has suggested for modification regarding scheme of examination in the existing rules. Accordingly, the Government have decided to make suitable amendments. In accordance with rule 2(13) of Part I of Kerala State and Subordinate Services Rules, 1958, the Government have

decided to substitute the words 'by transfer recruitment' for the words 'By Transfer appointment' in the rules. As the posts of Administrative Officer and District Educational Officer set apart for direct recruitment are included in KAS, the Government have decided to make amendments in the rules. The Government have also decided to exclude some posts inadvertently included in the KAS Rules.

The notification is intended to achieve the above object.

80 3512 / AR 12(1) / 2016 / തവ 2187

കാണ്ഡം

ഗണേശന്
കോട്ടപ്പുറം സർവ്വീസ് ബാങ്കിലെ

സർ

വിഷയം: സ.സ.നം. ബാങ്ക് ചട്ടങ്ങൾ 2016-
ഓഡിറ്റർ നാമനിർദ്ദേശം

സർക്കുലർ: 29-12-2017-ലെ സി.ഡി
(പി)നം: 12/2017/തവ
(SRO No: 861/2017)

സർക്കുലർ പ്രകാരം പുതുക്കിനിശ്ചയിച്ച
സ.സ.നം. ബാങ്ക് ചട്ടങ്ങൾ 2016-ൽ ഓഡിറ്റർ
നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള
കൺ ഓഡിറ്റ് ചട്ടങ്ങളുടെ പശ്ചാത്തലത്തിൽ
പുതുക്കിയ മാതൃക. ~~ഓഡിറ്റർമാരെ~~ നിയമിക്കുന്നതിന്
മാർഗ്ഗനിർദ്ദേശം ~~ബാങ്കിന്റെ~~ ~~ഓഡിറ്റർമാരെ~~
~~നിയമിക്കുന്നതിനുള്ള~~ മാനദണ്ഡങ്ങൾ സൂചിപ്പിച്ചുകൊണ്ടാണ്
സർക്കുലർ പുറപ്പെടുവിച്ചിരുന്നത്.

12/11/18
JS

കേരള സർക്കാർ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

നം.803512/എ.ആർ.12(1)/2016/ഉ.ഭ.പ.വ. തിരുവനന്തപുരം,
തീയതി : 12.11.2018.

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ 2018- ഭേദഗതി - സംബ.

സൂചന:- 29.12.2017 ലെ സ.ഉ(പി) നം.12/2017/ഉഭപവ (SRO No.861/2017)

സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ 2018 ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള കരട് ഭേദഗതി ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിന്മേൽ ബഹു. കമ്മീഷന്റെ അഭിപ്രായം അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഗോപാൽ.വി.എസ്.
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

ഭരണഭാഷ മാതൃഭാഷ


www.keralapsc.gov.in
kpsc.psc@kerala.gov.in

Phone:0471 - 2546234

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: AV(2)654/17/GW/Dummy

തിരുവനന്തപുരം,
തീയതി:**14.11.2018**



സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ-12) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ -അഡ്വൈസ് (റൂൾസ്) – കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് -വിശേഷാൽ ചട്ടങ്ങൾ -ഭേദഗതി സംബന്ധിച്ച്

സൂചന:-1. 29.12.2017 തീയതിയിലെ G.O.(P) No.12/2017/P&ARD
2. 12.11.2018 തീയതിയിലെ 803512/എ.ആർ12(1)/2016/ഉ.ഭ.പ.വ നമ്പർ സർക്കാർ കത്ത്.

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന് ചില ഭേദഗതികൾ വരുത്തുന്നതിനായുള്ള കരട് വിജ്ഞാപനം സൂചന 2 മുഖേന സർക്കാർ കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കിയിരുന്നു.

പ്രസ്തുത കരട് വിജ്ഞാപനം കമ്മീഷൻ വിശദമായി പരിശോധിക്കുകയും ചുവടെ കുറിക്കുന്ന ഭേദഗതികളോടെ ആയത് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

(1) കരട് വിജ്ഞാപനത്തിലെ ചട്ടം 2(4)-ൽ Sub-rule (b)-ൽ ഇപ്രകാരം മാറ്റം വരുത്തേണ്ടതാണ്.

"(b) against STREAM 2, in columns (2) and (3), for the words " regular employees or approved probationers", the words " full Member or approved probationer" shall be substituted".

കൂടാതെ വിശേഷാൽചട്ടത്തിൽ Rule 14(b)-ലും "regular employees or approved probationers" എന്നതിന് പകരമായി "full Member or approved probationer" എന്ന് ഉൾപ്പെടുത്തി ഭേദഗതി വരുത്തേണ്ടതാണ്.

(2) കരട് വിജ്ഞാപനത്തിലെ ചട്ടം 2(6) ൽ Sub-rule (a) ൽ " in consultation with the Government" എന്നതിനുശേഷമുള്ള ഭാഗം ഒഴിവാക്കികൊണ്ട് ചുവടെകുറിക്കും പ്രകാരമുള്ള Sub-rule substitute ചെയ്യേണ്ടതാണ്.

(a) for sub rule (a), the following sub rule shall be substituted, namely:-

" (a) The scheme of examination shall be decided by the Kerala Public Service Commission in consultation with the Government".

P.Sc. ഉദ്യോ മന്ത്രാലയം

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തെരഞ്ഞെടുപ്പുകളുടെ പരീക്ഷാ സമ്പ്രദായം സംബന്ധിച്ച്

UPSC All India Service -ലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതുപോലെയല്ല കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുപ്പുകൾ നടത്തിവരുന്നത്. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ തെരഞ്ഞെടുപ്പ് നിക്ഷിപ്തമായിരിക്കുന്ന തസ്തികകളുടെ പരീക്ഷ നടത്തിപ്പ് നിർവ്വഹിക്കുന്നതും സിലബസ്സ്, സ്കീം എന്നിവ തീരുമാനിക്കുന്നതും കമ്മീഷൻ തന്നെയാണ്. പരീക്ഷ ഏതു വിധേന നടത്തണമെന്നതും സ്കീം ഏതുതരത്തിൽ ആയിരിക്കണമെന്നതും KPSC ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയും, അതുപോലെ തന്നെ ഇതുമായി ബന്ധപ്പെട്ട് പ്രസ്താവിച്ച നിരവധി കോടതി വിധികളുടെ പശ്ചാത്തലത്തിലും ആണ്. UPSC, ഇതര സംസ്ഥാന സർവ്വീസ് കമ്മീഷനുകൾ എന്നിവയിൽ നിന്ന് വ്യത്യസ്തമായി കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ SC/ST, OBC വിഭാഗങ്ങളുടെ കാര്യത്തിൽ age relaxation claim ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് യഥാക്രമം 5 വർഷവും 3 വർഷവും എന്ന തരത്തിൽ Narendran Commission Report -ന്റെയും KS&SSR -ലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ അവർക്ക് Ranked List -ന്റെ Main List -ലും Supplementary List -ലും ഉൾപ്പെടാൻ അർഹതയുണ്ട്. എന്നാൽ UPSC Selection-കളിൽ age relaxation claim ചെയ്തിട്ടുള്ള മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് Community quota -ൽ മാത്രമേ ഉൾപ്പെടാൻ അർഹതയുള്ളൂ, അല്ലാതെ OC turn-ലേക്ക് നിയമന ശിപാർശ ലഭിക്കാൻ അർഹതയില്ല. അതുപോലെ തന്നെ UPSC തെരഞ്ഞെടുപ്പുകളിൽ Notification സമയത്തുതന്നെ ഓപ്പൺ, കമ്മ്യൂണിറ്റി എന്നിങ്ങനെ വേർതിരിച്ച് വേക്കൻസികൾ earmark ചെയ്ത് ഗ്രൂപ്പ്

യുന്നുണ്ട്. UPSC തെരഞ്ഞെടുപ്പ് നടപടികളിൽ KPSC തെരഞ്ഞെടുപ്പിലെന്നപോലെ KS&SSR, Narendran Commission Report എന്നിവയുടെ അടിസ്ഥാനത്തിൽ അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്നില്ല. അതുപോലെ ഒരു സംവരണ സമുദായം ഇല്ലെങ്കിൽ ആ വേക്കൻസി മാറ്റി വച്ച് NCA Notification കൊടുക്കാനും രണ്ട് NCA വിജ്ഞാപനങ്ങൾക്ക് ശേഷവും ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ Mother Ranked List-ലെ മറ്റ് സംവരണ വിഭാഗത്തിന് കൊടുക്കാനുമുള്ള വ്യവസ്ഥ പി. എസ്. സി തെരഞ്ഞെടുപ്പുകളിൽ ഉണ്ട്. 'Separate NCA selection' നടത്താനും അവയിൽ ഉദ്യോഗാർത്ഥികൾ കുറവാണെങ്കിൽ പരീക്ഷ ഒഴിവാക്കി ഇന്റർവ്യൂ മാത്രം നടത്താനും വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ തരത്തിലുള്ള വ്യത്യസ്തമായ തെരഞ്ഞെടുപ്പ് രീതി KS&SSR -ന്റെയും വിശേഷാൽ ചട്ടങ്ങളുടെയും KPSC Rules of Procedure, കാലാകാലങ്ങളിൽ കമ്മീഷൻ സ്വീകരിക്കുന്ന തീരുമാനങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ നിലവിൽ കമ്മീഷൻ സ്വീകരിച്ചു വരവെ UPSC -യുടെ ചട്ടങ്ങൾ മുറുകെപ്പിടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ KAS പരീക്ഷാ scheme നിർണ്ണയിക്കണമെന്നും, ഓരോ വർഷവും അത് പരിശോധിക്കപ്പെടണമെന്നും വന്നാൽ അത് KAS -ന്റെ സുഗമമായ തെരഞ്ഞെടുപ്പ് പ്രക്രിയയെ തന്നെ ബാധിക്കുകയും നിയമ വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നതിനാൽ KAS ന്റെ പരീക്ഷാ scheme സംബന്ധിച്ച് മറ്റൊരു തീരുമാനം കമ്മീഷൻ എടുക്കുന്നതുവരേക്കും ഇപ്പോൾ ആദ്യ തെരഞ്ഞെടുപ്പിനായി കമ്മീഷൻ തീരുമാനിച്ച് exam scheme ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിനെ അറിയിക്കുന്നതും അതിനനുസൃതമായി KAS-ന്റെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതുമാണ് ശരിയായ നടപടിയെന്നുള്ളതിനാലാണ് UPSC Scheme സംബന്ധിച്ചുള്ള പരാമർശങ്ങൾ Rule 2(6) Sub Rule(a) -യിൽ നിന്ന് നീക്കം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു.

കരട് വിജ്ഞാപനത്തിൽ ഇപ്പോൾ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ കൂടാതെ ഭേദഗതി സംബന്ധിച്ച അന്തിമ ഉത്തരവിൽ അവശ്യം ഉൾപ്പെടുത്തേണ്ടതായ ചില ഭേദഗതികൾ കൂടെ ചേർക്കുന്നു.

1. KAS -ലെ stream 2 -ലേയ്ക്കുള്ള നിയമനങ്ങൾ By transfer recruitment മുഖേന നടത്തുമ്പോൾ stream 3 -യിലേക്കുള്ള By transfer Recruitment-ന് നിഷ്കർഷിച്ചിരിക്കുന്നതു പോലെ ഉയർന്ന പ്രായപരിധി 50 ആയി വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ആയതിനാൽ stream 2 -ലെ By transfer recruitment - നുള്ള

ഉയർന്ന പ്രായപരിധി 50 ആയി നിശ്ചയിച്ചുകൊണ്ട് KAS -ന്റെ വിശേഷാൽ ചട്ടത്തിലെ Rule 12 -ലെ Sub Rule (a) -ൽ column (3) -ൽ stream 2 -ന് നേരെയുള്ള ക്രമനമ്പർ 1 -ലെ വ്യവസ്ഥയും, Rule 13 -ൽ Sub Rule (b) -യിലെ വ്യവസ്ഥയും Stream 3-ന്റെ ഉയർന്ന പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെ ഉൾപ്പെടുത്തി ഭേദഗതി ചെയ്യേണ്ടതാണ്. By transfer മുഖേനയുള്ള തെരഞ്ഞെടുപ്പിൽ വയസ്സിളവ് അനുവദിക്കാത്തതിനാലും Stream 2-ന്റെ ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തുന്ന സാഹചര്യത്തിലും Rule 12 Sub Rule (a) -ൽ Column 3-ൽ Stream 2 ന് നേരെയുള്ള ക്രമനമ്പർ 1-ലെ വ്യവസ്ഥ മേൽപ്പറഞ്ഞപ്രകാരം ഭേദഗതി ചെയ്യുമ്പോൾ " Relaxation of upper age limit will be three years in the case of OBC and five years in the case of SC/ST" എന്നുള്ള വ്യവസ്ഥ ആവശ്യമില്ല.

<u>KAS തെരഞ്ഞെടുപ്പിൽ ഭിന്നശേഷി സംവരണം നൽകുന്നത് സംബന്ധിച്ച്</u>

2. കരട് ഭേദഗതി വിജ്ഞാപനപ്രകാരം Rule 5(b) -ൽ ഭിന്നശേഷി വിഭാഗക്കാർക്ക് Direct Recruitment -ൽ നിയമനസംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Persons With Disabilities Act 2016 പ്രകാരം നിശ്ചയിച്ചിട്ടുള്ള 5 ഭിന്നശേഷി വിഭാഗങ്ങളിൽ ഏതൊക്കെ വിഭാഗങ്ങൾ KAS-ന്റെ ജോലി സ്വഭാവം കണക്കിലെടുത്തുകൊണ്ട് ആയതിന്റെ തെരഞ്ഞെടുപ്പിൽ നിയമനസംവരണത്തിന് അനുയോജ്യരാണ് എന്ന് കൃത്യമായി കണ്ടെത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിൽ മാത്രമേ ഭിന്നശേഷിസംവരണം സംബന്ധിച്ച വ്യവസ്ഥ വിജ്ഞാപനത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച് വിജ്ഞാപനത്തിൽ ഒന്നും സൂചിപ്പിച്ചിട്ടില്ല എന്നുണ്ടെങ്കിൽ അനുയോജ്യരല്ലാത്തവർ അപേക്ഷിക്കുകയും ഇവരുടെ അപേക്ഷ പിന്നീട് നിരസിക്കേണ്ടതായും വരും. ആയത് കോടതി വ്യവഹാരങ്ങളിലേക്കും നയിക്കും. കൂടാതെ suitability assessment നടത്തുന്നതിന് കോടതി ഉത്തരവുപ്രകാരം കമ്മീഷന് നിലവിൽ സാധ്യവുമല്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ Persons With Disabilities Act 2016-ന്റെ അടിസ്ഥാനത്തിൽ 4% ഭിന്നശേഷിസംവരണം സംബന്ധിച്ച് സർക്കാർ പൊതുഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ കാക്കാതെ 2016-ലെ Act-ൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ഭിന്നശേഷിവിഭാഗങ്ങളിൽ 4% സംവരണത്തിന് ഏതൊക്കെ

ഭിന്നശേഷി വിഭാഗക്കാർ KAS തെരഞ്ഞെടുപ്പിന് അനുയോജ്യരെന്ന് കണ്ടെത്തി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് ആയതു സംബന്ധിച്ച് ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

3. സർക്കാരിന്റെ Transgender policy, Appex Court -ന്റെ വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ PSC വഴിയുള്ള തെരഞ്ഞെടുപ്പുകളിൽ Transgender വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് പൊതുവായി നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്. (PSC വഴി തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെ പരിഗണിക്കേണ്ട തസ്തികകൾ identify ചെയ്യേണ്ടതാണ്) ടി വിഭാഗക്കാർക്ക് KAS-ന് വേണ്ടി അപേക്ഷിക്കുന്നതിന് വിശേഷാൽചട്ടത്തിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയറിൽ അതിനനുസൃതമായ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ.

KAS -ലേയ്ക്കുള്ള വിജ്ഞാപനം ഈ വർഷം തന്നെ പുറപ്പെടുവിയ്ക്കേണ്ടതുണ്ട്. കൂടാതെ Exam scheme, syllabus എന്നിവ തയ്യാറാക്കുകയും ചെയ്യേണ്ടതുമുണ്ട്. ടി വിശേഷാൽ ചട്ടം സംബന്ധിച്ച് മേൽപ്പറഞ്ഞ ഭേദഗതികൾ കൂടി ഉൾപ്പെടുത്തികൊണ്ട് ഭേദഗതി വിജ്ഞാപനം സംബന്ധിച്ച അന്തിമ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിച്ചാൽ മാത്രമേ ആയത് സാധ്യമാകുകയുള്ളൂ.

പ്രസ്തുത സാഹചര്യത്തിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ലിമാന്റ്ലി സക്കറിയാസ്,
ജോയിന്റ് സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

Sree/A5/letter/15.11.2018

2197

ഭരണഭാഷ മാതൃഭാഷ

www.keralapsc.gov.in
kpsc.psc@kerala.gov.in

Phone:0471 - 2546234

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: AV(2)654/17/GW/Dummy

തിരുവനന്തപുരം,
തീയതി:11.12.2018

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ-12) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ -അഡ്വൈസ് (റൂൾസ്) - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് -വിശേഷാൽ ചട്ടങ്ങൾ -ഭേദഗതി സംബന്ധിച്ച്

സൂചന:-1. 29.12.2017 തീയതിയിലെ G.O.(P) No.12/2017/P&ARD
2. 12.11.2018 തീയതിയിലെ 803512/എ.ആർ12(1)/2016/ഉ.ഭ.പ.വ നമ്പർ സർക്കാർ കത്ത്.
3. 14.11.18 -തീയതിയിലെ ഇതേ നമ്പർ കത്ത്.

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന് ചില ഭേദഗതികൾ വരുത്തുന്നതിനായുള്ള കരട് വിജ്ഞാപനം സൂചന 2 മുഖേന സർക്കാർ കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരട് വിജ്ഞാപനം കമ്മീഷൻ വിശദമായി പരിശോധിക്കുകയും ചില ഭേദഗതികളോടെ ആയത് അംഗീകരിക്കുകയും ചെയ്ത് സൂചന (3) പ്രകാരം സർക്കാരിന് ഉപദേശം നൽകുകയും ചെയ്തിരുന്നു.

കേരളാ അഡ്മിന്സ്ട്രേറ്റീവ് സർവ്വീസിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി അടിയന്തിരമായി ടി വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട ചില ഭേദഗതികൾ സംബന്ധിച്ച വിവരങ്ങൾ കൂടി ചുവടെ കുറിക്കുന്നു.

റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച്

1) റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് ഗവർണ്ണറുടെ അംഗീകാരത്തോടു കൂടിയുള്ള Rules of Procedure -ലെ Rule 13 -ൽ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

The ranked lists published by the Commission shall remain in force for a period of one year from the date on which it was brought into force provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier.

ടെയിനി ആയി തെരഞ്ഞെടുക്കപ്പെടുന്നതല്ലാത്ത മറ്റു തസ്തികകൾക്കെല്ലാം പൊതുവായി മേൽ വ്യവസ്ഥ ബാധകമായതിനാലും മറ്റൊരു പ്രൊവിഷൻ നിലവിലില്ലാത്തതിനാലും Rules of Procedure ഭേദഗതി ചെയ്യുന്നതു വരെ കാലാവധി സംബന്ധിച്ച മറ്റൊരു വ്യവസ്ഥ KAS -ന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നത് Rules of Procedure-ന് എതിരാകയാൽ ആയത് നിയമപരമായി നിലനിൽക്കാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ തെരഞ്ഞെടുപ്പ് നടപടി നിയമ കുരുക്കിൽപ്പെടുന്നതാണ്. ആയതിനാൽ KAS -ന് മേൽ വ്യവസ്ഥ ബാധകമാകുന്ന പക്ഷം പൊതു റാങ്ക് ലിസ്റ്റിന്റെ ഗണത്തിൽപെടുന്ന നിലവിലുള്ള പി.എസ്.സി റിക്രൂട്ട്മെന്റ് ചെയ്യപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ പോലുള്ള തസ്തികകൾക്ക് ബാധകമായതു പോലെ കുറഞ്ഞത് ഒരു വർഷം അല്ലെങ്കിൽ ഇതേ തസ്തികയ്ക്ക് മറ്റൊരു റാങ്ക് ലിസ്റ്റ് വരുന്നതുവരെയോ അല്ലെങ്കിൽ പരമാവധി മൂന്നു വർഷം വരെയോ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നതുമാണ്. തത്വത്തിൽ ഒരു വർഷത്തിനകം തന്നെ രണ്ടു സ്റ്റേജ് ഉള്ള പരീക്ഷ ആയതിനാൽ മറ്റൊരു റാങ്കുലിസ്റ്റ് വരുവാൻ സാധ്യതയില്ലാത്തതിനാൽ പൊതുറാങ്കുലിസ്റ്റ് പോലെ മൂന്നു വർഷം തന്നെ നിലനിൽക്കും. ഈ മൂന്നു വർഷക്കാലം, ചട്ടപ്രകാരം മൂന്നു വർഷ കാലവധിയുടെ അവസാന ദിവസം വരെ റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും Rules of Procedure 14 പ്രകാരം ആയതിലേക്ക് അഡ്വൈസ് ചെയ്യുകയും ചെയ്യേണ്ടി വരും. മേല്പറഞ്ഞ രണ്ടു Clause-കളും നിലനിൽക്കേ ആയതിനു വിരുദ്ധമായി റാങ്കുലിസ്റ്റിന്റെ കാലാവധി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനു വേണ്ടി പ്രത്യേകം നിജപ്പെടുത്താനോ Notified Vacancy-യ്ക്കു മാത്രമായി നിജപ്പെടുത്താനോ കഴിയാത്ത അവസ്ഥ സംജാതമാകുന്നു. മേൽ നടപടി KS&SSR-ഉം Rules of Procedure-ഉം പ്രകാരം നിലനിർത്തേണ്ടി വരുന്നതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി നിയമപരമായ റാങ്ക് ലിസ്റ്റ് കാലാവധി വരെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് കമ്മ്യൂണിറ്റി അനുസൃതമായി KS&SSR

ട്ടും 14-ൽ പ്രതിപാദിച്ചിരിക്കുന്ന Communal Rotation പ്രകാരം നിയമന ശിപാർശ നൽകേണ്ടി വരും.

KS&SSR Rule15 - പ്രകാരം തന്നെ "One selection year-for the purpose of this rules shall be the period from the date on which the Ranklist of candidates comes into force to the date on which it expires. " എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ വ്യവസ്ഥയും നിലനിൽക്കുന്നതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ റാങ്കലിസ്റ്റിന്റെ കാലാവധിയും പൊതുറാങ്കലിസ്റ്റിന്റെ Rules of Procedure 13 പ്രകാരം നിലനിർത്തേണ്ടതായി വരും എന്ന് അറിയിക്കുന്നു.

ട്രെയിനിംഗ് ബാധകമായ തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് മറ്റൊരു വ്യവസ്ഥയും നിലനിൽക്കുന്നുണ്ട്.

Rules of Procedure Rule 13 Proviso 1 പ്രകാരവും 15.04.2016-ൽ നിലവിൽ വന്ന ഭേദഗതി വിജ്ഞാപന പ്രകാരവും -

> "Provided that the above rule shall not apply in respect of Ranked Lists of candidates for admission to Training Courses that leads to automatic appointment to services or posts and that in such cases the Ranked Lists shall cease to be in force after one year from the date of finalisation of the Ranked Lists." എന്ന വേറെ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്.

ടി വ്യവസ്ഥയിൽ പൊതുവായി പ്രതിപാദിക്കുന്നത് Sub Inspector of Police, Police Constable തുടങ്ങിയ യൂണിഫോംഡ് ഫോഴ്സിലെ വിഭാഗങ്ങൾക്കാണ്. അതിന്റെ നിയമന നോട്ടിഫിക്കേഷൻ രീതി തന്നെ Trainee എന്ന നിലയ്ക്കാണ്. ആയതിനാൽ KAS Officer (Junior Time Scale) തസ്തിക പ്രസ്തുത ഗണത്തിൽപ്പെട്ടതാണെങ്കിൽ Trainee എന്ന നിലയ്ക്കാണ് ഇതിന്റെ വലുടന രൂപീകരിക്കുന്നതെങ്കിൽ റാങ്കലിസ്റ്റിന്റെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തുവാൻ കഴിയും. അപ്രകാരം ഒരു വർഷമായി നിലനിർത്തുകയാണെങ്കിൽ Rules of Procedure Rule 13-Proviso 1 പ്രകാരം ആയത് അനുവദനീയവും നിയമപരമായി ശരിയുമാണ്. അതുകൊണ്ട് Trainee Post-കളുടെ ഗണത്തിൽപെടുത്തേണ്ടതാണെങ്കിൽ അതിനായി പ്രത്യേകം സ്പെഷ്യൽ റൂളിൽ തസ്തികയുടെ പേരിൽ KAS Officer (Junior Time Scale) Trainee എന്ന് പ്രതിപാദിക്കണം. അങ്ങനെ എങ്കിൽ റാങ്കലിസ്റ്റിന്റെ കാലാവധി ഒരു വർഷമായി നിലനിർത്താൻ കഴിയും. ഇതനുസരിച്ച് ഒരു വർഷകാലാവധിക്കുള്ളിൽ വരുന്ന എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുവാൻ സാധിക്കുകയും ചെയ്യും. KAS റാങ്ക് ലിസ്റ്റിന്റെ കാലാവധി മുകളിൽപ്പറഞ്ഞ

ഏത് വ്യവസ്ഥ പ്രകാരം നിശ്ചയിക്കണമെന്ന കാര്യത്തിൽ സർക്കാർ അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്.

2) Age Limit - relaxation in upper age:

ഭിന്നശേഷിക്കാർക്ക്, G.O(P) No.158/73/PD dated 29.05.1973, G.O(Ms) No.30/78/GAD dated 16.01.1978-ലെ ഉത്തരവുകൾ പ്രകാരം ലോക്കോമോട്ടോർ ഡിസെബിലിറ്റിക്കാർക്ക് പത്തു വർഷവും, Blind, Deaf and Dumb എന്നീ വിഭാഗത്തിൽപെട്ടവർക്ക് പതിനഞ്ചു വർഷവും വയസ്സിളവും, വിമുക്ത ഭടന്മാരെ സംബന്ധിച്ചിടത്തോളം ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായപരിധിയിൽ അവരുടെ പ്രതിരോധ സേനയിലുള്ള സേവനത്തിന് തുല്യമായ കാലത്തോളവും പ്രതിരോധ സേനയിൽ നിന്ന് പിരിഞ്ഞുപോയതിനുശേഷം തൊഴിൽ ഇല്ലാതെ നിന്ന കാലത്തിൽ പരമാവധി അഞ്ചു വർഷത്തോളവും ഇളവ് അനുവദിക്കുന്നതാണ് എന്ന പൊതുവ്യവസ്ഥ നിലനിൽക്കേ ആയതു പ്രകാരം നിക്ഷിപ്തമായ നിയമാവകാശത്തെ തടഞ്ഞുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിജ്ഞാപനത്തിനു മാത്രം നേരിട്ടുള്ള നിയമനത്തിനുള്ള (stream I) ഉയർന്ന പ്രായപരിധി 32 വയസായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽപോലും ഭിന്നശേഷിക്കാർക്കും വിമുക്ത ഭടന്മാർക്കും ഉയർന്ന പ്രായപരിധിയിൽ നൽകുന്ന ഇളവിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. പി.എസ്.സി തെരഞ്ഞെടുപ്പുകൾക്ക് സാധാരണ OBC വിഭാഗക്കാർക്ക് മൂന്നു വർഷവും SC/ST വിഭാഗക്കാർക്ക് അഞ്ചു വർഷവും പ്രായപരിധിയിൽ ഇളവു നൽകി വരുന്നുണ്ട്. അതുപോലെ വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷം വയസ്സിളവും നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന മുകളിൽ പറഞ്ഞ പ്രകാരമുള്ളതുയും വയസ്സിളവ് KAS -ന് നൽകേണ്ടതില്ല എന്നുണ്ടെങ്കിൽ ടി തെരഞ്ഞെടുപ്പിന് ഏത് വിഭാഗത്തിനായാലും നൽകുന്ന വയസ്സിളവ് പരമാവധി 5 വർഷമായിരിക്കും എന്ന നിലയിൽ KAS -ന് വേണ്ടി സർക്കാർ നിയമനിർമ്മാണം നടത്തേണ്ടതാണ്.

3) KAS Officer (Junior Time Scale) തസ്തികയിലേക്ക് direct recruitment -ന് scale of pay notification -ൽ നൽകേണ്ടതുള്ളതിനാൽ ആയത് വ്യക്തമായി Special Rule -ൽ പ്രതിപാദിക്കേണ്ടതാണ്.

പൊതുവായ ചില വിഷയങ്ങൾ കൂടി ചുവടെ കുറിക്കും പ്രകാരം അനന്തര നടപടികൾക്കായി ശ്രദ്ധയിൽപെടുത്തുന്നു.

ഭിന്നശേഷി വിഭാഗക്കാരെ സംബന്ധിച്ച്

4) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Persons with Disabilities Act 2016 -ന്റെ അടിസ്ഥാനത്തിൽ 4% സംവരണം നൽകുന്നത് സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിച്ചാൽ

മാത്രമേ ആയത് KAS -ന് ബാധകമാക്കാൻ കഴിയു. ആയതിനാൽ ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിലവിലുള്ള 3% ഉൾപ്പെടുത്തികൊണ്ട് KAS -ന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഭിന്നശേഷി സംബന്ധിച്ച് 14.11.18 -ലെ കത്തിൽ സൂചിപ്പിച്ച കാര്യങ്ങളിൽ താഴെപറയുന്ന കാര്യങ്ങൾ കൂടി അറിയിക്കുന്നു. അതായത് കേരള ഗവൺമെന്റ് ഓരോ തസ്തികയുടെ ജോലി സ്വഭാവം അനുസരിച്ച് പ്രസ്തുത ജോലി ചെയ്യുവാൻ കഴിയുന്നതിനുള്ള പ്രാപ്തി കണ്ടെത്തികൊണ്ട് (identify ചെയ്തത്) Government ഉത്തരവ് ഇറക്കിയിട്ടുണ്ട്. എന്നാൽ KAS -നെ സംബന്ധിച്ചിടത്തോളം അപ്രകാരം identify ചെയ്ത ഉത്തരവ് ഇല്ല. ആയതിനാൽ KAS തെരഞ്ഞെടുപ്പിൽ ഭിന്നശേഷി വിഭാഗത്തിന് 3% സംവരണ അർഹത കണക്കാക്കേണ്ടി വരും. ഭിന്നശേഷി വിഭാഗക്കാരുടെ കാര്യത്തിൽ ഒന്നുകിൽ identify ചെയ്ത് expressively prohibited അല്ലെങ്കിൽ 3 category -ക്കും അപേക്ഷിക്കാൻ കഴിയും എന്നതാണ് നിയമപരമായ അനുമാനം. ആയതിനാൽ എത്രയും പെട്ടെന്ന് KAS നോട്ടിഫൈ ചെയ്യേണ്ടതിനാൽ PWD Act -ഉം Government of India -യുടെ Office Memorandum, UPSC Exam എന്നിവയിൽ അനുശാസിക്കുന്നതു പോലെ താഴെ പറയുന്ന functional classification and physical requirement എന്ന clause KAS -ന്റെ Special Rule ഉൾപ്പെടുത്തി കഴിഞ്ഞാൽ പ്രസ്തുത clause -ന്റെ അടിസ്ഥാനത്തിൽ KAS notify ചെയ്യുവാൻ കഴിയും. ആയതിനാൽ താഴെ പറയുന്ന clause ചേർക്കുന്നു.

A list identified suitable for Persons with Benchmark Disability along with the Physical Requirements and Functional Classifications:

S. R. No	Name of Service	Categories for which identified	Functional Classification	Physical Requirements
1	Indian Administrative Service	Blindness and low vision	LV	MF, PP,S,ST,W,L,C,RW,H, KC,BN
			B	MF,PP,S,ST,W,L,C,RW (in Braille/software),H,KC, BN
		Hearing Impirement	FD,HH	PP,S,ST,W,L,C,RW,KC ,BN
		Locomotor disabiligy including Cerebral Palsy	OA,OL,BA,BH,M W,OAL,Cerbral Palsy	S,ST,W,SE,H,RW,C
			BLA, BLOA, BL	S,SE,H,RW,C

സർക്കാർ GO പ്രകാരവും PSC സർക്കുലർ പ്രകാരവും ഭിന്നശേഷി വിഭാഗങ്ങൾക്ക് എഴുത്തു പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പരമാവധി 10 % മാർക്ക് ലോക്കോമോട്ടോർ ഡിസെബിലിറ്റികാർക്കും 12% മാർക്ക് അന്ധർ, ബധിരർ, മൂകർ എന്നിവർക്കും ഗ്രേസ് മാർക്ക് നൽകി വരുന്നു. KAS -ന്റെ scheme പ്രകാരം മൊത്തം മാർക്കായ 300 -ന്റെ 10%, 12% നൽകി വരുമ്പോൾ യഥാക്രമം 30 -ഉം 36 -ഉം മാർക്ക് additional ആയി കൊടുക്കുമ്പോൾ അത് മൊത്തം മാർക്കിനെ സാരമായി ബാധിക്കും എന്നതിനാൽ ഇതിനു പകരം മൊത്തം 100 മാർക്കിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗക്കാർക്കുള്ള ഗ്രേസ് മാർക്ക് കണക്കാക്കാവുന്നതാണ്.

Transgender വിഭാഗത്തെ സംബന്ധിച്ച്

5) KAS -ന് അപേക്ഷ സ്വീകരിക്കുന്ന അവസരത്തിൽ Transgender വിഭാഗം ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന പക്ഷം നിലവിലുള്ള പി.എസ്.സിയുടെ Online profile -ൽ ടി വിഭാഗത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ ടി വിഭാഗത്തിനുള്ള option നൽകേണ്ടതുണ്ട്. എന്നാൽ PSC മുഖേനയുള്ള തെരഞ്ഞെടുപ്പുകളിൽ ടി വിഭാഗത്തെ പരിഗണിക്കുന്നത് സംബന്ധിച്ച് ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ KAS -ന് അപേക്ഷ സ്വീകരിക്കുന്നതിനു മുൻപായി Transgender വിഭാഗത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നുണ്ടെങ്കിൽ Online profile -ൽ Male, Female എന്നതിനൊപ്പം Transgender വിഭാഗത്തിന് കൂടിയുള്ള TG (Transwoman, Transman) എന്ന options ഉൾപ്പെടുത്തേണ്ടതായി വരും. ആയതിനായി ഇതു സംബന്ധിച്ച് പി.എസ്.സി തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ ടി വിഭാഗത്തെ identify ചെയ്യുന്നതിനായി എന്ത് തരം സർട്ടിഫിക്കറ്റാണ് ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടത്, ആയത് issue ചെയ്യേണ്ട ഉദ്യോഗസ്ഥൻ ആരാണ് എന്നിവ നിഷ്കർഷിച്ചുകൊണ്ട് ഒരു പൊതു ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ മാത്രമേ Transgender വിഭാഗത്തിന് KAS -ന് അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, പൊതു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ Transman, Transwoman എന്ന രണ്ട് വിഭാഗങ്ങളെ പി.എസ്.സി മുഖേനയുള്ള തെരഞ്ഞെടുപ്പുകൾക്ക് രണ്ട് പ്രത്യേക വിഭാഗങ്ങളായി കണക്കാക്കുന്നതാണെന്ന് രേഖപ്പെടുത്തേണ്ടതും, Female -ന് അപേക്ഷിക്കാൻ പാടില്ല എന്ന വ്യവസ്ഥയുള്ള തസ്തികകൾക്ക് Transwoman -നെയും Male -ന് അപേക്ഷിക്കാൻ പാടില്ല എന്ന വ്യവസ്ഥയുള്ള തസ്തികകൾക്ക് Transman -നെയും പരിഗണിക്കുന്നതല്ല എന്നും ഇതു സംബന്ധിച്ച ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്.

6) മലയാളം, തമിഴ്, കന്നട എന്നീ മൂന്നു ഭാഷയിൽ ഏതെങ്കിലും ഒരു ഭാഷ opt ചെയ്യുന്നവർക്ക് 20 മാർക്കിന്റെ ഭാഷാ പരിജ്ഞാനവും പരിശോധിക്കുന്നുണ്ട്. എന്നാൽ ടി മൂന്നു ഭാഷയിൽ

ഏതെങ്കിലും ഒന്ന് opt ചെയ്യാത്തവർക്ക് പ്രസ്തുത മാർക്ക് കുറവു സംഭവിക്കും എന്നതിനാൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം അത്രയും മാർക്കിന് അവകാശപ്പെടാവുന്നതിനാലാണ് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പരീക്ഷാ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽപ്പറഞ്ഞ എല്ലാ വസ്തുതകളും പരിഗണിച്ച് ആയത് സംബന്ധിച്ച് Special rule -ൽ ഭേദഗതി വരുത്തി അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ഡിസംബർ മാസത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയു എന്നതിനാൽ ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

KAS തെരഞ്ഞെടുപ്പിനായി കമ്മീഷൻ അംഗീകരിച്ച പരീക്ഷാ സ്കീം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം : മേൽപ്പടി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

Scheme of Examination

പരീക്ഷയുടെ ഘട്ടങ്ങൾ	പരീക്ഷയുടെ വിവരം	മാർക്ക്	പരീക്ഷയുടെ രീതി	മാധ്യമം	പേപ്പറുകളുടെ വിവരം	സമയ ദൈർഘ്യം
ഒന്ന്	പ്രാഥമിക പരീക്ഷ	100	Objective Multiple Choice	English	Paper I General Studies	90 മിനിട്ട്
		80	Objective Multiple Choice	English	Paper II Part I 1.General Studies Part II 2.Language proficiency - English / Malayalam / Tamil / Kannada	70 മിനിട്ട് 20 മിനിട്ട്
		20	Objective Multiple Choice	English / Malayalam / Tamil / Kannada		
രണ്ട്	മുഖ്യപരീക്ഷ	100	Descriptive Examination	English / Malayalam	Paper I	2 മണിക്കൂർ
		100	Descriptive Examination	English / Malayalam	Paper II	2 മണിക്കൂർ
		100	Descriptive Examination	English / Malayalam	Paper III	2 മണിക്കൂർ
മൂന്ന്	അഭിമുഖം	60				

ഒന്നാം ഘട്ട പരീക്ഷ (Preliminary Examination) -Objective Multiple Choice മാതൃകയിലുള്ളതായിരിക്കും. പ്രാഥമിക പരീക്ഷ (Preliminary Examination) സ്ക്രീനിംഗ് ടെസ്റ്റായി മാത്രമാണ് പരിഗണിക്കുന്നത് (ഇതൊരു Rule III പരീക്ഷ അല്ല). പ്രാഥമിക പരീക്ഷയുടെ മാർക്ക് റാങ്ക് പട്ടിക തയ്യാറാക്കുന്നതിലേക്ക് പരിഗണിക്കുന്നതല്ല. മുഖ്യപരീക്ഷയുടെയും അഭിമുഖത്തിന്റെയും മാർക്കുകൾ മാത്രമായിരിക്കും റാങ്ക് നിർണ്ണയത്തിനായി ഉപയോഗിക്കുന്നത്.

പ്രാഥമിക പരീക്ഷ:

1. പ്രാഥമിക പരീക്ഷയ്ക്ക് 100 മാർക്കിന്റെ ഓരോ പേപ്പറിന്റെയും objective type (multiple choice) പരീക്ഷയുടെ ദൈർഘ്യം 90 മിനിറ്റ് ആയിരിക്കും.
2. പ്രാഥമിക പരീക്ഷയ്ക്കുള്ള രണ്ടു paper ഒരു ദിവസം രണ്ടു schedule ആയി നടത്തുന്നതായിരിക്കും.
3. പ്രാഥമിക പരീക്ഷയുടെ രണ്ടു paper -ഉം എഴുതി വിജയിക്കുന്നവരെ മാത്രമേ മുഖ്യ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ.
4. പ്രാഥമിക പരീക്ഷയുടെ (Online/OMR) തീയതി വിജ്ഞാപനത്തിൽ ചേർക്കുന്നതായിരിക്കും.

5. പ്രാഥമിക പരീക്ഷ എഴുതി യോഗ്യരായവരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന പട്ടികയോടൊപ്പം മുഖ്യ പട്ടികയുടെ പരീക്ഷ തീയതി കൂടി പ്രസിദ്ധീകരിക്കുന്നതായിരിക്കും.

മുഖ്യപരീക്ഷ

1. മുഖ്യപരീക്ഷയ്ക്ക് 100 മാർക്കിന്റെ ഓരോ പേപ്പറിന്റെയും വിവരണാത്മക പരീക്ഷയുടെ ദൈർഘ്യം രണ്ടു മണിക്കൂർ ആയിരിക്കും
2. ഓരോ ദിവസവും ഒരു paper എന്ന രീതിയിൽ മൂന്നു ദിവസമായിട്ടായിരിക്കും നടത്തുക.
3. പ്രാഥമിക പരീക്ഷയുടെയും, മുഖ്യ പരീക്ഷയുടെയും സിലബസ് അപേക്ഷയുടെ അവസാന തീയ്യതിക്ക് ശേഷം PSC -യുടെ website -ൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

പ്രാഥമിക പരീക്ഷയിൽ രണ്ടാമത്തെ പേപ്പറിൽ 20 മാർക്ക് ചോദ്യങ്ങൾ ഇംഗ്ലീഷ് / മലയാളം /തമിഴ് / കന്നട ഭാഷാ പരിജ്ഞാനം അളക്കുന്നതായിരിക്കും. ഭാഷാ ചോദ്യങ്ങളിൽ വിവർത്തനം ഉണ്ടായിരിക്കുന്നതല്ല. ഇംഗ്ലീഷ് / മലയാളം/ തമിഴ്/ കന്നട ഭാഷാ ചോദ്യങ്ങൾ പ്രത്യേകമായി തയ്യാറാക്കിയവയായിരിക്കും. ഏത് ഭാഷാ ചോദ്യമാണ് ആവശ്യമെന്ന വിവരം ഉദ്യോഗാർത്ഥി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. മുഖ്യപരീക്ഷയിലെ ചോദ്യങ്ങൾ ഇംഗ്ലീഷിലായിരിക്കുന്നതും മുഖ്യപരീക്ഷ ഇംഗ്ലീഷ് മാധ്യമത്തിലോ ഭരണഭാഷയായ മലയാളത്തിലോ എഴുതാവുന്നതുമാണ്.

മുഖ്യപരീക്ഷയിൽ സംവരണാനുകൂല്യമുള്ള സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പര്യാപ്തമായ എണ്ണം ഉറപ്പു വരുത്തുന്നതിലേക്ക് ഓരോ സംവരണ സമുദായത്തിനും പ്രത്യേകം Cut Off മാർക്ക് നിശ്ചയിച്ച് സംവരണാനുകൂല്യമുള്ള ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പ്രാഥമിക പരീക്ഷയുടെ ഏകീകൃത ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുവാൻ ബഹു. കമ്മീഷന് അധികാരമുണ്ട്. പ്രാഥമിക പരീക്ഷയുടെ മാർക്ക് പ്രസിദ്ധീകരിക്കുന്നതല്ല. പ്രാഥമിക പരീക്ഷക്കുശേഷം പ്രസിദ്ധീകരിക്കുന്ന ചുരുക്കപ്പട്ടിക / ഏകീകൃത ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കെല്ലാം തുല്യാവകാശത്തോടു കൂടി മുഖ്യപരീക്ഷ എഴുതാവുന്നതും മുഖ്യപരീക്ഷയുടെ അടിസ്ഥാനത്തിൽ KS&SSR ചട്ടങ്ങൾ അനുശാസിക്കും വിധം മുഖ്യപട്ടികയും ഉപപട്ടികകളും അടങ്ങുന്ന ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതും തുടർന്ന് അഭിമുഖം നടത്തി ആയതിന്റെ മാർക്ക് കൂടി ഉൾപ്പെടുത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തെരഞ്ഞെടുപ്പിന് 100 മാർക്കിന്റെ വീതം മൂന്നു paper ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നു paper-നും കൂടിയുള്ള ആകെ മാർക്കിന്റെ 20% ആയിരിക്കും ഇന്റർവ്യൂ മാർക്ക്.

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

2207

PKS

പട്ടികജാതി ക്ഷേമസമിതി

STATE COMMITTEE

Office: TC.27/2253 (3), Statue - GH Road, GPO, Trivandrum - 695001
Email: pksstatecommittee@gmail.com, Ph: 0471-2469746

President
S. Ajayakumar Ex. MP

Secretary
Adv. K. Somaprasad MP

To

21.11.2018

ശ്രീ. പിണറായി വിജയൻ
ബഹു.മുഖ്യമന്ത്രി
കേരളം.

8/11/19

സർ,

വിഷയം : **കെ.എ.എസ്. നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്**

കേരള ഭരണസർവ്വീസ് (KAS) നടപ്പിലാക്കാൻ തീരുമാനിച്ചതായി പത്ര വാർത്തകളിലൂടെ മനസിലാക്കുന്നു. കെ.എ.എസിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം സെലക്ഷനിലെ മൂന്ന് സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് വീണ്ടും പി.കെ.എസ്. അപേക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് അന്തിമതീരുമാനം എടുക്കുന്നതിനു മുമ്പ് പി.കെ.എസിനെ നേരിൽ കേൾക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

കെ.എ.എസ്. പുതിയ തസ്തികയാണെന്നും ഉദ്യോഗകയറ്റം വഴി നിയമിക്കപ്പെടുന്നതല്ലെന്നും അഡ്വക്കേറ്റ് ജനറൽ തന്നെ അഭിപ്രായപ്പെട്ടിരിക്കുകയാണല്ലോ. 'തസ്തികമാറ്റം' (by Transfer) വഴിയുള്ള നിയമനത്തിന് സംവരണം ഏർപ്പെടുത്താൻ പാടില്ല എന്നു വിലക്കുന്ന ഒരു കോടതിവിധിയും നിലവിലില്ല. വിവരാവകാശ നിയമം വഴി തന്ന മറുപടിയിൽ കെ.പി.എസ്.സി. തന്നെ അതു സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല പ്രൊമോഷനിൽ സംവരണം പാടില്ലയെന്ന സുപ്രീം കോടതി വിധി 1992ലാണ് (ഇന്ദ്രാ സാഹനി കേസ്) പുറപ്പെടുവിക്കുന്നത്. By Transfer നിയമനം ഉദ്യോഗകയറ്റം അല്ലാത്തതിനാൽ വിധിക്കു ശേഷവും 2013വരെ തസ്തികമാറ്റ നിയമനങ്ങളിൽ സംവരണം കേരളത്തിൽ നടപ്പിലാക്കിയിരുന്നു.

ചില തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയപ്പോൾ ബോധപൂർവ്വം സംവരണം ഒഴിവാക്കുകയും അക്കാരണം പറഞ്ഞ് 2013ൽ ഒരു ഉത്തരവിലൂടെ "സർക്കാരിന്റെ നയം" എന്ന നിലയിൽ തസ്തികമാറ്റ നിയമനങ്ങളിൽ സംവരണതത്വം ഒഴിവാക്കപ്പെടുകയുമാണ് ഉണ്ടായത്.

(മറുപുറം)

PKS

പട്ടികജാതി ക്ഷേമസമിതി

STATE COMMITTEE

Office: TC.27/2253 (3), Statue - GH Road, GPO, Trivandrum - 695001
Email: pksstatecommittee@gmail.com, Ph: 0471-2469746

President
S. Ajayakumar Ex. MP

Secretary
Adv. K. Somaprasad MP

തസ്തികമാറ്റ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുമ്പോൾ വീണ്ടും സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നു എന്നതിനേക്കാൾ ഉപരി നേരത്തെ ലഭിച്ച ആനുകൂല്യം നിലനിർത്തപ്പെടുക മാത്രമാണ് ഉണ്ടാവുന്നത്. കെ.എ.എസ്. എന്നത് ഐ.എ.എസ് കൺഫർ ചെയ്ത് നിയമിക്കപ്പെടുന്ന തസ്തികകളിലേക്കുള്ള സെലക്ഷൻ തസ്തികയായതിനാൽ കെ.എ.എസിലെ എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താതെ വരുമ്പോൾ നിലവിൽ പട്ടികവിഭാഗങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന അവകാശം നഷ്ടമാവുകയും ചെയ്യും.

ഭരണഘടനാ തത്വങ്ങൾക്കെതിരായും കേരള സർക്കാരിന്റെ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം നിഷേധിക്കപ്പെട്ടിരിക്കുന്നതും 2003 വരെ നിലനിന്നുവന്നതുമായ അവകാശമാണ് "തസ്തികമാറ്റ നിയമനങ്ങളിൽ സംവരണം" എന്നത്. ടി അവകാശം പുനഃസ്ഥാപിച്ച് കെ.എ.എസ്. സെലക്ഷനിൽ സംവരണ വിഭാഗങ്ങൾക്ക് നീതി നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

കെ.സോമപ്രസാദ്

സെക്രട്ടറി

അനുബന്ധം

(1) പി.എസ്.സിയുടെ മറുപടി

(2) 2003ലെ സർക്കാർ ഉത്തരവ്

2211

upgraded and
ie Director of
ent that some

priority and Draft Special Rules made available for scrutiny by Personnel and Administrative Reforms Department before the end of April, 2003.

Personnel & Administrative Reforms (Rules) Department shall review the pending cases on the basis of periodical reports received from the Administrative Departments.

N. CHANDRASEKHARAN NAIR,
Chief Secretary to Government.

163

PERSONNEL & ADMINISTRATIVE REFORMS (ADVICE — C) DEPARTMENT

CIRCULAR

No. 19274/Adv.-C3/2002/P&ARD. Thiruvananthapuram, 4th March, 2003.

Sub:— Public Services — Direct Recruitment of Departmental Candidates — Rules of Reservation — Regarding.

Ref:— Letter No. A.V III (i)-5003/93/GW. dated 29-01-2001 from the Secretary, Kerala Public Service Commission.

Government had taken a policy decision that communal reservation need not be followed in case of direct recruitment from departmental candidates against the departmental quota, if not provided in the Special Rules.

The Secretary, Kerala Public Service Commission in his letter referred to above has informed that in certain special rules there is provision for communal reservation and in certain other special rules no communal reservation is allowed in respect of direct recruitment of departmental candidates against departmental quota. As such a uniform procedure in the matter could not be maintained while advising candidates against departmental quota.

The Commission have considered the above issue and have decided that departmental candidates who had already been conferred the benefit of communal reservation at the time of initial recruitment by Public Service Commission need not be considered for the benefit of communal reservation when they are being considered again for appointment by transfer against departmental quota and have requested to take appropriate steps to amend the provisions in the existing special rules wherein communal reservation is made applicable for departmental candidates in the case of appointment by transfer against departmental quota so as to maintain a uniform provision in the rules.

In the above circumstances, all the departments in the Secretariat are requested to take steps to suitably amend the provisions in the existing Special Rules, wherein communal reservation is made applicable for departmental candidates in the case of appointment by transfer against departmental quota.

C. RAMACHANDRAN,
Principal Secretary to Government.

Telephone : 0471-2546381
0471-2546444
Fax : 0471-2448988

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ. IDS-II(2)/787/2018/GW

തിരുവനന്തപുരം
തീയതി : 26.02.2018.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

ശ്രീ. ശരത്കുമാർ സി എസ്
[illegible]
വീട്: 27/2253, ഗ്രാച്ചു, ജി എച്ച് റോഡ്
തിരുവനന്തപുരം - 1

വിഷയം വിവരാവകാശ നിയമം - 2005 - വിവരം നല്കുന്നത് - സംബന്ധിച്ച്

സൂചന 30-01-2018-ൽ ലഭിച്ച താങ്കളുടെ അപേക്ഷ

.....

വിവരാവകാശ നിയമ പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ പരിശോധിച്ചു ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

[illegible] ഇല്ല തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണതത്വം ബാധകമല്ല

[illegible] നിയമന ചട്ടത്തിൽ പ്രത്യേക പരാമർശം ഇല്ല എങ്കിൽ തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണ തത്വം ബാധകമല്ല KS&SSR Part II Rule 14 - ൽ പറഞ്ഞിരിക്കുന്നത് നിയമനത്തിനായി സംവരണം ബാധകമാക്കിയിരിക്കുന്നത് നേരിട്ടുള്ള നിയമനത്തിനാണ് എന്നാൽ G.O.(P) No.63/2003 [illegible]dated 19/7/4/AGV.C3/2002/P&ARD നമ്പർ സർക്കാർ ഓർഡറുടെ പ്രകാരം ഒരു തവണ ജാതി സംവരണ ആനുകൂല്യം ലഭിച്ച ഒരാൾക്ക് വകുപ്പുതല തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണ ആനുകൂല്യം വീണ്ടും നൽകേണ്ടതില്ല എന്ന് വ്യക്തമാക്കുന്നു തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണ തത്വം പാലിക്കേണ്ടതില്ല എന്നതുമായി ബന്ധപ്പെട്ട കോടതിവിധികൾ ഒന്നും ലഭിച്ചതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ കാണുന്നില്ലായെന്ന് ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്

[illegible] 3. വിവരം മൂന്നാം കക്ഷിയെ സംബന്ധിക്കുന്നതായതിനാൽ വിവരാവകാശ നിയമം 2005 [illegible] വിവരം ലഭ്യമാക്കുവാൻ നിർവ്വാഹമില്ല

[illegible] അപ്പീൽ സമർപ്പിക്കുവാനുണ്ടെങ്കിൽ ഒരുമത് ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ശ്രീ. ജോയൻ. കെ, ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ) & അപ്പലേറ്റ് അതോറിറ്റി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ നല്കാവുന്നതാണ്

വിശ്വസ്തതയോടെ,

പ്രീത പി
അണ്ടർ സെക്രട്ടറി &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

2213

ഭരണഭാഷ മാതൃഭാഷ

www.keralapsc.gov.in
kpsc.psc@kerala.gov.in

Phone:0471 - 2546234

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: AV(2)654/17/GW/Dummy

തിരുവനന്തപുരം,
തീയതി:11.12.2018

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ-12) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ -അഡ്വൈസ് (റൂൾസ്) - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് -വിശേഷാൽ ചട്ടങ്ങൾ -ഭേദഗതി സംബന്ധിച്ച്

സൂചന:-1. 29.12.2017 തീയതിയിലെ G.O.(P) No.12/2017/P&ARD
2. 12.11.2018 തീയതിയിലെ 803512/എ.ആർ12(1)/2016/ഉ.ഭ.പ.വ നമ്പർ സർക്കാർ കത്ത്.
3. 14.11.18 -തീയതിയിലെ ഇതേ നമ്പർ കത്ത്.

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന് ചില ഭേദഗതികൾ വരുത്തുന്നതിനായുള്ള കരട് വിജ്ഞാപനം സൂചന 2 മുഖേന സർക്കാർ കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരട് വിജ്ഞാപനം കമ്മീഷൻ വിശദമായി പരിശോധിക്കുകയും ചില ഭേദഗതികളോടെ ആയത് അംഗീകരിക്കുകയും ചെയ്ത് സൂചന (3) പ്രകാരം സർക്കാരിന് ഉപദേശം നൽകുകയും ചെയ്തിരുന്നു.

കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി അടിയന്തിരമായി ടി വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട ചില ഭേദഗതികൾ സംബന്ധിച്ച വിവരങ്ങൾ കൂടി ചുവടെ കുറിക്കുന്നു.

റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച്

1) റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് ഗവർണ്ണറുടെ അംഗീകാരത്തോടു കൂടിയുള്ള Rules of Procedure -ലെ Rule 13 -ൽ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

The ranked lists published by the Commission shall remain in force for a period of one year from the date on which it was brought into force provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier.

ടെയിനി ആയി തെരഞ്ഞെടുക്കപ്പെടുന്നതല്ലാത്ത മറ്റു തസ്തികകൾക്കെല്ലാം പൊതുവായി മേൽ വ്യവസ്ഥ ബാധകമായതിനാലും മറ്റൊരു പ്രൊവിഷൻ നിലവിലില്ലാത്തതിനാലും Rules of Procedure ഭേദഗതി ചെയ്യുന്നതു വരെ കാലാവധി സംബന്ധിച്ച മറ്റൊരു വ്യവസ്ഥ KAS -ന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നത് Rules of Procedure-ന് എതിരാകയാൽ ആയത് നിയമപരമായി നിലനിൽക്കാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ തെരഞ്ഞെടുപ്പ് നടപടി നിയമ കുരുക്കിൽപ്പെടുന്നതാണ്. ആയതിനാൽ KAS -ന് മേൽ വ്യവസ്ഥ ബാധകമാകുന്ന പക്ഷം പൊതു റാങ്ക് ലിസ്റ്റിന്റെ ഗണത്തിൽപെടുന്ന നിലവിലുള്ള പി.എസ്.സി റിക്രൂട്ട്മെന്റ് ചെയ്യപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ പോലുള്ള തസ്തികകൾക്ക് ബാധകമായതു പോലെ കുറഞ്ഞത് ഒരു വർഷം അല്ലെങ്കിൽ ഇതേ തസ്തികയ്ക്ക് മറ്റൊരു റാങ്ക് ലിസ്റ്റ് വരുന്നതുവരെയോ അല്ലെങ്കിൽ പരമാവധി മൂന്നു വർഷം വരെയോ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നതുമാണ്. തത്വത്തിൽ ഒരു വർഷത്തിനകം തന്നെ രണ്ടു സ്റ്റേജ് ഉള്ള പരീക്ഷ ആയതിനാൽ മറ്റൊരു റാങ്കലിസ്റ്റ് വരുവാൻ സാധ്യതയില്ലാത്തതിനാൽ പൊതുറാങ്കലിസ്റ്റ് പോലെ മൂന്നു വർഷം തന്നെ നിലനിൽക്കും. ഈ മൂന്നു വർഷക്കാലം, ചട്ടപ്രകാരം മൂന്നു വർഷ കാലവധിയുടെ അവസാന ദിവസം വരെ റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും Rules of Procedure 14 പ്രകാരം ആയതിലേക്ക് അഡ്വൈസ് ചെയ്യുകയും ചെയ്യേണ്ടി വരും. മേല്പറഞ്ഞ രണ്ടു Clause-കളും നിലനിൽക്കേ ആയതിനു വിരുദ്ധമായി റാങ്കലിസ്റ്റിന്റെ കാലാവധി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനു വേണ്ടി പ്രത്യേകം നിജപ്പെടുത്താനോ Notified Vacancy-യ്ക്കു മാത്രമായി നിജപ്പെടുത്താനോ കഴിയാത്ത അവസ്ഥ സംജാതമാകുന്നു. മേൽ നടപടി KS&SSR-ഉം Rules of Procedure-ഉം പ്രകാരം നിലനിർത്തേണ്ടി വരുന്നതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി നിയമപരമായ റാങ്ക് ലിസ്റ്റ് കാലാവധി വരെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് കമ്മ്യൂണിറ്റി അനുസൃതമായി KS&SSR

ചട്ട● 4-ൽ പ്രതിപാദിച്ചിരിക്കുന്ന Communal Rotation പ്രകാരം നിയമന ശിപാർശ നൽകേണ്ടി വരും.

KS&SSR Rule15 - പ്രകാരം തന്നെ "One selection year-for the purpose of this rules' shall be the period from the date on which the Ranklist of candidates comes into force to the date on which it expires. " എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ വ്യവസ്ഥയും നിലനിൽക്കുന്നതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ റാങ്കലിസ്റ്റിന്റെ കാലാവധിയും പൊതുറാങ്കലിസ്റ്റിന്റെ Rules of Procedure 13 പ്രകാരം നിലനിർത്തേണ്ടതായി വരും എന്ന് അറിയിക്കുന്നു.

ട്രെയിനിംഗ് ബാധകമായ തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് മറ്റൊരു വ്യവസ്ഥയും നിലനിൽക്കുന്നുണ്ട്.

Rules of Procedure Rule 13 Proviso 1 പ്രകാരവും 15.04.2016-ൽ നിലവിൽ വന്ന ഭേദഗതി വിജ്ഞാപന പ്രകാരവും -

> "Provided that the above rule shall not apply in respect of Ranked Lists of candidates for admission to Training Courses that leads to automatic appointment to services or posts and that in such cases the Ranked Lists shall cease to be in force after one year from the date of finalisation of the Ranked Lists." എന്ന വേറെ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്.

ടി വ്യവസ്ഥയിൽ പൊതുവായി പ്രതിപാദിക്കുന്നത് Sub Inspector of Police, Police Constable തുടങ്ങിയ യൂണിഫോംഡ് ഫോഴ്സിലെ വിഭാഗങ്ങൾക്കാണ്. അതിന്റെ നിയമന നോട്ടിഫിക്കേഷൻ രീതി തന്നെ Trainee എന്ന നിലയ്ക്കാണ്. ആയതിനാൽ KAS Officer (Junior Time Scale) തസ്തിക പ്രസ്തുത ഗണത്തിൽപെട്ടതാണെങ്കിൽ Trainee എന്ന നിലയ്ക്കാണ് ഇതിന്റെ ഘടന രൂപീകരിക്കുന്നതെങ്കിൽ റാങ്കലിസ്റ്റിന്റെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തുവാൻ കഴിയും. അപ്രകാരം ഒരു വർഷമായി നിലനിർത്തുകയാണെങ്കിൽ Rules of Procedure Rule 13-Proviso 1 പ്രകാരം ആയത് അനുവദനീയവും നിയമപരമായി ശരിയുമാണ്. അതുകൊണ്ട് Trainee Post-കളുടെ ഗണത്തിൽപെടുത്തേണ്ടതാണെങ്കിൽ അതിനായി പ്രത്യേകം സ്പെഷ്യൽ റൂളിൽ തസ്തികയുടെ പേരിൽ KAS Officer (Junior Time Scale) Trainee എന്ന് പ്രതിപാദിക്കണം. അങ്ങനെ എങ്കിൽ റാങ്കലിസ്റ്റിന്റെ കാലാവധി ഒരു വർഷമായി നിലനിർത്താൻ കഴിയും. ഇതനുസരിച്ച് ഒരു വർഷകാലാവധിക്കുള്ളിൽ വരുന്ന എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുവാൻ സാധിക്കുകയും ചെയ്യും. KAS റാങ്ക് ലിസ്റ്റിന്റെ കാലാവധി മുകളിൽപ്പറഞ്ഞ

ത് വ്യവസ്ഥ പ്രകാരം നിശ്ചയിക്കണമെന്ന കാര്യത്തിൽ സർക്കാർ അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്.

2) Age Limit - relaxation in upper age:

ഭിന്നശേഷിക്കാർക്ക്, G.O(P) No.158/73/PD dated 29.05.1973, G.O(Ms) No.30/78/GAD dated 16.01.1978-ലെ ഉത്തരവുകൾ പ്രകാരം ലോക്കോമോട്ടോർ ഡിസെബിലിറ്റിക്കാർക്ക് പത്തു വർഷവും, Blind, Deaf and Dumb എന്നീ വിഭാഗത്തിൽപെട്ടവർക്ക് പതിനഞ്ചു വർഷവും വയസ്സിളവും, വിമുക്ത ഭടന്മാരെ സംബന്ധിച്ചിടത്തോളം ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായപരിധിയിൽ അവരുടെ പ്രതിരോധ സേനയിലുള്ള സേവനത്തിന് തുല്യമായ കാലത്തോളവും പ്രതിരോധ സേനയിൽ നിന്ന് പിരിഞ്ഞുപോയതിനുശേഷം തൊഴിൽ ഇല്ലാതെ നിന്ന കാലത്തിൽ പരമാവധി അഞ്ചു വർഷത്തോളവും ഇളവ് അനുവദിക്കുന്നതാണ് എന്ന പൊതുവ്യവസ്ഥ നിലനിൽക്കേ ആയതു പ്രകാരം നിക്ഷിപ്തമായ നിയമാവകാശത്തെ തടഞ്ഞുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിജ്ഞാപനത്തിനു മാത്രം നേരിട്ടുള്ള നിയമനത്തിനുള്ള (stream I) ഉയർന്ന പ്രായപരിധി 32 വയസായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽപോലും ഭിന്നശേഷിക്കാർക്കും വിമുക്ത ഭടന്മാർക്കും ഉയർന്ന പ്രായപരിധിയിൽ നൽകുന്ന ഇളവിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. പി.എസ്.സി തെരഞ്ഞെടുപ്പുകൾക്ക് സാധാരണ OBC വിഭാഗക്കാർക്ക് മൂന്നു വർഷവും SC/ST വിഭാഗക്കാർക്ക് അഞ്ചു വർഷവും പ്രായപരിധിയിൽ ഇളവു നൽകി വരുന്നുണ്ട്. അതുപോലെ വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷം വയസ്സിളവും നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന മുകളിൽ പറഞ്ഞ പ്രകാരമുള്ളതുയും വയസ്സിളവ് KAS -ന് നൽകേണ്ടതില്ല എന്നുണ്ടെങ്കിൽ ടി തെരഞ്ഞെടുപ്പിന് ഏത് വിഭാഗത്തിനായാലും നൽകുന്ന വയസ്സിളവ് പരമാവധി 5 വർഷമായിരിക്കും എന്ന നിലയിൽ KAS -ന് വേണ്ടി സർക്കാർ നിയമനിർമ്മാണം നടത്തേണ്ടതാണ്.

3) KAS Officer (Junior Time Scale) തസ്തികയിലേക്ക് direct recruitment -ന് scale of pay notification -ൽ നൽകേണ്ടതുള്ളതിനാൽ ആയത് വ്യക്തമായി Special Rule -ൽ പ്രതിപാദിക്കേണ്ടതാണ്.

പൊതുവായ ചില വിഷയങ്ങൾ കൂടി ചുവടെ കുറിക്കും പ്രകാരം അനന്തര നടപടികൾക്കായി ശ്രദ്ധയിൽപെടുത്തുന്നു.

ഭിന്നശേഷി വിഭാഗക്കാരെ സംബന്ധിച്ച്

4) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Persons with Disabilities Act 2016 -ന്റെ അടിസ്ഥാനത്തിൽ 4% സംവരണം നൽകുന്നത് സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിച്ചാൽ

മാത്രമേ ആയത് KAS -ന് ബാധകമാക്കാൻ കഴിയു. ആയതിനാൽ ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിലവിലുള്ള 3% ഉൾപ്പെടുത്തികൊണ്ട് KAS -ന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഭിന്നശേഷി സംബന്ധിച്ച് 14.11.18 -ലെ കത്തിൽ സൂചിപ്പിച്ച കാര്യങ്ങളിൽ താഴെപറയുന്ന കാര്യങ്ങൾ കൂടി അറിയിക്കുന്നു. അതായത് കേരള ഗവൺമെന്റ് ഓരോ തസ്തികയുടെ ജോലി സ്വഭാവം അനുസരിച്ച് പ്രസ്തുത ജോലി ചെയ്യുവാൻ കഴിയുന്നതിനുള്ള പ്രാപ്തി കണ്ടെത്തികൊണ്ട് (identify ചെയ്തത്) Government ഉത്തരവ് ഇറക്കിയിട്ടുണ്ട്. എന്നാൽ KAS -നെ സംബന്ധിച്ചിടത്തോളം അപ്രകാരം identify ചെയ്ത ഉത്തരവ് ഇല്ല. ആയതിനാൽ KAS തെരഞ്ഞെടുപ്പിൽ ഭിന്നശേഷി വിഭാഗത്തിന് 3% സംവരണ അർഹത കണക്കാക്കേണ്ടി വരും. ഭിന്നശേഷി വിഭാഗക്കാരുടെ കാര്യത്തിൽ ഒന്നുകിൽ identify ചെയ്ത് expressively prohibited അല്ലെങ്കിൽ 3 category -ക്കും അപേക്ഷിക്കാൻ കഴിയും എന്നതാണ് നിയമപരമായ അനുമാനം. ആയതിനാൽ എത്രയും പെട്ടെന്ന് KAS നോട്ടിഫൈ ചെയ്യേണ്ടതിനാൽ PWD Act -ഉം Government of India -യുടെ Office Memorandum, UPSC Exam എന്നിവയിൽ അനുശാസിക്കുന്നതു പോലെ താഴെ പറയുന്ന functional classification and physical requirement എന്ന clause KAS -ന്റെ Special Rule ഉൾപ്പെടുത്തി കഴിഞ്ഞാൽ പ്രസ്തുത clause -ന്റെ അടിസ്ഥാനത്തിൽ KAS notify ചെയ്യുവാൻ കഴിയും. ആയതിനാൽ താഴെ പറയുന്ന clause ചേർക്കുന്നു.

A list identified suitable for Persons with Benchmark Disability along with the Pnysical Requirements and Functional Classifications:

S. R. No	Name of Service	Categories for which identified	Functional Classification	Physical Requirements
	Indian Administrative Service	Blindness and low vision	LV	MF, PP,S,ST,W,L,C,RW,H, KC,BN
			B	MF,PP,S,ST,W,L,C,RW (in Braille/software),H,KC, BN
		Hearing Impirement	FD,HH	PP,S,ST,W,L,C,RW,KC ,BN
		Locomotor disabiligy including Cerebral Palsy	OA,OL,BA,BH,M W,OAL,Cerbral Palsy	S,ST,W,SE,H,RW,C
			BLA, BLOA, BL	S,SE,H,RW,C

സർക്കാർ GO പ്രകാരവും PSC സർക്കുലർ പ്രകാരവും ഭിന്നശേഷി വിഭാഗങ്ങൾക്ക് എഴുത്തു പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പരമാവധി 10 % മാർക്ക് ലോക്കോമോട്ടോർ ഡിസെബിലിറ്റികാർക്കും 12% മാർക്ക് അന്ധർ, ബധിരർ, മൂകർ എന്നിവർക്കും ഗ്രേസ് മാർക്ക് നൽകി വരുന്നു. KAS -ന്റെ scheme പ്രകാരം മൊത്തം മാർക്കായ 300 -ന്റെ 10%, 12% നൽകി വരുമ്പോൾ യഥാക്രമം 30 -ഉം 36 -ഉം മാർക്ക് additional ആയി കൊടുക്കുമ്പോൾ അത് മൊത്തം മാർക്കിനെ സാരമായി ബാധിക്കും എന്നതിനാൽ ഇതിനു പകരം മൊത്തം 100 മാർക്കിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗക്കാർക്കുള്ള ഗ്രേസ് മാർക്ക് കണക്കാക്കാവുന്നതാണ്.

Transgender വിഭാഗത്തെ സംബന്ധിച്ച്

20ഛ. മേൽ പ്രസ്താവിച്ചതിന് വിധേയമായി പുതുക്കിയ കരട് ഭേദഗതി ചട്ടങ്ങൾ ഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി കൊടി "എ" യിൽ വച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണോ എന്നത് ഭരണ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ബി.ജി.ഹരീന്ദ്രനാഥ്

നിയമസെക്രട്ടറി

23488/ലെഗ്സി1/2018/നിയമം

Received by hand on 12/11/18 at 2.15 PM 12/11/18 JS

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(AR12) വകുപ്പ്

നിയമ സഭാ സമ്മേളനത്തിന് മുമ്പായി ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നൽകുന്നതാണ്. നിയമത്തിന് അനുസരിച്ച്, ചട്ടങ്ങൾ നിയമസഭയിൽ വയ്ക്കുന്നതിന്.

12/11/18

12/11/18 JS

കാര്യത്തിൽ age relaxation claim ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് യഥാക്രമം 5 വർഷവും 3 വർഷവും എന്ന തരത്തിൽ Narendran Commission Report ന്റെയും KS&SSR ലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ അവർക്ക് Ranked List ന്റെ Main List ലും Supplementary List ലും ഉൾപ്പെടാൻ അർഹതയുണ്ട്. എന്നാൽ UPSC Selection കളിൽ age relaxation claim ചെയ്തിട്ടുള്ള മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് Community quota ൽ മാത്രമേ ഉൾപ്പെടാൻ അർഹതയുള്ളൂ, അല്ലാതെ OC turn ലേക്ക് നിയമന ശിപാർശ ലഭിക്കാൻ അർഹതയില്ല. അതുപോലെ തന്നെ UPSC തെരഞ്ഞെടുപ്പുകളിൽ Notification സമയത്തുതന്നെ ഓപ്പൺ, കമ്മ്യൂണിറ്റി എന്നിങ്ങനെ വേർതിരിച്ച് വേക്കൻസികൾ earmark ചെയ്ത് ഗ്രൂപ്പ് ചെയ്യുന്നുണ്ട്. UPSC തെരഞ്ഞെടുപ്പ് നടപടികളിൽ KPSC തെരഞ്ഞെടുപ്പിലെന്ന പോലെ KS & SSR, Narendran Commission Report എന്നിവയുടെ അടിസ്ഥാനത്തിൽ അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്നില്ല. അതുപോലെ ഒരു സംവരണ സമുദായം ഇല്ലെങ്കിൽ ആ വേക്കൻസി മാറ്റിവച്ച് NCZ Notification കൊടുക്കാനും രണ്ട് NCA വിജ്ഞാപനങ്ങൾക്ക് ശേഷവും ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ Mother Ranked List ലെ മറ്റ് സംവരണ വിഭാഗത്തിന് കൊടുക്കാനുമുള്ള വ്യവസ്ഥ പി.എസ്.സി. തെരഞ്ഞെടുപ്പുകളിൽ ഉണ്ട്. 'Separate NCA selection' നടത്താനും അവയിൽ ഉദ്യോഗാർത്ഥികൾ കുറവാണെങ്കിൽ പരീക്ഷ ഒഴിവാക്കി ഇന്റർവ്യൂ മാത്രം നടത്താനും വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ തരത്തിലുള്ള വ്യത്യസ്തമായ തെരഞ്ഞെടുപ്പ് രീതി KS&SSR -ന്റെയും വിശേഷാൽ ചട്ടങ്ങളുടേയും KPSC Rules of Procedure, കാലാകാലങ്ങളിൽ കമ്മീഷൻ സ്വീകരിക്കുന്ന തീരുമാനങ്ങൾ എന്നിവയുടേയും അടിസ്ഥാനത്തിൽ നിലവിൽ കമ്മീഷൻ സ്വീകരിച്ചു വരവെ UPSC യുടെ ചട്ടങ്ങൾ മുറുകെപിടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ KAS പരീക്ഷാ സ്കീം നിർണ്ണയിക്കണമെന്നും, ഓരോ വർഷവും അത് പരിശോധിക്കപ്പെടണമെന്നും വന്നാൽ അത് KAS ന്റെ സുഗമമായ തെരഞ്ഞെടുപ്പ് പ്രക്രിയയെ തന്നെ ബാധിക്കുകയും നിയമ വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നതിനാൽ KAS ന്റെ പരീക്ഷാ സ്കീം സംബന്ധിച്ച് മറ്റൊരു തീരുമാനം കമ്മീഷൻ എടുക്കുന്നതുവരേക്കും ഇപ്പോൾ ആദ്യ തെരഞ്ഞെടുപ്പിനായി കമ്മീഷൻ തീരുമാനിച്ച് exam scheme ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിനെ അറിയിക്കുന്നതും അതിനനുസൃതമായി KAS ന്റെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതുമാണ് ശരിയായ നടപടിയെന്നുള്ളതിനാലാണ് UPSC Scheme സംബന്ധിച്ചുള്ള പരാമർശങ്ങൾ Rule 2(6) Sub Rule (a) യിൽ നിന്ന് നീക്കം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു.

വകുപ്പിന്റെ അഭിപ്രായം

ഭരണഘടനാ സ്ഥാപനം എന്ന നിലയിൽ പി.എസ്.സി. യുടെ അധികാരം മാനിച്ചുകൊണ്ട് പരീക്ഷാ നടത്തിപ്പിന്റെ കാര്യത്തിൽ ഒരു നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ പി.എസ്.സി. നടത്തുന്ന മറ്റ് പരീക്ഷകളെ പോലെ കെ.എ.എസ്. ലേയ്ക്കുള്ള നിയമനങ്ങൾ

നടത്തുന്നത് പ്രസ്തുത സർവ്വീസിന്റെ ഘടനയേയും സർക്കാരിന്റെ ഉദ്ദേശലക്ഷ്യങ്ങളെയും സഹായിക്കുന്ന തരത്തിൽ മാറും എന്നത് കരുതാവുന്നതല്ല. പി.എസ്.സി. യുടെ സാമ്പ്രദായിക രീതിയിലുള്ള നിയമനമനുസരിച്ച് ഭാവിയിൽ 3 വർഷത്തേയ്ക്ക് പ്രതീക്ഷിക്കാവുന്ന ഒഴിവുകളിലേക്കാണ് നിയമനം നടത്തുന്നത്. സാധാരണ റാങ്ക് ലിസ്റ്റുകളിൽ നിന്നുമുള്ള നിയമനങ്ങളിൽ ഈ രീതി അഭികാമ്യമാണ്. എന്നാൽ കെ.എ.എസ്. ലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ 18 മാസം നിർബന്ധിത പരിശീലനം നേടേണ്ടവരാണ്. മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരെയും ഒന്നിച്ച് മധ്യതല സംവിധാനത്തിൽ പ്രവേശിപ്പിക്കുക വഴി മാത്രമെ ഒരു കാര്യക്ഷമമായ മധ്യതല സംവിധാനം സൃഷ്ടിക്കും എന്ന സർക്കാർ ആശയം നടപ്പാക്കുവാൻ കഴിയുകയുള്ളൂ. മറിച്ച് ഘട്ടംഘട്ടമായുള്ള നിയമനരീതി എന്ന ആശയം നടപ്പിലാക്കുവാൻ അഭികാമ്യമല്ല.

കെ.എ.എസ്. ലേയ്ക്കുള്ള നിയമനങ്ങൾ മൊത്തമായി നടത്തുവാനും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 18 മാസത്തെ പരിശീലനം നൽകി വിവിധ വകുപ്പുകളിൽ വിന്യസിക്കുവാനും സാധ്യമാകണമെങ്കിൽ UPSC മാതൃകയിലുള്ള നിയമനരീതി അവലംബിക്കേണ്ടതായിട്ടുണ്ട്.

റിട്ടയർമെന്റ് മുഖേന ഉണ്ടാകുന്ന ഒഴിവുകളിലെ 1/3 ഭാഗം കെ.എ.എസ്. ലേയ്ക്കുള്ള നിയമനങ്ങൾക്കായി മാറ്റിവയ്ക്കാൻ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. അത്തരം ഒഴിവുകൾ കണ്ടെത്തി ഒപ്പം ഒന്നിച്ചുള്ള നിയമനത്തിനാവശ്യമായ തസ്തികകൾ supernumary ആയി സൃഷ്ടിച്ച് നിയമന പ്രക്രിയ ഒറ്റഘട്ടമായി നടത്തുകവഴി കെ.എ.എസ്. ലേയ്ക്കുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും ഒന്നിച്ച് നിയമിക്കുവാനും പരിശീലനം നൽകുവാനും കഴിയും. 18 മാസം പരിശീലന കാലയളവിൽ തന്നെ supernumary ആയി സൃഷ്ടിച്ച തസ്തികകൾക്ക് തുല്യമായ ഒഴിവുകൾ കെ.എ.എസ്. ലേയ്ക്ക് കണ്ടെത്തുവാൻ കഴിയും. സംവരണതത്വങ്ങൾ സ്കീം I ൽ റിട്ടയർമെന്റ് മൂലമുണ്ടാകുന്ന ഒഴിവുകളിലൂടെ മാത്രം ബാധകമായതിനാൽ സപ്ലിമെന്റ് ലിസ്റ്റ് അടക്കമുള്ള കാര്യങ്ങൾ ആ വിഭാഗത്തിനായി മാത്രം പ്രസിദ്ധീകരിച്ചാൽ മതിയാകും. റാങ്ക് ലിസ്റ്റിന്റെ കാലാവധി 1 വർഷമായി നിജപ്പെടുത്താവുന്നതാണ്. ഒരു വർഷം പൂർത്തിയാകുമ്പോൾ പുതിയ നിയമന നടപടികൾക്ക് തുടക്കം കുറിക്കാവുന്നതും 3 ഘട്ടമായി നിയമനം നടത്താവുന്നതാണ്.

208) കരട് വിജ്ഞാപനത്തിൽ ഇപ്പോൾ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ കൂടാതെ ഭേദഗതി സംബന്ധിച്ച അന്തിമ ഉത്തരവിൽ അവശ്യം ഉൾപ്പെടുത്തേണ്ടതായ ചില ഭേദഗതികൾ കൂടി വരുത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

i. KAS ലെ stream 2 ലേയ്ക്കുള്ള നിയമനങ്ങൽ by transfer recruitment മുഖേന നടത്തുമ്പോൾ stream 3 ലേയ്ക്കുള്ള by transfer recruitment ന് നിഷ്കർഷിച്ചിരിക്കുന്നത് പോലെ ഉയർന്ന പ്രായപരിധി 50 ആയി വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ആയതിനാൽ stream 2 ലെ by transfer

recruitment നുള്ള ഉയർന്ന പ്രായപരിധി 50 ആയി നിശ്ചയിച്ചുകൊണ്ട് KAS ന്റെ വിശേഷാൽ ചട്ടത്തിലെ Rule 12 ലെ Sub Rule (a) ൽ column (3) ൽ stream 2 ന് നേരെയുള്ള ക്രമനമ്പർ 1 ലെ വ്യവസ്ഥയും, Rule 13 ൽ Sub Rule (b) യിലെ വ്യവസ്ഥയും Stream 3 ന്റെ ഉയർന്ന പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെ ഉൾപ്പെടുത്തി ഭേദഗതി ചെയ്യേണ്ടതാണ്. By transfer മുഖേനയുള്ള തെരഞ്ഞെടുപ്പിൽ വയസ്സിളവ് അനുവദിക്കാത്തതിനാലും Stream 2 ന്റെ ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തുന്ന സാഹചര്യത്തിലും Rule 12 Sub Rule (a) ൽ Column 3 ൽ Stream 2 ന് നേരെയുള്ള ക്രമനമ്പർ 1 ലെ വ്യവസ്ഥ മേൽപ്പറഞ്ഞപ്രകാരം ഭേദഗതി ചെയ്യുമ്പോൾ "Relaxation of upper age limit will be three years in the case of OBC and five years in the case of SC/ST" എന്നുള്ള വ്യവസ്ഥ ആവശ്യമില്ല.

വകുപ്പിന്റെ അഭിപ്രായം

പരിഗണിക്കാവുന്നതല്ല.

209) KAS തെരഞ്ഞെടുപ്പിൽ ഭിന്നശേഷി സംവരണം നൽകുന്നത് സംബന്ധിച്ച് കമ്മീഷന്റെ വിശദീകരണം.

കരട് ഭേദഗതി വിജ്ഞാപനപ്രകാരം Rule 5(b) ൽ ഭിന്നശേഷി വിഭാഗക്കാർക്ക് Direct Recruitment ൽ നിയമന സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Persons with Disabilities Act 2016 പ്രകാരം നിശ്ചയിച്ചിട്ടുള്ള 5 ഭിന്നശേഷി വിഭാഗങ്ങളിൽ ഏതൊക്കെ വിഭാഗങ്ങൾ KAS ന്റെ ജോലി സ്വഭാവം കണക്കിലെടുത്തുകൊണ്ട് ആയതിന്റെ തെരഞ്ഞെടുപ്പിൽ നിയമനസംവരണത്തിന് അനുയോജ്യരാണ് എന്ന് കൃത്യമായി കണ്ടെത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിൽ മാത്രമേ ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥ വിജ്ഞാപനത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ച് വിജ്ഞാപനത്തിൽ ഒന്നും സൂചിപ്പിച്ചിട്ടില്ല എന്നുണ്ടെങ്കിൽ അനുയോജ്യരല്ലാത്തവർ അപേക്ഷിക്കുകയും ഇവരുടെ അപേക്ഷ പിന്നീട് നിരസിക്കേണ്ടതായും വരും. ആയത് കോടതി വ്യവഹാരങ്ങളിലേയ്ക്കും നയിക്കും. കൂടാതെ suitability assessment നടത്തുന്നതിന് കോടതി ഉത്തരവുപ്രകാരം കമ്മീഷന് നിലവിൽ സാധ്യവുമല്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ Persons with Disabilities Act 2016 ന്റെ അടിസ്ഥാനത്തിൽ 4% ഭിന്നശേഷി സംവരണം സംബന്ധിച്ച് സർക്കാർ പൊതുഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ കാക്കാതെ 2016 ലെ Act ൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ഭിന്നശേഷി വിഭാഗങ്ങളിൽ 4% സംവരണത്തിന് ഏതൊക്കെ ഭിന്നശേഷി വിഭാഗക്കാർ KAS തെരഞ്ഞെടുപ്പിന് അനുയോജ്യമെന്ന് കണ്ടെത്തി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് ആയത് സംബന്ധിച്ച് ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

വകുപ്പിന്റെ അഭിപ്രായം

ഭിന്നശേഷിക്കാർക്കുള്ള സംവരണം നിലവിലുള്ള വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭേദഗതികൾ ഉൾപ്പെടുന്ന കരട് വിജ്ഞാപനത്തിലാണ് പ്രസ്തുത കാര്യം ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്ക് സംവരണം നൽകുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം AR12(1)/31/2018/P&ARD ഫയലിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ കെ.എ.എസ്. നായി മാറ്റി വയ്ക്കപ്പെട്ട തസ്തികകളിൽ ഏതു വിഭാഗങ്ങളെ അതതു തസ്തികകളിൽ നിയമിക്കണം എന്ന് കണ്ടെത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് സാമൂഹ്യനീതി വകുപ്പിൽ നിന്നാണ്. ആയതിനാൽ പ്രസ്തുത വിജ്ഞാപനം പ്രസിദ്ധീകരിച്ചതിന് ശേഷം ഭിന്നശേഷിക്കാരിൽ ഓരോ വിഭാഗങ്ങൾക്കുമുള്ള തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

210) **കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭേദഗതി നിർദ്ദേശം**

സർക്കാരിന്റെ Transgender policy, Appex Court ന്റെ വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ PSC വഴിയുള്ള തെരഞ്ഞെടുപ്പുകളിൽ Transgender വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് പൊതുവായി നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്. (PSC വഴി തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിൽ transgender വിഭാഗത്തെ പരിഗണിക്കേണ്ട് തസ്തികകൾ identify ചെയ്യേണ്ടതാണ്) ടി വിഭാഗക്കാർക്ക് KAS ന് വേണ്ടി അപേക്ഷിക്കുന്നതിന് വിശേഷാൽ ചട്ടത്തിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓൺലൈൻ പരിക്ഷാ സോഫ്റ്റ് വെയറിൽ അതിനനുസൃതമായ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ.

വകുപ്പിന്റെ അഭിപ്രായം

നയപരമായ തീരുമാനം ആവശ്യമാണ്.

211) KAS ലേയ്ക്കുള്ള വിജ്ഞാപനം ഈ വർഷം തന്നെ പുറപ്പെടുവിക്കേണ്ടതുണ്ടെന്നും കൂടാതെ Exam scheme, syllabus എന്നിവ തയ്യാറാക്കുകയും ചെയ്യേണ്ടതുമുണ്ടെന്നും കമ്മീഷൻ അറിയിക്കുന്നു. വിശേഷാൽ ചട്ടം സംബന്ധിച്ച് മേൽപ്പറഞ്ഞ ഭേദഗതികൾ കൂടി ഉൾപ്പെടുത്തികൊണ്ട് ഭേദഗതി വിജ്ഞാപനം സംബന്ധിച്ച അന്തിമ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിച്ചാൽ മാത്രമേ ആയത് സാധ്യമാകുകയുള്ളൂ എന്നും അറിയിക്കുന്നു.

293

212) ഈ സാഹചര്യത്തിൽ മേൽ വിവരിച്ച കാര്യങ്ങളിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു.

21/11/18

21/11/18

21/11/18
GOPAL V.S.
Joint Secretary to Government
Personnel & Administrative
Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Special Secretary
PSARD (O/D)

21/11/18
Dr. A JAYATHILAK
Principal Secretary
Sports & Youth Affairs Department Secretariat
Thiruvananthapuram - 695001
Ph : 0471 2333028, 2517214

Principal Secretary
PSARD

SECRETARY TO GOVERNMENT OF KERALA
21 NOV 2018

CM

213. കേരള പബ്ലിക് സർവീസ് കമ്മിഷന്റെ 14.11.2018 ലെ കത്തും കെ.ഫ 206-211 വരെ ഖണ്ഡികകളിലെ നിർദ്ദേശങ്ങളും കണ്ടാലും.

214. കെ.എ.എസ് -ലെ സ്ട്രീം 2 ലേക്കുള്ള നിയമനങ്ങൾക്ക് ഉയർന്ന പ്രായ പരിധി 50 വയസ്സായി വ്യവസ്ഥ ചെയ്യണമെന്ന കെ.പി.എസ്.സിയുടെ ഉപദേശം അംഗീകരിക്കുവാൻ കഴിയുകയില്ല. കഴിവുറ്റ ഒരു പുതുതലമുറയെ ഭരണരംഗത്ത് കൊണ്ടുവരുകയും കാര്യക്ഷമത ഉറപ്പ് വരുത്തുകയും ചെയ്യുകയെന്ന പ്രധാന ഉദ്ദേശലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത ഉപദേശം സഹായകരമാവുകയില്ല. നിരവധി ചർച്ചകൾക്കും പരിശോധനകൾക്കും ശേഷമാണ് കരട് വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

215. കരട് വിജ്ഞാപനത്തിലെ ചട്ടം 2(6) ൽ Sub-rule (a) ൽ " The scheme of examination shall be decided by the Kerala Public Service Commission in consultation with the Government and shall be in the pattern, rigour and standards adopted by the Union Public Service Commission in the examination for recruitment to the Civil Services conducted in the year prior to the year of conduct of the examination for recruitment to the Kerala Administrative Service." എന്ന് ഉൾപ്പെടുത്തിയിരുന്നത് ചുവടെചേർക്കും പ്രകാരം substitute ചെയ്യേണ്ടതാണെന്നാണ് കെ.പി.എസ്.സി ആവശ്യപ്പെട്ടിരിക്കുന്നത്.

"(a) The scheme of examination shall be decided by the Kerala Public Service Commission in consultation with Government".

216. കെ.പി.എസ്.സിയുടെ പ്രസ്തുത ഉപദേശം അംഗീകരിക്കാവുന്നതല്ല.

217. യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ സ്കീം ഓഫ് examination തയ്യാറാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരുമായി കൂടിയാലോചിക്കുന്നതു സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ മന്ത്രാലയത്തിലെ ~~ആപ്പിഷണൽ~~ സെക്രട്ടറി ശ്രീ. പി.കെ ത്രിപാതിയുമായി സംസാരിച്ചു. അദ്ദേഹം ലഭ്യമാക്കിയ the Indian Administrative Service (Appointment by Competitive Examination) Regulations, 1955 ലെ റെഗുലേഷൻ (കൊടി എ) നമ്പർ 3 Hold of Examination -ലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

(1) The examination shall be conducted by the Commission in the manner notified by the Central Government from time to time.

(2) The dates on which and the places at which the examination to be held shall be fixed by the Commission.

218. കെ.എ.എസിൽ നിന്നായിരിക്കും ഭാവിയിൽ ഐ.എ.എസിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് എന്നതിനാൽ കെ.എ.എസി-ന്റെ സ്ട്രീം ഓഫ് എക്സാമിനേഷൻ യു.പി.എസ്.സി നടത്തുന്നതുപോലെ എല്ലാ രീതിയിലും കുറ്റമറ്റതായിരിക്കണം. അതിനാൽ കരട് വിജ്ഞാപനത്തിലെ ചട്ടം 2(6) ൽ Sub-rule (a) ലെ വ്യവസ്ഥ ആദ്യഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തുന്നത് കെ.എ.എസിന്റെ

സുഗമമായ തെരഞ്ഞെടുപ്പ് പ്രക്രിയയെ ഒരിക്കലും പ്രതികൂലമായി ബാധിക്കുകയില്ല. ഇത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് നിയമ വ്യവഹാരങ്ങൾക്ക് കാരണമാകുമെന്ന അഭിപ്രായം നിലനിൽക്കുന്നതല്ല. അതിനാൽ ഇക്കാര്യങ്ങളിൽ സർക്കാരിന്റെ മുൻ നിലപാടിൽ മാറ്റം വരുത്തേണ്ടതില്ല. കേ.ഫ 206-211 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതും കെ.പി.എസ്.സിക്ക് എതിരഭിപ്രായമുള്ള കാര്യങ്ങളിൽ ഒരിക്കൽ കൂടി (ദി കേരള ഗവർൺമെന്റ് സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ്, ഖണ്ഡിക 76 (4) പ്രകാരം) കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ഉപദേശം തേടാവുന്നതുമാണ്. കേരള പബ്ലിക് സർവീസ് കമ്മിഷൻ സർക്കാരിന്റെ അഭിപ്രായം വീണ്ടും അംഗീകരിക്കാത്ത പക്ഷം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിച്ച് overrule ചെയ്ത് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

6/XII/18

CM

TOM JOSE
Chief Secretary

OFFICE OF THE CHIEF MINISTER
15367
07 DEC 2018
KERALA THIRUVANANTHAPURAM

219. Discussed with Hon'ble CM.
A meeting with lunch may be arranged with Chairman, KPSC at 12 Noon on 14.12.2018 at Melody hall, Mascot Convention Centre to discuss the Special Rules of KAS in view of the remarks/advice conveyed by the Commission. Principal Secretary (P&ARD) may also attend.

220. Discussed with CS.
SJ (P&ARD) would attend the meeting with details.

12.12.18

~~Pr.Secy (P&ARD)~~
11/XII/18

TOM JOSE
Chief Secretary

Pr.Secy (P&ARD)

803512/AR12CD/2016/P&ARD

221. Meeting could not be held due to hartal. Put up for fresh date.

14/12

കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

OFFICE OF THE CHIEF SECRETARY TO GOVERNMENT KERALA
14 DEC 2018
5.35 PM

222. The minutes of discussions held with Chairman PSC in the presence of CM on 31.12.2018 is submitted for perusal.

11/1/19
TOM JOSE
Chief Secretary

CM

തുടർച്ച

223

KAS-ൽ രണ്ടും മൂന്നും Stream-ൽ കൂടി സംവരണം ബാധകമാക്കണമെന്ന ആവശ്യം ഉന്നയിച്ചു ലഭിച്ച നിവേദനങ്ങളും Kerala state scheduled Caste and scheduled Tribe കമ്മീഷന്റെ 05.07.2018 ലെ ഉത്തരവും പരിഗണിച്ച് ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി കത്ത് നൽകിയിട്ടുണ്ട്. നിവേദനങ്ങളും അഡ്വക്കേറ്റ് ജനറലിന് നൽകിയ കത്തിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു. അഡ്വക്കേറ്റ് ജനറലിന്റെ മറുപടി ലഭിച്ച ശേഷം ഫയൽ സമർപ്പിക്കുക.

23/1/19

Chief Secretary

21/1/19

പിണറായി വിജയൻ
മുഖ്യമന്ത്രി

OFFICE OF THE CHIEF SECRETARY TO GOVERNMENT OF KERALA

22 JAN 2019

No.803512/~~PR~~ AR 12(1)/2016/P&ARD 301 P & AR (12) Department

Circulation Note

2233-2241 of 2250. With reference to the orders on prepare

The legal opinion of the Advocate General regarding providing reservation to all the Streams of KAS may kindly be seen. The Advocate General has opined that in service jurisprudence there are only 3 methods of recruitment, those are direct recruitment, promotion and by transfer. In the State of Kerala there is no provision for reservation in promotion and by transfer. If the method of recruitment in Streams II and III are continued to be recruitment from regular employees or approved probationers in Government Departments below the first gazetted post and Stream III from recruitment from candidates holding first gazetted post or above in Government Departments, that would not have any change in the nature of appointment and the method of recruitment in Streams II and III would continue to be by transfer.

226. The recruited by transfer is defined in Rule 2(13) of Kerala State and Subordinate Service Rules as follows:-

[2(13) A candidate is said to be "recruited by transfer" to a service-

i. if his appointment to the service is in accordance with the orders issued or rules prescribed for recruitment by transfer to the service; and

ii. if at the time of his first appointment thereto-

(a) He is either a full member or an approved probationer in any other service, the rules for which prescribe a period of probation for members thereof:

→

Provided that where the Special Rules for a service provide for recruitment by transfer to any class or category thereof from any specified class or category of another service, a candidate shall, unless the recruitment is made from a post carrying an identical scale of pay, be a full member or an approved probationer in the class or category so specified: or

(b) he is the holder of a post in any other service for which no probation has been prescribed, and has put in satisfactory service in that post for a period of two years on duty which a continuous period of three years.]

227. Therefore, in his opinion, even if the word by transfer is deleted from Stream II and III and it is substituted by recruitment from service that will not change the character of appointment from by transfer to that of direct recruitment. However, if the method of recruitment to Streams II and III are changed as direct recruitment from among member of service under the State Government below the first gazetted post and by direct recruitment from member of service holding first gazetted post and above under the State Government the character of appointment will become direct recruitment from among the members of service under the State Government. In that event a provision can be incorporated in the Special Rules providing that reservation provided under Rules 14 to 17 of KS&SSR will be applicable in the case of Streams II and III also.

228. The Advocate General has made it clear that the reservation to Streams II & III can be made applicable only if the method of

recruitment is changed from appointment by transfer or recruitment from service as direct recruitment from members of service under the State Government. Hence to apply rules of reservation the Special Rules of KAS has to be suitably amended in respect of Stream II & III by changing the method of recruitment relating to Stream II as "by direct recruitment from the members of service under the State Government holding a post below the first gazetted post" and Stream II as "by direct recruitment from the members of service under the State Government holding first gazetted post and above".

329. The KS&SSR 1958 Part I preliminary rules 2(12) and (13) explain the mode of recruitment to a service.

Rule 2(12) – Recruited direct

Rule 2(13) – Recruited by Transfer.

Rule 2(12) of KS&SSR stipulates that :

[2(12) A candidate is said to be "recruited direct" to a service, class, category or post when, in case the appointment has to be done in consultation with the Commission, on the date of the notification by the Commission inviting applications for the recruitment, and in any other case, at the time of appointment,

(i) he is not in the service of the Government of India or the Government of a State; or

(ii) being in the service of the Government of India or the Government of a State, he satisfies all the qualifications (including age) and other conditions

→

prescribed for such recruitment to that service, class, category or post and is permitted to apply for such recruitment by the competent authority; or

(iii) he holds a post, the conditions of service of the holder of which have been declared to be matters not suitable for regulation by rule.]

230. When direct recruitment is made applicable to Stream II and III, the possibility of general candidates aspiring for the same Streams in accordance with Rule 12 of KS&SSR may be taken into account.

231. At present the posts of Deputy Collector, Administrative Officer, District Educational Officer and Finance Assistant meant for direct recruitment is envisaged to be part of KAS. In addition to the same as per rule 7(f) of KAS Special Rules, the number of posts identified against any post in Schedule III, (10% of the posts in Schedule II) consequent to rounding off to the next lower integer is zero, then an additional posts have to be created. Considering the number of posts of Deputy Collector, Administrative Officer, Finance Assistant and District Educational Officer and the posts to be created, creation of a certain number of posts and enabling direct recruitment by constituting a ~~singe~~ single Stream will pave opportunity for adhering to general reservation rules and entry of young talents into KAS, instead of setting apart 10% of the posts from various departments. This may also ensure a smooth and speedy selection process for KAS, the possibility of which may be explored too.

→

35

309

AR

No.803512/~~PR~~ 12(1)/2016/P&ARD **P & AR (12) Department**

232) The file is submitted for kind perusal and orders of Hon'ble Chief Minister, vide orders on page 223 N and P 223 Y.
(It may also kindly be noted that the draft- minute put-up as per page 222 N is not seen enclosed in this file on return with orders vide page 223 N).

13/2/19

13/2/19

13/2/19

GOPAL V. S.
Joint Secretary to Government
Personnel & Administrative Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

13/2

ഒ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്

Secretary (P&ARD)

233) We may agree to the suggestions made by AG to satisfy reservation criteria in Stream II & Stream III.

For orders.

Principal Secretary (P&ARD)

11/3/19

Tom Jose
Chief Secretary

6/3/19

G. KAMALA VARDHANA RAO
Principal Secretary
Personnel and Administrative Reforms Department
Government Secretariat
Thiruvananthapuram.

19 FEB 2019
CS

234) **05.03.2019** -ലെ മന്ത്രിസഭാ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുക

7/3

Chief Secretary

6/3/19

പിണറായി വിജയൻ
മുഖ്യമന്ത്രി

CM

OFFICE OF THE CHIEF MINISTER
KERALA THIRUVANANTHAPURAM
26/2
01 MAR 2019

Seey

7/3

ഒ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്

85

311

2931-O.A

(05.03.2019)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

235) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിയമന രീതി പ്രകാരം മൂന്ന് സ്ട്രീമുകളുണ്ട്. ഇതിൽ ഒരു സ്ട്രീമിൽ മാത്രമാണ് സംവരണം ബാധകമാക്കിയിട്ടുള്ളത്. മറ്റ് രണ്ട് വിഭാഗങ്ങളും ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റ നിയമനമായതിനാൽ, സംവരണം ബാധകമാക്കേണ്ടതില്ലെന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിരുന്നു.

236) പല ജനപ്രതിനിധികളും സംഘടനകളും വ്യക്തികളും മറ്റ് രണ്ട് വിഭാഗത്തിൽക്കൂടി സംവരണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. പട്ടികജാതി-പട്ടികവർഗ കമ്മീഷനും ഇത്തരത്തിലൊരു ശിപാർശ സർക്കാരിന് നൽകുകയുണ്ടായി.

237) ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിൽ കൂടി സംവരണം ഏർപ്പെടുത്താനുള്ള സാധ്യത പരിശോധിച്ച് നിയമോപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശിച്ചിരുന്നു. അഡ്വക്കേറ്റ് ജനറൽ ഇക്കാര്യത്തിൽ 30.01.2019-ന് സർക്കാരിന് നിയമോപദേശം നൽകി. നിലവിൽ കെ.എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചില ഭേദഗതി

നടപടികൾ പി.എസ്.സിയുടെ അനുമതിയോടെ പുറപ്പെടുവിക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

23) ചട്ടം 12 (a) ൽ സ്ട്രീം II-ൽ 'By Transfer Recruitment' എന്നതിനു പകരം 'By Direct Recruitment from Members of Service under the State Government holding a post below the first Gazetted Post'' എന്നും സ്ട്രീം III-ൽ ''By Transfer Appointment'' എന്നതിനു പകരം "By Direct Recruitment from the members of Service under the State Government hold first Gazetted Post and above" എന്നും വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി കെ.എ.എസിന്റെ മൂന്ന് സ്ട്രീമുകളിലും സംവരണം നടപ്പാക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

തീരുമാനിക്കേണ്ട വിഷയം

24) നിലവിൽ കെ.എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചില ഭേദഗതി നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതോടൊപ്പം, അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശമനുസരിച്ച് കെ.എ.എസിനെ വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാമോ?

* * *

12



315

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 05-03-2019

ഇനം നം: 2931
O.A.

240) വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

241) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

Leg B

317

ചംക്രമണ കുറിപ്പ്

242) 5.3.2019 ലെ മന്ത്രിസഭാ യോഗതീരുമാനത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെ.എ.എസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചിട്ടുണ്ട്. ആയതും കൂടി ഉൾപ്പെടുത്തി KPSC യുടെ അഭിപ്രായവും നിയമസഭയുടെ ഭേദഗതി നിർദ്ദേശവും ഉൾപ്പെടെയുള്ള കരട് ഭേദഗതി വിജ്ഞാപനം ~~അച്ചടി~~ ~~മലയാളത്തിലുള്ള~~ വായനക്കും ഉത്തരവിനുമായി സമർപ്പിക്കുന്നു.

18/3/19

18/3/19

Chitra 18/3/19

CHITRA. M. S
Under Secretary to Govt.
P&AR Department
Government Secretariat
Thiruvananthapuram

J.S

243) മുൻ വസ്തികയിലെ കുറിപ്പും കരട് 234-ാം വസ്തികയിലെ നിർദ്ദേശവും കണക്കിലെടുത്ത് കരട് വിജ്ഞാപനം ഭേദഗതി സുമതപരിശോധനക്കായി നിയമ വകുപ്പിലേക്ക് കൈമാറുന്നതാണ്.

Gopal 18/3/19

GOPAL V. S.
Joint Secretary to Government
Personnel & Administrative
Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secretary (P&ARD)

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ്
6182
20 MAR 2019
നിയമ വകുപ്പ്

Law Department

425/19

18/3/19

കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

143

244) ഭരണവകുപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ച് 2018-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസിന്റെ (KAS Rules) ഭേദഗതി ചട്ടങ്ങൾ 203, 204 ഖണ്ഡികകൾ പ്രകാരം ഈ വകുപ്പിൽ നിന്നും നൽകിയിരുന്നു.

245) 2018-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസിനെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില ഭേദഗതി നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നു. "Regular employee or approved probationer" എന്നത് "full member or approved probationer" എന്ന് ഭേദഗതി ചെയ്യുവാനും, "KAS Officer (Junior Time Scale)" എന്നത് "KAS Officer (Junior Time Scale) Trainee" എന്ന് ഭേദഗതി ചെയ്യുന്നതിനും, Stream-II-ലെ പ്രായപരിധി 50 വയസ്സാക്കാനും, ഭിന്നശേഷിക്കാരുടെ സംവരണം സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും, ട്രാൻസ്ജെന്റേഴ്സിനെ സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി എന്നുകാണുന്നു. കമ്മീഷന്റെ ഏതൊക്കെ നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നത് സംബന്ധിച്ച് ഫയലിൽ ഉത്തരവായി കാണുന്നില്ല.

246) കൂടാതെ, 30/01/2019 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം 05/03/2019 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം Stream-II-ൽ "By Transfer recruitment" എന്നതിനു പകരം "By direct recruitment from members of service under the State Government holding a post below the first Gazetted post" എന്നും Stream-III-ൽ "By Transfer appointment" എന്നതിനു പകരം "By Transfer recruitment from the members of service under the State Government holding first Gazetted post and above" എന്നും വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചതായി കാണുന്നു.

247) ഭരണവകുപ്പ് ലഭ്യമാക്കിയ കരട് ഭേദഗതി ചട്ടങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയിട്ടുള്ളതായും എന്നാൽ അഡ്വക്കേറ്റ് ജനറലിന്റെ

നം.6182/ലെഗ്.ബി1/2019/നിയമം
നം.803512/AR12(1)/2016/ഉഭപവ.

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

320

അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 05/03/2019-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരമുള്ള എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയിട്ടില്ല എന്നും കാണുന്നു.

248) ആയതിനാൽ മേൽപറഞ്ഞ വസ്തുതകൾ പരിശോധിച്ചതിനു ശേഷം ഭേദഗതി നിർദ്ദേശങ്ങൾ 05/03/2019-ലെ മന്ത്രിസഭായോഗ തീരുമാനത്തിന് അനുസൃതമായ എല്ലാ ഭേദഗതി നിർദ്ദേശങ്ങളും ഉൾപ്പെടെയുള്ള കരട് ഭേദഗതി ചട്ടങ്ങൾ നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

ബി.ജി.ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

6182/ലെഗ്.ബി1/2019/നിയമം
803512/AR12(1)/2016/ഉഭപവ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്



ചംക്രമണ കുറിപ്പ്

249. കെ.എ.എസ്. വിശേഷാൽ ചട്ടങ്ങളിലെ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് മുൻ ഖണ്ഡികയിലെ നിയമ വകുപ്പിന്റെ അഭിപ്രായത്തിലേയ്ക്ക് സദയം ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത വകുപ്പ് സൃഷ്ടീകരണം ആവശ്യപ്പെട്ട വിഷയങ്ങളിലുള്ള വിശദീകരണം ചുവടെ ചേർക്കുന്നു.

	നിയമ വകുപ്പിന്റെ അഭിപ്രായം	വിശദീകരണം
1.	'Regular employee or approved probationer' എന്നത് 'full member or approved probationer' എന്ന KPSC യുടെ ഭേദഗതി സംബന്ധിച്ച്	കുറിപ്പ് ഫയൽ ഖണ്ഡിക 179 ലെ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം നിയമ വകുപ്പിന് ഫയൽ സമർപ്പിക്കുകയും പ്രസ്തുത ഭേദഗതി വരുത്തുന്നതിന് നിയമ തടസ്സമില്ലെന്ന് നിയമ വകുപ്പ് കുറിപ്പ് ഫയൽ ഖണ്ഡിക 192 ൽ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.
2.	Stream II പ്രായപരിധി 50 വയസ്സാക്കണം എന്ന KPSC യുടെ നിർദ്ദേശം സംബന്ധിച്ച്.	അംഗീകരിക്കുവാൻ കഴിയില്ല. ഇക്കാര്യം ബഹു. മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയും KPSC ചെയർമാനും ആയി നടത്തിയ കൂടികാഴ്ചയിൽ ധാരണയായിട്ടുണ്ട്.
3.	'KAS Officer (junior Time Scale)' എന്നത് 'KAS Officer (Junior Time Scale) Trainee' എന്ന ഭേദഗതി	ബഹു. മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയും KPSC ചെയർമാനുമായുള്ള കൂടികാഴ്ചയിൽ അംഗീകരിച്ചു കൊണ്ട് ധാരണയായിട്ടുണ്ട്.
4.	ഭിന്നശേഷിക്കാരുടെ സംവരണം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുന്നത്	കുറിപ്പ് ഫയൽ ഖണ്ഡിക 179 ലെ ബഹു. മുഖ്യമന്തിയുടെ ഉത്തരവ് പ്രകാരം നിയമ വകുപ്പിന് സമർപ്പിച്ച ഭിന്നശേഷിക്കാർക്ക് നിയമാനുസൃത സംവരണം അനുവദിക്കാവുന്നതാണെന്ന് നിയമ വകുപ്പ് കുറിപ്പ് ഫയൽ ഖണ്ഡിക 182 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങളിൽ അർഹരായവരെ നിർണ്ണയിക്കുന്നത് സാമൂഹ്യ നീതി വകുപ്പാണ്.

5.	Transgenders നെ സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.	നിലവിൽ പ്രസ്തുത വിഭാഗത്തിനായി പ്രത്യേക നിയമ നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ ആയത് പരിഗണിക്കേണ്ടതില്ലെന്ന് ബഹു. മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയും KPSC ചെയർമാനും ആയി നടത്തിയ കൂടികാഴ്ചയിൽ ധാരണയായിട്ടുണ്ട്.

250. 5.3.2011 (2019) ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കേണ്ടിയിരുന്നത് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശമനുസരിച്ച് കെ.എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാമോ എന്നതായിരുന്നു. ആയത് മന്ത്രിസഭാ യോഗം അംഗീകരിക്കുകയുമുണ്ടായി. എന്നാൽ Stream II ൽ By Transfer Recruitment ന് പകരം 'By direct recruitment from members of service under the State Government holding a post below the first gazetted post' എന്ന് പ്രയോഗിച്ചാൽ Schedule I ൽ ഉൾപ്പെടാത്ത മറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് ടി വിഭാഗത്തിൽ അപേക്ഷിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമാകും. സമാനമായി Stream III ൽ 'By Direct Recruitment from the members of service under the State Government holding first gazetted post and above എന്ന് ഭേദഗതി വരുത്തുന്നത് കെ.എ.എസ്. നായി 10% തസ്തികകൾ നീക്കിവച്ച, Schedule I ൽ ഉൾപ്പെട്ട 29 വകുപ്പുകളുടേയും Common category ൽ ഉൾപ്പെട്ട സമാന തസ്തികകളുടേയും ഭാഗമായ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് മാത്രമായി മത്സരിക്കുവാൻ പരിമിതപ്പെടുത്തിയ സ്ഥിതിവിശേഷം അട്ടിമറിക്കും. ആയതിനാലാണ് വിശേഷാൽ ചട്ടങ്ങളിൽ By Transfer appointment എന്ന വാക്യങ്ങൾക്ക് പകരം By direct recruitment എന്ന വാക്യങ്ങൾ ഉൾപ്പെടുത്തണമെന്ന് ഈ വകുപ്പ് അഭിപ്രായപ്പെട്ടത്.

325

No.803512 /AR12(1)/2016/ഉ.ഭ.പ.വ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

251. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കരട് വിജ്ഞാപനം ചുവടെ വയ്ക്കുന്നു.

252) ഫയൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിക്കുന്നു.

21/5/19

21/5/19

Chitra 23/5/19

CHITRA. M. S
Under Secretary to Govt.
P&AR Department
Government Secretariat
Thiruvananthapuram

JS

253) ഖണ്ഡിക 249-252 വരെയുള്ള കുറിപ്പുകൾ കണക്കിലെടുത്തും. ചുവടെ ചേർത്തിട്ടുള്ള കരട് വിജ്ഞാപനം കാണുന്നതിനുമായി ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. കൂടിനടേശം നൂലട് സൂക്ഷമപരിശോധനക്കുമായി നിയമവകുപ്പിലേക്ക് അയക്കുന്നതാണ്.

Plead below

Gopal 23/5/19

GOPAL. V. S.
Joint Secretary to Government
Personnel & Administrative
Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secretary (P&ARD)
(on leave)

Principal Secretary
(P&ARD)

OFFICE OF THE CHIEF SECRETARY TO GOVERNMENT OF KERALA
24 MAY 2019

30/5/19

Tom Jose
Chief Secretary

G. KAMALAVARDHANA RAO
Principal Secretary
Personnel and Administrative Reforms Department
Government Secretariat
Thiruvananthapuram.

254) **കണ്ടു. 30.06.2019 – ന് മുൻപ് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുക.**

CS

OFFICE OF THE CHIEF MINISTER
5626
30 MAY 2019
KERALA, THIRUVANANTHAPURAM

Tom 5/6

Chief Secretary

31/5/19

പിണറായി വിജയൻ
മുഖ്യമന്ത്രി

CM

Pvt Secy

255) Received on 6/6/19 at 5 PM
H. 6/6/19

AR (2CR)/803572/2016/Pathy 326/Leg.B

Pathy (AR(2)) Dept

257) [illegible]

[illegible]

[illegible]

[

നം. 11724/ലെഗ്.ബി1/2019/നിയമം
നം. 803512/AR12(1)/2016/ഉ.ഭ.പ.വ.

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്
തീയതി: 20/06/2019.

258) 30/01/2019-ലെ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം Kerala Administrative Service-ലെ STREAM 2-ൽ "By Transfer Recruitment" എന്നതിനു പകരം "By Direct Recruitment from the members of service under the State Government holding a post below the first gazetted post" എന്നും STREAM 3-ൽ "By Transfer appointment" എന്നതിനു പകരം "By Direct Recruitment from the members of service under the State Government holding first gazetted post and above" എന്നും ആയിരുന്നു. എന്നാൽ ഭരണവകുപ്പ് കുറിപ്പ് ഫയൽ 249 പ്രകാരം പ്രസ്തുത ഭേദഗതി "By Direct Recruitment" എന്ന് ഭേദഗതി വരുത്തേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചുള്ള ഭേദഗതി ഭരണവകുപ്പ് കരട് ചട്ടങ്ങളിൽ വരുത്തിയതായി കാണുന്നു.

259) കരട് ചട്ടങ്ങളിലെ 8-ാം ചട്ടം (സി) ഉപചട്ടത്തിൽ ഭരണവകുപ്പ് നിർദ്ദേശിച്ച ഭേദഗതികൾക്കനുസൃതമായി 19-ാം ചട്ടം (ബി) ഉപചട്ടത്തിലും ഭേദഗതി ആവശ്യമുള്ളതായി കാണുന്നു. അതനുസരിച്ചുള്ള ഭേദഗതി കരട് ചട്ടങ്ങളിൽ വരുത്തിയിട്ടുണ്ട്. ആയത് ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.

260) മേൽ പ്രസ്താവിച്ചതിനു വിധേയമായി പുതുക്കിയ കരട് ചട്ടങ്ങൾ ഭരണവകുപ്പിന്റെ പരിഗണനയ്ക്കായി കൊടി 'X'-ൽ വെച്ചിരിക്കുന്നു. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണോ എന്നും അതിലെ വിശദാംശങ്ങളുടെ കൃത്യതയും ഭരണവകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

261) Received at 5:15 PM on 22/6/19

അരവിന്ദ ബാബു. പി. കെ.,
നിയമ സെക്രട്ടറി.

നം 11724/ലെഗ്സി1/2019/നിയമം
നം 803512/AR12(1)/2016/ഉ.ഭ.പ.വ

ഭരണവകുപ്പ് പരിശോധിക്കുക

12(1) / 03512 / 2016 / Plg 328 RDR (DR12) Dept

02) ന/മാ വകുപ്പിന്റെ ഉത്തരവുകൾ
നടപ്പിലാക്കുന്നതിലും ഫയൽ
പരിശോധനയിലും വളരെ കുറവ് പുരോഗതി
ഉണ്ടായിട്ടുള്ളതായി കാണുന്നു. ഇതിന്റെ
കാരണം ബന്ധപ്പെട്ട ഓഫീസുകളിൽ
നിന്നും ആവശ്യമായ രേഖകൾ
ലഭ്യമാകാത്തതാണ്. ഇക്കാര്യത്തിൽ
ഓഫീസുകൾക്ക് കർശന നിർദ്ദേശം
നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

24/6/19

24/6/19

24/6/19

263) കുറിപ്പ് ഫയൽ ഖണ്ഡിക (254) ലെ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് ~~പ്രകാരം~~ 6.6.2019 ന് ലഭ്യമായ ഫയൽ അന്നേ ദിവസം തന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ച് നൽകുകയുണ്ടായി.

264) പ്രസ്തുത ഫയൽ നിയമ വകുപ്പിന്റെ നിർദ്ദേശങ്ങൾ സഹിതം ഈ വകുപ്പിൽ തിരികെ ലഭിച്ചത് 22.6.2019 ന് ആണ്. 24.6.2019 ന് കരട് ഭേദഗതി വിജ്ഞാപനം പി.എസ്.സി. യുടെ നിർദ്ദേശങ്ങൾക്കായി അയയ്ക്കുകയുണ്ടായി. എന്നാൽ പി.എസ്.സി. യിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകാത്തതിനാൽ 30.6.2019-ന് മുമ്പ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ~~കഴിഞ്ഞില്ലെന്ന~~ സാധിച്ചിട്ടില്ല. ~~അറിയിക്കുന്നു~~. പി.എസ്.സി. യുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും തുടർന്ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ്.

265) കെ.എ.എസ്.-ൽ ഭിന്നശേഷിക്കാരുടെ സംവരണം ~~സംബന്ധിച്ച് വ്യക്തത വരുത്തേണ്ട സാഹചര്യം നിലവിലുള്ളതിനാൽ~~ സാമൂഹ്യനീതി വകുപ്പിനോട് യുദ്ധകാലാടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

330

No.803512 /AR12(1)/2016/ഉ.ഭ.പ.വ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

266) ഫയൽ ബഹു. മുഖ്യമന്ത്രിയുടെ വായനയ്ക്കും

ഉത്തരവിനുമായി സമർപ്പിക്കുന്നു.

h 1/7/19

3/7/19

Chitra 1/7/19

CHITRA. M. S
Under Secretary to Govt.
P&ARD Department
Government Secretariat
Thiruvananthapuram

Gopal 1/7/19

GOPAL V. S.
Joint Secretary to Government
Personnel & Administrative Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secretary (P&ARD)

Principal Secretary (P&ARD)

OFFICE OF THE CHIEF MINISTER
7448
03 JUL 2019
KERALA THIRUVANANTHAPURAM

OFFICE OF THE CHIEF SECRETARY TO GOVERNMENT OF KERALA
03 JUL 2019

കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്

3/7/19

CS

Tom Jose
Chief Secretary

267) 03.07.2019 ന് PSC അഭിപ്രായം നൽകിയിട്ടുള്ളത് പരിശോധിച്ച് ഭേദഗതി വിജ്ഞാപനത്തിന്റെ കരട് നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് നൽകി 10.07.2019 ലെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

3/7/19

പിണറായി വിജയൻ
മുഖ്യമന്ത്രി

268) Urgent

CM

Tom

4/7/19

Chief Secretary

Pol Secy

P&ARD

268) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം രേഖപ്പെടുത്തിയ കത്ത് നടപ്പ് ഫയൽ പുറം 2289-ൽ കണ്ടാലും. പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള കരട് ഭേദഗതി വിജ്ഞാപനം ബഹു. മുഖ്യമന്ത്രിയുടെ കുറിപ്പ് ഫയൽ ഖണ്ഡിക 267-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി നൽകാവുന്നതാണ്. 10.7.2019 ലെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതിനാൽ ഫയൽ പരിശോധിച്ച് ഇന്നതന്നെ അഭിപ്രായം ലഭ്യമാക്കുവാൻ നിയമ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

~~269)~~ ഉത്തരവിനായി.

5/7/19

3/5/7/19

JS

Chitra 5/7/19

CHITRA. M. S
Under Secretary to Govt.
P&AR Department
Government Secretariat
Thiruvananthapuram

270) Kindly see the order of the Hon'ble CM at para 267 y. Draft notification for amending KAS Rules vetted by the Law Dept earlier may be seen in P 2269-2283 y. opinion of KPSC in

→

80 3512 /AR12(1)/2016/P&ARD P&AR (AR12) Dept.

this regard may be seen on P2289-2290/C.
A revised draft notification prepared incorporating the suggestions of KPSC is placed below. Law Dept may be requested to scrutinise the draft Notification. After vetting by the Law Dept draft note for the Council of Ministers has to be prepared and circulated to the Hon'ble CM for approval. Hence Law Dept may be requested to return the file with remarks during the course of the day itself considering the time limit involved in the matter.

5/7/19
GOPAL V.S.
Joint Secretary to Government
Personnel & Administrative Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secty (P&ARD)

5/7

കെ.ഗോപാലകൃഷ്ണ പിള്ള ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്

Law Secretary

888/19

14388
05 JUL 2019

നം. 14388/ലെഗ്.ബി1/2019/നിയമം — 333 — നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

നം.803512/AR.12(1)/2016/P&ARD

തീയതി: 05/07/2019.

Received on 6/7/19 at 3.00PM

271) കൊടി "X'-ലെ കരട് ഭേദഗതി ചട്ടങ്ങൾ ഭേദഗതികൾ വരുത്തിയ പ്രകാരം ക്രമത്തിലാണ്. ആയതിലെ വിശദാംശങ്ങളുടെ കൃത്യത ഭരണവകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

നിയമ സെക്രട്ടറി,
പി.കെ. അരവിന്ദ ബാബുവിനു വേണ്ടി.

272) ഇൻ ചട്ടങ്ങൾ നിലവിലുള്ള നിയമനങ്ങളെ ബാധിക്കുന്നതല്ല. കെ.പി.എസ്.സി. (267) ന്റെ ശുപാർശ പ്രകാരമുള്ള നിയമനങ്ങൾ KAS ട്രെയിനി നിയമനങ്ങൾ ഇതിനു പുറമേ ലോഗോയുടെ ആധികാരികത സർട്ടിഫൈ ചെയ്യുന്നതാണ്.

G. KAMALAVARDHANA RAO
Principal Secretary
Personnel and Administrative Reforms Department
Government Secretariat
Thiruvananthapuram.

ഇതിനു പുറമേ ലോഗോ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള നിബന്ധനകൾ.

6/7/19

6/7/19

Chitra 6/7/19

CHITRA. M. S
Under Secretary to Govt.
P.A.R. Department
Government Secretariat
Thiruvananthapuram

334

SO 3512/AR12(1)/2016/P&ARD P&AR (AR12) Dept

273) Kindly see the orders in Para 267 g. Remarks of Law Dept in the matter may be seen in Para 271 g. Draft-Note for the Council of Ministers in Malayalam and English are placed below for approval.

6/7/19
GOPAL V. S.
Joint Secretary to Government
Personnel & Administrative Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secretary (P&ARD)

6/7

കെ.ഗോപാലകൃഷ്ണ പിള്ള, ഐ.എ.എസ്.
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

Principal Secretary (P&ARD)

8/7

G. KAMALA VARDHANA RAO
Principal Secretary
Personnel and Administrative Reforms Department
Government Secretariat
Thiruvananthapuram

OFFICE OF THE CHIEF SECRETARY TO GOVERNMENT OF KERALA
08 JUL 2019

OFFICE OF THE CHIEF MINISTER
7678
08 JUL 2019
KERALA THIRUVANANTHAPURAM

CS

8/7/19
Tom Jose
Chief Secretary

CM

274) അംഗീകരിച്ചു. PSC ആവശ്യപ്പെട്ട പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്ക് നിയമന സംവരണം വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാനാവശ്യമായ നടപടിസ്വീകരിക്കാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടുക.

8/7/19
പിണറായി വിജയൻ
മുഖ്യമന്ത്രി

8035/2/AR 12 (1)/16/P&ARD 335 തുടർച്ച

P&AR(AR 12) വകുപ്പ്

275) ഈ വകുപ്പിലെ ഡപ്യൂട്ടി സെക്രട്ടറി ശ്രീമതി ഗീതയുടെ ഔദ്യോഗിക ചുമതല ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസിലെ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

9/7/19

9/7/19.

Chitra 9/7/19
CHITRA. M. S
Under Secretary to Govt.
P&AR Department
Government Secretariat
Thiruvananthapuram

IS

276) ഈ വകുപ്പിലെ കീഴ് ജീവനക്കാരുടെ അവധി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ഡപ്യൂട്ടി സെക്രട്ടറി (P&AR) ശ്രീമതി ഗീതയ്ക്ക് നൽകി ഉത്തരവാകുന്നു.

Gopal 9/7/19.
GOPAL V.S.
Joint Secretary to Government
Personnel & Administrative
Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

Secretary (P&AR)

9/7
കെ.ഗോപാലകൃഷ്ണൻ ഐ.എ.എസ്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

→

Sectt. 30. 3/425/2016/10 Lakh. GPM. © Govt. of Kerala.

AR1(C)/503512/16/Part-I 336 P&AR (AR12) Dept

277) ധനകാര്യ വകുപ്പിന്റെ (10.7.19) ഫയലുകൾ സംബന്ധിച്ചുള്ള അഡീഷണൽ (മലയാളം-25, ഇംഗ്ലീഷ്-5) ചെയർ Room (ഹാൾ-നമ്പർ) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഉത്തരവാകുന്നു.

9/7/19

9/7/19

278) As per the orders on page 267 & 274/N
25 Copies of the note for the Council of Ministers in Malayalam and Five Copies of its English version are placed below.
May be forwarded to GA(SC) Dept for further action.

9/7/19

GA (SC) Dept-

GOPAL V. S.
Joint Secretary to Government
Personnel & Administrative
Reforms Department, Secretariat
Govt. of Kerala, Thiruvananthapuram

337

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 10-07-2019

(279) ഫയൽ നം.8ഗ3512/എ.ആർ.12(1)/2016/ഉ.ഭ.പ.വ. ഇനം നം: 3170

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഭേദഗതി ചട്ടങ്ങൾ (2019).

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

JS

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

11/7/19

2019 ജൂൺ വരെയുള്ള പ്രധാന അംഗീകരിച്ച
തീരുമാനങ്ങൾ ചുരുക്കി വിജ്ഞാപനം
ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ. പ്രിന്റിൽ ഉൾ
പ്പെടുത്തിയിട്ടുള്ള തീരുമാനങ്ങൾ
ഉൾപ്പെടുത്തി വിജ്ഞാപനം, ഉടൻ തന്നെ പ്രസിദ്ധീ
കരിക്കുക.

12/7/19 10/7/19.

AR (C) / 3512 / 16 / R.Apl 338

P.AR (Mandya)

2

28) ಶ್ರೀ ಎಂ.ಎಸ್. ಮಹೇಶ್ ಕುಮಾರ್ (2013)
SRO 466/19 ದಿನಾಂಕ 11.7.19ರ
ಅ-ಗಣಕ ಯಂತ್ರ ಆಪರೇಟರ್ಸ್‌ರವರನ್ನು
ಸಾಮಾನ್ಯ ವರ್ಗಾವಣೆ ಮೂಲಕ
ಸಾರಿಗೆ ಪ್ರಾಧಿಕಾರ ಮಂಡ್ಯ ಘಟಕ
ಇಲ್ಲಿಗೆ ಸಾರಿಗೆ ಪ್ರಾಧಿಕಾರ ಮಂಡ್ಯ ಘಟಕದಿಂದ
ಬೆಂಗಳೂರು ಕೇಂದ್ರೀಯ ಕಛೇರಿಗೆ ವರ್ಗಾವಣೆ
ಮಾಡಿರುವ ಆದೇಶದಲ್ಲಿ ಬೆಂಗಳೂರು ಕೇಂದ್ರೀಯ ಕಛೇರಿಗೆ
ಸಾರಿಗೆ ಪ್ರಾಧಿಕಾರ ಮಂಡ್ಯ ಘಟಕದಿಂದ
ಸಾರಿಗೆ ಪ್ರಾಧಿಕಾರ ಮಂಡ್ಯ ಘಟಕಕ್ಕ